നിന്നാണ് ഉൽപ്പാദിപ്പിക്കുന്നത്. അത് നിങ്ങളുടെ ഭരണ നേട്ടമാണെന്ന് പറയുന്നു. ഇക്കാര്യത്തെക്കുറിച്ച് അഞ്ചുകൊല്ലം ഇരുന്നിട്ട് റൂൾ 58 അനുസരിച്ച് ഉന്നയിക്കാൻ കഴിയാത്ത നിങ്ങൾ ഈ അസംബ്ളി പിരിയാൻ നേരത്ത് മറുപടി പറയണമെന്ന് പറഞ്ഞാൽ അതൊക്കെ ജനം കാണുന്നില്ലേ ശ്രീ. കോടിയേരീ? അഞ്ചുകൊല്ലം ഇരുന്നിട്ട് നിങ്ങൾക്ക് റെയ്സ് ചെയ്യാൻ സാധിച്ചോ? ആ പദ്ധതിയുള്ളതുകൊണ്ടാണ് ഈ സംസ്ഥാനത്ത് ഇരുട്ട് ഇല്ലാതെവന്നത്. ആ പദ്ധതി ഉണ്ടാക്കിയത് ശ്രീ. പത്മരാജൻ വക്കീൽ ആണ് എന്നുള്ളതിന്റെ തെളിവല്ലേ അദ്ദേഹത്തിന്റെ പേരിൽ അഴിമതിയാരോപണം നിങ്ങൾ ഉന്നയിക്കുന്നത്? അല്ലെങ്കിൽ അദ്ദേഹത്തിന്റെ പേരിൽ അഴിമതി ആരോപണം വരുമോ? ഇപ്പോൾ അത് നിങ്ങളുടെ ഭരണ നേട്ടം. ബ്രഹ്മപുരം ശ്രീ. പത്മരാജന്റെ കാലത്തല്ല; ഇവരുടെ കാലത്താണ് എന്നു പറയുന്നു. എന്നാൽ നിങ്ങളുടെ പേരിൽ കേസ്സെടുക്കണം, നിങ്ങളുടെ പേരിൽ നടപടി ഉണ്ടാകണം. ബ്രഹ്മപുരം തുടങ്ങിയത് ശ്രീ. പത്മരാജൻ വക്കീൽ. അതിന്റെ എല്ലാ ഏർപ്പാടും ചെയ്തത് ശ്രീ. പത്മരാജൻ വക്കീൽ. വർക്കുകൾ നടത്തിയത് ശ്രീ. പത്മരാജൻ വക്കീൽ. അത് നിങ്ങൾ സമ്മതിക്കാൻ തയ്യാറില്ല. ഇനി അന്വേഷണമൊന്നും വേണ്ട കാലം കഴിയുകയല്ലേ? അതിന് ശേഷം മന്ത്രിയുടെ പേരിൽ പാർട്ടി ഒരു നടപടി എടുക്ക്. ബ്രഹ്മപുരം നിങ്ങളുടേതല്ലേ? അതിനു ഞാനാണോ മറുപടി പറയേണ്ടത്? അതുകൊണ്ട് ഞാൻ ഒരു കാര്യം പറയുന്നു..... (ബഹളം)..... കായംകുളം 359 മെഗാവാട്ട്. എൻ.ടി.പി.സി.യുടേത്. അത് വലുതാണ്. 128 മെഗാവാട്ട് ബ്രഹ്മപുരം, 240 മെഗാവാട്ട് ലോവർ പെരിയാർ ഇവർ വന്ന് രണ്ട് മാസം കഴിഞ്ഞപ്പോൾ 240 മെഗാവാട്ട് രണ്ട് മാസംകൊണ്ട് ഉണ്ടാക്കിയതാണ്. ശ്രീ. ബാലകൃഷ്ണപിള്ളയുടെ കാലത്ത് തുടങ്ങിയതല്ലേ? രണ്ട് മാസം നിങ്ങൾ സമരം സംഘടിപ്പിച്ചു. ഇല്ലെങ്കിൽ അത് ശ്രീ. കാർത്തികേയൻ ഉദ്ഘാടനം ചെയ്യുമായിരുന്നു. അതും നിങ്ങളുടെ അക്കൗണ്ടിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എട്ടുകാലി മമ്മൂഞ്ഞിന്റെ സ്വഭാവമാണിത്. ഞാൻ കൂടുതൽ പറയുന്നില്ല. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(2) കുറ്റ്യാടി വിപുലീകരണ പദ്ധതി നടപ്പിലാക്കിയതിലുണ്ടായ നഷ്ടത്തെക്കുറിച്ച് സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച്

ഡോ. തോമസ് ഐസക്: സർ, "കുറ്റ്യാടി വിപുലീകരണ പദ്ധതി നടപ്പാക്കിയതിൽ സംസ്ഥാന ഖജനാവിന് 201.4 കോടി രൂപയുടെ നഷ്ടം സംഭവിച്ചത് സംബന്ധിച്ച് സി. ആന്റ് എ.ജി.യുടെ 2004 മാർച്ച് 31-ന് അവസാനിച്ച റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച് സഭ ചർച്ച ചെയ്യണം" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: പത്തുമിനിട്ട് മറുപടിക്ക് അനുവദിച്ചിരുന്ന മന്ത്രി അമ്പത് മിനിട്ട് എടുത്ത് സംസാരിച്ചിട്ടും ഒരുവട്ടം ന്യായമായി വഴങ്ങാൻ തയ്യാറായില്ലെങ്കിലും ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിനോട് പറയാനുള്ളത്, അങ്ങ് എപ്പോൾ എഴുന്നേറ്റാലും വഴങ്ങാൻ ഞാൻ തയ്യാറാണ് എന്നുള്ളതാണ്. ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. ജി. കാർത്തികേയനെ പ്രതിക്കൂട്ടിൽ കയറ്റാൻ നിവൃത്തിയില്ല. അതുകൊണ്ട് അങ്ങ് എപ്പോൾ എഴുന്നേറ്റാലും ഞാൻ വഴങ്ങാനും മറുപടി പറയാനും തയ്യാറാണ്. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം ഈ സഭ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത് ഒരു പ്രത്യേക കാരണത്താലാണ്. 374 കോടി രൂപയ്ക്ക് ആനുപാതികമായ നേട്ടം ഉണ്ടായിട്ടില്ല എന്നുള്ള പരാമർശം ഇങ്ങനെ മാസങ്ങൾ ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനത്ത് 201 കോടി രൂപ മുടക്കിയതിന്റെ മുതൽ മുടക്ക് പാഴായിപ്പോയി എന്നുള്ള ഒരു നിഗമനം ചർച്ച ചെയ്യാതെ പോകുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് മാത്രമല്ല സർ, നഷ്ടത്തിന്റെ കണക്കെടുത്താൽ അതിനേക്കാൾ വലുതാണ് കെ.എസ്.ടി.പി.യിൽ സി. ആന്റ് എ.ജി.യുടെ ഈ വർഷത്തെ റിപ്പോർട്ടിലെ പരാമർശം. അതിനേക്കാൾ എത്രയോ വലുതാണ് ബ്രഹ്മപുരത്തിന്റെ നഷ്ടം. ആ നഷ്ടത്തിന്റെ വലിപ്പംകൊണ്ട് മാത്രമല്ല ഇപ്പോൾ ഏതാണ്ട് രണ്ടര മണിക്കൂറുകളോളം ഈ സഭയിൽ നടന്നുകൊണ്ടിരിക്കുന്ന ചർച്ചയിൽ ഉയർന്നുവന്ന ഒട്ടേറെ പ്രശ്നങ്ങൾ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിലെ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള തർക്കം മൂലമുള്ളതാണ്. അതിലേയ്ക്ക് വെളിച്ചം വീശുന്നതിന് പര്യാപ്തമാണ് ഈ കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിനെക്കുറിച്ച് സി. ആന്റ് എ.ജി. നടത്തിയിട്ടുള്ള പരാമർശങ്ങൾ എന്ന് ഞങ്ങൾ കരുതുന്നതുകൊണ്ടാണ് ഇത് ചർച്ചയ്ക്ക് എടുക്കണമെന്ന് പറഞ്ഞത്. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമായാലും പള്ളിവാസൽ, പന്നിയാർ, ശെങ്കുളം തുടങ്ങിയ പദ്ധതികളുടെ പുനരുദ്ധാരണ പരിപാടിക്ക് ആയാലും കരാർ ഉറപ്പാക്കുന്നതിന് മൂന്ന് ഘട്ടങ്ങളുണ്ട്. ഒന്ന്, എസ്.എൻ.സി. ലാവ്‌ലിനുമായി ധാരണാ പത്രം ഒപ്പു വയ്ക്കുന്നു. രണ്ട്, കൺസൾട്ടൻസി കരാർ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന അടിസ്ഥാന കരാരിൽ ഒപ്പു വയ്ക്കുന്നു. മൂന്ന്,. ഇതിന്റെ തുടർച്ചയായി സപ്ലൈകരാർ എന്ന പേരിൽ അറിയപ്പെടുന്ന അനുബന്ധക്കരാർ ഒപ്പു വയ്ക്കുന്നു. ഈ മൂന്ന് ഘട്ടങ്ങളാണ്. ഈ സഭയിലെ തർക്കം എന്താണ്? ഈ സഭയിലെ തർക്കം രണ്ടാമത്തേതിനെക്കുറിച്ചാണ്. അതായത് എം.ഒ.യു. കഴിഞ്ഞ് ഒപ്പു വയ്ക്കുന്ന അടിസ്ഥാന കരാർ വെറുമൊരു കൺസൾട്ടൻസി കരാർ എന്നാണ് പറഞ്ഞത്. സപ്ലൈകരാർ അതിനുശേഷം വരുന്ന അനുബന്ധക്കരാറാണ്. യഥാർത്ഥ കരാർ സപ്ലൈ കരാർ ആണെന്നാണ് പറഞ്ഞത്. ഞങ്ങൾ പറഞ്ഞത് അതല്ല. നിങ്ങൾ ഒപ്പു വയ്ക്കുന്നത് വെറും കൺസൾട്ടൻസി കരാറല്ല; ആ പേര് കണ്ട് ഭ്രമിക്കരുത്. ഒരു കൺസൾട്ടൻസി കരാർ എന്നുള്ളതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടന്നാൽ കൺസൾട്ട് ചെയ്യേണ്ട മേഖലകളെക്കുറിച്ച് മാത്രമല്ല; എന്തെല്ലാം സാമഗ്രികൾ വേണം, അവയുടെ വിലയെന്ത്, അതിന്റെ അടിസ്ഥാനത്തിൽ എത്രയാണ് വായ്പ വേണ്ടത് ഇതെല്ലാം സംബന്ധിച്ചുള്ള തീരുമാനമാനമെടുക്കുന്നത് അപ്പോഴാണ്. അതിന്റെ തുടർച്ചയായാണ് അനുബന്ധക്കരാർ വരുന്നത്. കുറ്റ്യാടിയുടെ ചരിത്രം എടുക്കാം.

കുറ്റ്യാടി 1972-ൽ സ്ഥാപിച്ചതാണ്. 75 മെഗാവാട്ട് സ്ഥാപിത ശേഷി. ഇവിടെ മഴക്കാലത്ത് ഡാമിൽ വെള്ളം കവിഞ്ഞ് ഒഴുകുന്നു. ആ സ്പിൽവേജ് വെള്ളം ഉപയോഗിക്കുന്നതിനുവേണ്ടി 50 മെഗാ വാട്ടിന്റെ ഒരു ജനറേറ്റർകൂടി സ്ഥാപിച്ചു കഴിഞ്ഞാൽ നമ്മുടെ വർഷ കാലത്തെ ഉൽപ്പാദനം കൂടും. അതിനുവേണ്ടി കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ട് 2001-ൽ കമ്മീഷൻ ചെയ്തു. മൂന്നാമത് ഒന്നുകൂടിയുണ്ട്. അതാണ് കുറ്റ്യാടി ഓഗ്മെന്റേഷൻ. വയനാട് റിസർവ്വോയർ പണിത് അവിടെനിന്ന് വെള്ളം ഡൈവർട്ട് ചെയ്ത് അത് കുറ്റ്യാടിയിലേയ്ക്ക് കൊണ്ടുവരിക. അവിടെ ജനറേറ്ററോ ടർബൈനോ ഒന്നുമില്ല. അങ്ങനെ വെള്ളം വന്നു കഴിഞ്ഞാൽ ആ വെള്ളത്തിൽനിന്ന് കറന്റ് ഉൽപാദിപ്പിക്കുന്നതിനുവേണ്ടി കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ സ്കീമിൽ 50 മെഗാവാട്ടിന്റെ രണ്ട് ജനറേറ്ററുകൾ സ്ഥാപിക്കുന്നു. അതിൽ കുറ്റ്യാടി എക്സ്റ്റൻഷന്റെ എം.ഒ.യു. ഒപ്പുവച്ചത് യു.ഡി.എഫ് ആണ്. എന്നാൽ കുറ്റ്യാടി അഡീഷണൽ സ്കീമിന്റെ ടെന്റർ വിളിച്ചത് നമ്മുടെ ഗവൺമെന്റാണ്. കുറ്റ്യാടി എക്സ്റ്റൻഷനും കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷനും തമ്മിൽ വലിപ്പത്തിൽ വലിയ വ്യത്യാസമുണ്ട്. കുറ്റ്യാടി എക്സ്റ്റൻഷൻ 50 മെഗാവാട്ടും മറ്റേത് 100 മെഗാവാട്ടുമാണ്. 5 വർഷം കഴിഞ്ഞ് നടപ്പാക്കുന്നതാണ് 100 മെഗാവാട്ടിന്റെത്. 5 വർഷത്തിനുമുൻപ് 50 മെഗാവാട്ടിന്റെ കരാർ എസ്.എൻ.സി ലാവ്‌ലിനുമായിട്ട് ഉറപ്പിച്ചത് 201 കോടി രൂപയ്ക്കാണ്. 5 വർഷത്തിനുശേഷം ഇതിന്റെ ഇരട്ടി സ്ഥാപിതശേഷിയുള്ള അഡീഷണൽ എക്സ്റ്റൻഷൻ സ്കീമിനുവേണ്ടി ഞങ്ങൾ ഒപ്പുവച്ചത് 168 കോടി രൂപയ്ക്കാണ്. അതിന്റെ ഇരട്ടി സ്ഥാപിതശേഷിയുള്ള വൈദ്യുതനിലയത്തിന് 5 വർഷത്തിനുശേഷം ഒരേ പ്രദേശത്ത്, 201 കോടി രൂപയ്ക്ക് ശ്രീ. പത്മരാജനും, ശ്രീ. ജി. കാർത്തികേയനും ഒപ്പുവച്ചപ്പോൾ എൽ.ഡി.എഫ് സർക്കാർ എസ്.എൻ.സി ലാവ്‌ലിന്റെ പുറകെ പോയില്ല. ടെന്റർ വിളിച്ച് 168 കോടി രൂപയ്ക്ക് കരാർ ഉറപ്പിച്ചു. എന്താണ് ഈ കുറവ് വരാൻ കാരണം? എന്തേ ഞങ്ങൾ അതിന് വ്യത്യസ്ത നിലപാട് എടുക്കാൻ കാരണം? ഇതാണ് ചോദ്യം. അതിലെ എം.ഒ.യു എടുക്ക്. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിന്റെ എം.ഒ.യു ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ 1994 ജൂണിൽ കാനഡയ്ക്ക് പോകുന്നു, 1994 ഡിസംബറിൽ എം.ഒ.യു. ഒപ്പു വയ്ക്കുന്നു. ആ എം.ഒ.യു ഒപ്പു വയ്ക്കുന്നതിനുമുൻപ് എന്തെങ്കിലും ടെക്നോ ഇക്കണോമിക് സ്റ്റഡി നടത്തിയോ? ശ്രീ. കാർത്തികേയൻ, നിങ്ങൾ പളളിവാസലിനെ സംബന്ധിച്ച്, എം.ഒ.യു. കരാർ നടത്തുന്നതിനുമുമ്പ് എസ്.എൻ.സി ലാവ്‌ലിനെ തെരഞ്ഞെടുക്കുന്നതിന് ആഗോള ടെന്റർ വിളിച്ചില്ല, എന്തേ ടെന്റർ വിളിക്കാത്തതെന്ന് സി. ആന്റ് എ.ജി. ചോദിച്ചപ്പോൾ അവിടെയും ടെന്റർ വിളിച്ചില്ല; ഇവിടെയും ടെന്റർ വിളിച്ചില്ല. എസ്.എൻ.സി. ലാവ്‌ലിൻ തന്നെ മതിയെന്ന് തീരുമാനിച്ചു എന്നൊക്കെയാണ് പറഞ്ഞത്. ഇത്ര കോടി രൂപ വായ്പ തരണമെന്ന ധാരണ ഉണ്ടാക്കുന്നതിനുമുമ്പ് വേറെയെവിടെയെങ്കിലും നിങ്ങൾ സാധനങ്ങളുടെ വില ചോദിച്ചോ? സി. ആന്റ് എ.ജി. കുറ്റ്യാടിയെ സംബന്ധിച്ച് പറയുന്നത് (ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ ചെയ്തത്) 1993-ൽ ഭെൽ, 50 മെഗാവാട്ടുള്ള കുറ്റ്യാടി എക്സ്റ്റൻഷന്റെ യന്ത്രങ്ങൾ 16 കോടി രൂപയ്ക്ക് നൽകാമെന്ന് പറഞ്ഞിട്ട് അത് തളളിക്കളഞ്ഞതിനുശേഷമാണ് 81 കോടി രൂപയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എം.ഒ.യു വയ്ക്കാൻ പോയത് എന്നാണ്. അത് നിഷേധിക്കാൻ പറ്റുമോ? അപ്പോൾ നിബന്ധനകൾ പാലിച്ചില്ല; ആഗോള ടെന്റർ വിളിച്ചില്ല. ടെക്നോ ഇക്കണോമിക് സ്റ്റഡി നടത്തിയില്ല; മറ്റു കാര്യങ്ങളൊന്നും ചെയ്തില്ല. എം.ഒ.യു. ഒപ്പുവച്ചു. ശ്രീ. ജി. കാർത്തികേയൻ പള്ളിവാസൽ പദ്ധതിക്ക് എങ്ങനെ എം.ഒ.യു. വച്ചോ അതുപോലെ എസ്.എൻ.സി ലാവ്‌ലിനുമായിട്ട് കുറ്റ്യാടി എക്സ്റ്റെൻഷനിൽ അന്നത്തെ വൈദ്യുതവകുപ്പുമന്ത്രി ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ എം.ഒ.യു ഒപ്പുവച്ചു. അതിന്റെ സ്വഭാവമെന്താണ്? ഈ ചർച്ചയിൽ ഇതുവരെ ആരും ഉയർത്താത്ത ഒരു പ്രശ്നം ഞാൻ പറയാം. എസ്.എൻ.സി ലാവ്‌ലിനും കെ.എസ്. ഇ.ബി-യുമായുള്ള ബന്ധത്തെക്കുറിച്ച് ഈ രണ്ട് വൈദ്യുത വകുപ്പുമന്ത്രിമാരും വിഭാവന ചെയ്തത് ജോയിന്റ് വെഞ്ചർ എന്നാണ്. നിഷേധിക്കാൻ പറ്റുമോ? ഈ ജോയിന്റ് വെഞ്ചർ അടിസ്ഥാനത്തിൽ കുറ്റ്യാടി എക്സ്റ്റെൻഷനും പള്ളിവാസൽ പദ്ധതിയും നടപ്പാക്കാൻ എം.ഒ.യു ഒപ്പു വച്ചു. അതുകഴിഞ്ഞ് 29-5-1996-ൽ ശ്രീ. ജി. കാർത്തികേയൻ ഒപ്പുവച്ചതുപോലെതന്നെ ശ്രീ. പത്മരാജൻ പോയി ഫെബ്രുവരി 1996-ൽ കുറ്റ്യാടി എക്സ്റ്റെൻഷന് അടിസ്ഥാനകരാർ ഒപ്പുവച്ചു. അതിന്റെ പേരും കൺസൾട്ടൻസി കരാർ എന്നുതന്നെയാണ്. ഞാൻ അത് നേരത്തെ വായിച്ചപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു; അതല്ല ഞാൻ പറയുന്നതെന്ന്. ഞാനതിലേയ്ക്കു വരുന്നുണ്ട്. വഴങ്ങാതിരുന്നതിനെക്കുറിച്ച് ഞാൻ പറയാൻ പോകുന്നുണ്ട്. അങ്ങനെ ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ 1995 5-ാം മാസത്തിൽ വച്ച കരാറിന്റെ പേര് Contract for Consultancy Service between KSEB and S.N.C. Lavalin..... എന്നാണ്. കൺസൾട്ടൻസി ഫീസ് 4.85 മില്ല്യൻ ഡോളർ. ഡിസൈനിംഗ്, സൂപ്പർ വിഷൻ, എൻജിനീയറിംഗ് എന്നീ ഒരുപാട് കാര്യങ്ങൾ അതിൽ പറയുന്നുണ്ട്. അതിൽ A(2) ആയിട്ട് calling for and evaluating tenders and award of contract. നേരത്തെ ശ്രീ. കാർത്തികേയൻ വച്ച പള്ളിവാസൽ കൺസൾട്ടൻസി കരാർ എടുത്തിട്ട് കഴിഞ്ഞ ചർച്ചയിൽ മുൻ മന്ത്രി ശ്രീ. കടവൂർ ശിവദാസൻ വാദിച്ചത് നിങ്ങൾ ടെന്റർ വിളിക്കാതെ കോൺട്രാക്ട് കൊടുത്തിരിക്കുന്നു എന്നാണ്. ടെന്റർ ആഗോളമായി വിളിക്കാതെ എങ്ങനെയാണ് സപ്ലൈയ്ക്ക് കരാർ ഉറപ്പിച്ചത് എന്നു ചോദിച്ചല്ലോ? ഞാൻ പറയുന്നത് ഇവിടെയും ടെന്ററിന്റെ വ്യവസ്ഥയാണ്. അതിനുവേണ്ടി 3 വാല്യം ടെന്റർ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രേഖയുണ്ടാക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതേ മാതൃകയിൽ ഒരക്ഷരം പോലും വ്യത്യാസമില്ലാത്ത കരാറാണ് ശ്രീ. ജി. കാർത്തികേയൻ പള്ളിവാസലിനുവേണ്ടി ഒപ്പുവച്ചത്. ഇതു രണ്ടും ഒന്നുതന്നെയാണ്. പേരിലും തുകയിലും വ്യത്യാസം മാത്രം. ഇനിയടുത്ത സ്റ്റെപ്പ് - ഇതുവരെ ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ ആയിരുന്നു. ഇനി മന്ത്രി മാറുകയാണ്. ശ്രീ. ജി. കാർത്തികേയൻ ഫെബ്രുവരി 24-ന് 1996-ൽ കാനഡയ്ക്ക് പോകുന്നു. കുറ്റ്യാടിക്ക് അനുബന്ധ കരാർ ഒപ്പു വയ്ക്കുന്നു. എന്താണ് ഇതിന്റെ പേര്? ഇത് പറഞ്ഞപ്പോൾ ആണ് ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ്, നിങ്ങൾ വേറെയെന്തോ പറയുന്നുവെന്ന് പറഞ്ഞു മാറിയത്. ഞാൻ വായിക്കാം. ഒപ്പു വച്ച കരാറിന്റെ പേര് Addendum Number– 'I to the contract for consultancy services'-കുറ്റ്യാടിക്ക്. ഞാൻ ശ്രീ. ആര്യാടൻ

മുഹമ്മദിനെ വെല്ലുവിളിക്കുന്നു. വഴങ്ങിത്തരാം. നിങ്ങൾ അഡന്റം നമ്പർ-1 പള്ളിവാസൽ എടുത്തിട്ട് ഇതല്ല ടൈറ്റിലെന്ന് കാണിച്ചു തരാൻ പറ്റുമോ? എടുക്കൂ..... കാണിക്കൂ.....

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ഏതുവേണമെങ്കിലും എടുത്തോളൂ. ഞാനൊരു കാര്യം പറയാം.

ഡോ. തോമസ് ഐസക്: കാണിച്ചു തരിക.

ശ്രീ. ആര്യാടൻ മുഹമ്മദ്: നിങ്ങൾക്ക് കാണിക്കാൻ കഴിയും. ഏത്..... ഞാൻ പറഞ്ഞതും അങ്ങ് പറയുന്നതും വേറെയൊന്ന്. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ എന്നിവയാണല്ലോ റീഹാബിലിറ്റേഷൻ പ്രോജക്റ്റ്സ്. അതിൽ സപ്ലൈ കാരാർ ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. കാണിക്കുമോ? കാണിച്ചു തരാൻ കഴിയുമോ? ഞാൻ വെല്ലുവിളിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ പറയുന്നത്, Contract for consultancy services for the 3 projects were signed with M/S. SNC Lavalin on 24 February, 1996. Subsequently the supply of materials required for the RM works was also entrusted with SNC Lavalin എന്ന് വ്യക്തമായി ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. ആ കോൺട്രാക്ട് കരാറും കൂടെ ചേർത്തിട്ടാണ് കൊടുത്തത് ..... (ബഹളം) .....

ശ്രീ. ആര്യാടൻ മുഹമ്മദ്: അതു വേറെ. ഇതു വേറെ. രണ്ടും രണ്ടാണ്. .....(ബഹളം).....

ഡോ. തോമസ് ഐസക്: ശരി. ഞാൻ വഴങ്ങി. എന്റെ അഭിപ്രായം ഞാൻ പറയട്ടെ. പള്ളിവാസൽ സംബന്ധിച്ച് കൺസൾട്ടൻസി കരാർ വച്ചിട്ട് അത് സപ്ലൈ കരാറാക്കി മാറ്റിയെന്നാണല്ലോ നിങ്ങളുടെ ആരോപണവും വ്യാഖ്യാനവും. ശ്രീ. ജി. കാർത്തികേയൻ എന്നെങ്കിലും എവിടെയെങ്കിലും സപ്ലൈ കരാർ വച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് ഇവിടുത്തെ കൺസൾട്ടൻസി കരാർ പോലെ തന്നെയാണ് ശ്രീ. സി. വി. പത്മരാജൻ കുറ്റിയാടി കൺസൾട്ടൻസി കരാർ വച്ചിരിക്കുന്നത് എന്നാണ് പറഞ്ഞത്. ഏതാനും മാസം കഴിഞ്ഞപ്പോൾ ശ്രീ. ജി. കാർത്തികേയൻ പോയി. പോയിട്ട് നിങ്ങളിപ്പോൾ സപ്ലൈ കരാർ എന്ന് വ്യാഖ്യാനി ക്കുന്ന അനുബന്ധമുണ്ടല്ലോ അതുതന്നെ ഒപ്പുവച്ചു. അതിൽ വളളിപുള്ളി വ്യത്യാസമില്ല. ഈ അനുബന്ധം കരാറിന്റെ ടൈറ്റിൽ ഒന്നുതന്നെയാണ്. ശ്രീ. ആര്യാടൻ മുഹമ്മദിന് ഇപ്പോൾ കാര്യം മനസ്സിലായിട്ടുണ്ട്. കുറ്റ്യാടി ചർച്ച ചെയ്യണമെന്നുപറഞ്ഞതിന്റെ കാര്യം മനസ്സിലായി. എന്താണ്? ഒരേ അച്ചിൽ വാർത്ത പരിപാടിയാണിത്. രണ്ടും ആസൂത്രണം ചെയ്തത് യു.ഡി.എഫ്.ന്റെ കാലത്തു തന്നെയാണ്. എം.ഒ.യു. വച്ചു. അടുത്ത സ്റ്റെപ്പായി കൺസൾട്ടൻസി കരാറെന്ന

LIBRARY ARCHIVES Kerala Legislative Assembly

ഓമനപ്പേരിൽ അറിയപ്പെടുന്ന അടിസ്ഥാന കരാർ വയ്ക്കുന്നു. അതിൽ സാധനങ്ങളുടെ വിലയുണ്ട്. എന്തെല്ലാം വേണമെന്നുണ്ട്? അതിന് മൊത്തം വായ്പയെടുക്കുന്നതിനെക്കുറിച്ചുണ്ട്. ഈ കാര്യങ്ങൾ ചെയ്യുന്നതിന് എസ്.എൻ.സി. ലാവ്‌ലിനും കെ.എസ്.ഇ.ബി.യും തമ്മിൽ ജോയിന്റ് വെഞ്ചർ ബന്ധമാണെന്ന് പ്രഖ്യാപിക്കുന്നു. അതിന്റെ തുടർച്ചയായി, അനുബന്ധമായി സപ്ലൈ വരുന്നു. ഇതാണ് കുറ്റ്യാടിയിൽ നടന്നത്. ഇപ്പോൾ അത് ബോധ്യപ്പെട്ട സ്ഥിതിക്ക് ഇനി നമുക്ക് തിരിച്ച് പള്ളിവാസലിലേയ്ക്കുവരാം. അങ്ങനെ ശ്രീ. പിണറായി വിജയന്റെ പ്രതിനിധി സംഘം (മിനിസ്റ്റീരിയൽ ഡെലിഗേഷൻ എന്നുവിളിക്കുന്നത്) പോകുന്നു. പോയിട്ട് എന്താണ് ചെയ്തത്? ചെയ്തകാര്യം ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. 182 കോടി രൂപയ്ക്കുള്ള സാധനസാമഗ്രികൾ, കനേഡിയൻ ഗുഡ്സ് വാങ്ങാമെന്ന് അടിസ്ഥാന കരാറിൽ വച്ചിരുന്നത് ആദ്യം 149 കോടി രൂപയായിട്ടും രണ്ടാമത്തെ റിവിഷനിലൂടെ 131 കോടി രൂപയായിട്ടും കുറച്ചു. കൺസൾട്ടൻസി ഫീസ് 24 കോടി രൂപ വച്ചിരുന്നത് 17 കോടി രൂപയാക്കി. ശ്രീ. ജി. കാർത്തികേയന്റെ കാലത്ത് കൺസൾട്ടൻസി കരാറിൽ പലിശ 7.8% ആ.യിരുന്നത് 6.8% ആക്കി. കമ്മിറ്റുമെന്റ് ചാർജ് 0.5% ആയിരുന്നത് 0.375% ആക്കി. അഡ്മിനിസ്ട്രേഷൻ ഫീസ് 0.75% ആയിരുന്നു ശ്രീ. ജി. കാർത്തികേയന്റെ കാലത്തെങ്കിൽ അത് 0.5% ആക്കിമാറ്റി. എക്സ്പോഷർ ഫീ 6.25% മുതൽ 5.8% വരെയായിരുന്നു അടിസ്ഥാന കരാറിനെങ്കിൽ അത് 4.76% ആയി കുറച്ചു. Sundry Expense ആക്ച്വൽ ആയി വച്ചിരുന്നത്, 0.2% ആയി സീലിംഗ് വച്ചു. ഇതാണ് വരുത്തിയ മാറ്റം. ഇവിടെ പറഞ്ഞ ശ്രീ. രാധാകൃഷ്ണപിള്ളയെ വച്ച് അടിസ്ഥാന കരാറിൽ ഓരോ സാമഗ്രിക്കും ഇന്നയിന്ന വിലയെന്നു നിശ്ചയിച്ചത് അനുസരിച്ചുള്ള വിലയാണ് ഇപ്പോഴും ഉള്ളത്. അതിനേക്കാൾ കൂടുതലില്ല. അതിനേക്കാൾ വിലയുള്ള ഓരോ ഇനത്തിനും വില കുറയ്ക്കാൻ കഴിഞ്ഞു. യു.ഡി.എഫ്.ന്റെ ശ്രീ. ജി. കാർത്തികേയൻ നിശ്ചയിച്ച് ഒപ്പിട്ട വിലയ്ക്ക്, ആ ഫിക്സഡ് പ്രൈസിന് 2001-ലും നിങ്ങൾ സപ്ലൈ ചെയ്യണമെന്നാണ് കരാർ. ഇതുതന്നെയാണ് ശ്രീ. ജി. കാർത്തികേയൻ അവസാന കരാറെന്നു ഇപ്പോൾ പള്ളിവാസലിൽ വിളിക്കുന്ന addendum നമ്പർ ഒന്ന് കുറ്റ്യാടിക്കും ചെയ്തത്. ഒറ്റ വ്യത്യാസം മാത്രമേയുള്ളൂ. ശ്രീ. സി. വി. പത്മരാജൻ വച്ച പലിശ, കമ്മിറ്റുമെന്റ് ചാർജ്ജ്, എക്സ്പോഷർ ഫീ, കൺസൾട്ടൻസി ചാർജ്ജ് എന്നിവയിൽ ഒരു പൈസ കുറച്ചില്ല; ഒരു പൈസ നിങ്ങൾക്ക് കുറയ്ക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ചർച്ചയിൽ എന്തിനാണ് നിങ്ങൾ ഇങ്ങനെ പോയി ഒപ്പിട്ടതെന്ന് ഞാൻ ബഹുമാനപ്പെട്ട ജി. കാർത്തികേയനോട് ചോദിച്ചു; ശ്രീ. സി. വി. പത്മരാജൻ എം.ഒ.യു. ഒപ്പിട്ടതിനുശേഷം, അടിസ്ഥാന കാരർ ഒപ്പിട്ടതിനുശേഷം എനിക്ക് ഇതുവേണ്ട ഞാൻ വേറൊരു ഗ്ലോബൽ ടെണ്ടർ വിളിക്കാൻ പോവുകയാണെന്ന് പറയാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നോ? അല്ലെങ്കിൽ തുടർച്ചയായി ഇത് ഒപ്പിടേണ്ടത് അനിവാര്യമായിരുന്നോ? നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിട്ടും നിങ്ങൾ ചെയ്യാതെ കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയതെന്തിനാണ് ഇൻസ്റ്റലേഷൻ ഉൾപ്പെടെ എന്തൊക്കെയോ പറഞ്ഞല്ലോ, അതുപോലെയാക്കി മാറ്റുന്നതിന് നിങ്ങൾക്ക് വേറെ നിർവ്വാഹമില്ലാത്തതു കൊണ്ടാണോ? ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ജി. കാർത്തികേയൻ ഈ സഭയിൽ കൃത്യമായി മറുപടി പറഞ്ഞില്ല. പറയാൻ പറ്റുന്ന രീതിയിൽ പറഞ്ഞു. എന്താണ് പറഞ്ഞതെന്ന റിയാമോ? ഇതൊരു പാക്കേജാണ്; ഇതെല്ലാം ഒരു പാക്കേജായി വരുന്നതാണ്. അങ്ങനെ നിങ്ങളൊരു പാക്കേജുണ്ടാക്കി, ആ പാക്കേജിന്റെ addendum ആയിട്ട് ഞങ്ങൾ ഒരു കരാർ ഒപ്പുവച്ചു. അതിൽ നിങ്ങൾ വച്ച വില, നിങ്ങൾ വാങ്ങാൻ തീരുമാനിച്ച തുക, നിങ്ങളുടെ പലിശകൾ, എക്സ്പോഷർ ഫീ എല്ലാത്തിലും കുറവുവരുത്തുകയാണ് ചെയ്തിട്ടുള്ളത്. അതാണോ വലിയ പാതകമായി ചെയ്തിട്ടുള്ളത്? അതാണോ വലിയ അഴിമതി? കുറ്റ്യാടിയെക്കുറിച്ചുള്ള സി. ആന്റ് എ.ജി.യുടെ വിമർശന മെന്താണ്? 201 കോടി രൂപയും പാഴായി. എന്തുകൊണ്ടാണ്? വർഷകാലത്ത് നീരൊഴുക്ക് കൂടുമ്പോൾ അധികവെള്ളമുണ്ടാകുന്നു, അത് കവിഞ്ഞുപോകുന്നു. അത് നഷ്ടപ്പെടാതിരിക്കാൻ വേണ്ടിയാണ് ഇപ്പോൾ അഡീഷണൽ ജനറേറ്റർ സ്ഥാപിക്കുന്നത്. ബഹുമാനപ്പെട്ട ജി. കാർത്തികേയൻ അങ്ങു മറുപടി പറയേണ്ട ഒരു ചോദ്യം സി. ആൻഡ് എ.ജി. പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട കാർത്തികേയൻ ഒപ്പിടുന്നതിനുമുമ്പ് തുടക്കത്തിൽ നിങ്ങളൊരു ടെക്നോ ഇക്കണോമിക് സ്റ്റഡി നടത്തി. ആ ടെക്നോ ഇക്കണോമിക് സ്റ്റഡി കാണിച്ചത് ഇത്തരത്തിൽ കരകവിഞ്ഞൊഴുകുന്ന അധികജലം കുറ്റ്യാടിയിൽ ഇല്ലെന്നാണ്. എന്നിട്ട് എന്തിനാണ് ഒപ്പിട്ടത്? എന്തിനാണ് ആ പരിപാടിയുമായി മുന്നോട്ടുപോയത്? നിങ്ങൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നല്ലോ. കാനഡയിൽ പോകുന്നതിന് 8 ദിവസംമുമ്പ് കിട്ടിയ ഇ. ബാലാനന്ദൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ഇവിടെ പറയുന്നുണ്ടല്ലോ. ഇവിടെ ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായി വന്നതിനുശേഷം ഔദ്യോഗികമായി ടെക്നോ ഇക്കണോമിക് സ്റ്റഡിയിൽ അധികവെള്ളമുണ്ടാവില്ലെന്ന് കണ്ടിട്ടും 'ഭെൽ' പറഞ്ഞതിന്റെ മൂന്നിരട്ടി തുക കൊടുക്കേണ്ടിവരുമെന്നറിഞ്ഞിട്ടും എന്തിനാണ് അവസാനം പോയി കരാറിൽ ഒപ്പിട്ടത്? അതിന്റെ ആവശ്യമെന്തായിരുന്നു? സി. ആന്റ് എ.ജി. വേറൊരു കാര്യം പറയുന്നുണ്ട്. പലിശ നിരക്ക് 7.01% ആണ്. പക്ഷേ യഥാർത്ഥത്തിൽ 15.85% വന്നുവെന്നാണ് പറയുന്നത്. എന്നുവച്ചാൽ ചുരുങ്ങിയത് ആയിരത്തിനുമാത്രം 20 കോടി രൂപ നഷ്ടമാണ്. യന്ത്രോപകരണത്തിന് 'ഭെൽ' ക്വോട്ട് ചെയ്തത് മെഗാവാട്ടിന് 0.32% കരാറിലുള്ളത് മെഗാവാട്ടിന് 1.62% നഷ്ടമെത്രയാണ്? 48.5 കോടി രൂപ. ഇത് എക്സ്പോഷർ ഫീയിൽ ഒഴിവാക്കാൻ പറ്റുമോ? കമ്മിറ്റുമെന്റ് ചാർജ് 0.46 ലക്ഷം രൂപ. ഇതെല്ലാം സി. ആൻഡ് എ.ജി. പറഞ്ഞിരിക്കുന്നതാണ്. ഈ അധികച്ചെലവെല്ലാം അടങ്ങുന്ന 201 കോടി രൂപയും ഫലവത്തായില്ലെന്നാണ് അവസാനത്തെ നിഗമനം. എന്നുമാത്രമല്ല, 15 മില്യൺ കനേഡിയൻ ഡോളർ ഗ്രാന്റ് കിട്ടുന്നത് കിട്ടിയിട്ടില്ല. എന്നുപറയുമ്പോൾ, ശ്രീ ആര്യാടൻ മുഹമ്മദ് എപ്പോഴെങ്കിലും മറുപടിയുമായി എഴുന്നേൽക്കുമെന്ന് എനിക്കറിയാം, ഇത് നേരത്തേ നിങ്ങൾ ഈ സഭയിൽ പറഞ്ഞുകഴിഞ്ഞതാണ്. പക്ഷേ അന്ന് ഒരു കാര്യം പറഞ്ഞു, എന്തുകൊണ്ടാണ് പള്ളിവാസൽ പദ്ധതിയിൽ കിട്ടാതെപോയത്, എന്തുകൊണ്ടാണ് ഇപ്പോൾ കിട്ടുന്നത് എന്നുപറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞങ്ങൾ എഗ്രിമെന്റിന്റെ ഭാഗമാക്കി അതിനെ മാറ്റി എന്നാണ്. ഗ്രാന്റ് കമ്പോണന്റ് എന്നത് എത്ര പ്രാവശ്യം ഈ സഭയിയിൽ

LIBRARY ARCHIVES Kerala Legislative Assembly

മുഴങ്ങിയതാണ്. സി. ആന്റ് എ.ജി.യുടെ ഇങ്ങനെയൊരു റിപ്പോർട്ട് വന്നിരിക്കുന്നു എന്നുപറഞ്ഞ് നിങ്ങൾ എസ്.എൻ.സി. ലാവ്‌ലിന് കത്തെഴുതി. അതിനെന്താണ് മറുപടി പറയുക? ലാവ്‌ലിൻ കമ്പനി 2005 മാർച്ച് 11-ന് നിങ്ങൾക്കെഴുതി. അവർ എഴുതിയതിന്റെ ആദ്യം ചില ഭാഗങ്ങൾ വായിക്കാം. അതിൽ ഒന്നാമത്തെ കാര്യം There was no specific M.O.U signed for the grant എന്നാണ്. ഒരു ഗ്രാന്റിനുവേണ്ടി ഒരു എം.ഒ.യു.പോലും സൈൻ ചെയ്തിട്ടില്ല. ഈ സഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഇത് എത്ര പ്രാവശ്യം പറഞ്ഞതാണ്? ശ്രീ. ജി. കാർത്തികേയൻ പറഞ്ഞപ്പോൾ അദ്ദേഹം തലകുലുക്കുന്നത് ഞങ്ങൾ കണ്ടു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. എം. മുരളി)

ഞങ്ങൾ ഈ ഗ്രാന്റു വാങ്ങിക്കാൻ കാരണം, മെയിൻ എഗ്രിമെന്റിന്റെ ഭാഗമായി ഇതു മാറ്റി എന്നുള്ളതുകൊണ്ടാണ്. എസ്എൻ.സി. ലാവ്‌ലിൻ പറയുന്നത് എഗ്രിമെന്റ് പോയിട്ട് എം.ഒ.യു പോലും വച്ചിട്ടില്ലെന്നാണ്. തീർന്നില്ല. There was no agreement whatsoever to transfer any money to K.S.E.B. എന്നിട്ട് പിന്നെ എന്താണുണ്ടായത്? ഒരു ധാരണയുണ്ടായിരുന്നു. എന്താണ് ധാരണ? However, there was an arrangement with the Department of Economic Affairs which deals with bi-lateral aid that the unused portion of a previous 30 million Canadian dollar loan agreement to India and Canada be converted to a grant to improve K.S.E.B. transmission system. "ഇന്ത്യാ സർക്കാരിനു നേരത്തേ കൊടുത്തിരുന്ന ഒരു വായ്പയിൽ ബാക്കി കിടന്നത്, അതു കേരളത്തിൽ അനുയോജ്യമായി വിനിയോഗിക്കാൻ തീരുമാനിച്ചത്, ഞങ്ങൾ തന്ന ഗ്രാന്റായി കണക്കാക്കാം". ഇതാണ് കത്ത്. സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടു വന്നു കഴിഞ്ഞപ്പോൾ ആണ് ഇതെല്ലാം മനസ്സിലാകുന്നത്. എവിടെ ഈ പണം? അവർ പറയുന്നു, ഒരു എഗ്രിമെന്റും ഇല്ല, ഒരു എം.ഒ.യു-ഉം ഇല്ല. മറിച്ച് ഇങ്ങനെയൊരു ധാരണയുണ്ടായിരുന്നു. ആ ധാരണയനുസരിച്ച് ഇങ്ങനെ കിട്ടിയ പണം നിങ്ങൾ അതായി കണക്കാക്കിക്കൊള്ളൂ. ഇതാണ് ഇപ്പോൾ വലിയ വീമ്പിളക്കുന്നത്. പള്ളിവാസലിന്റെ ഭാഗമായി ഉണ്ടായത് എന്താണ്? കെ.എസ്.ഇ.ബി. ചെയർമാൻ ശ്രീ. രാജഗോപാൽ പുതിയ സർക്കാരിന് എഴുതുകയാണ്, "ഇങ്ങനെയൊരു ചർച്ച നിങ്ങൾ നടത്തിയിരുന്നു. ഇങ്ങനെയുള്ള കരാർ എല്ലാം വച്ചിട്ട്, അതിന്റെ തുടർച്ചയായി addendum കരാർ ഒപ്പിട്ടിട്ട് നമുക്ക് എത്രയും വേഗം പ്രോജക്ടുമായി മുന്നോട്ടുപോകാം. അപ്പോൾ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട് 40 കോടി രൂപയുടെ ഗ്രാന്റ് ഇൻ എയിഡുകൂടി തരുന്ന പ്രശ്നം ചർച്ച ചെയ്തിട്ടുണ്ട്. അതു നമുക്ക് പരിഗണിക്കാം". അങ്ങനെയാണ് പള്ളിവാസലിന്റെ ചർച്ചയിലേയ്ക്ക് ഈ ഗ്രാന്റ് കടന്നു വരുന്നത്. എന്താണ് ചെയ്തത്? നിങ്ങൾ ധാരണയിൽ എത്തിക്കൊണ്ടിരുന്നത് 40 കോടി രൂപയ്ക്കാണ്. അതു പോര; അതിനേക്കാൾ കൂടുതൽ വേണം. എം.ഒ.യു വയ്ക്കണം, എഗ്രിമെന്റ് വേണം. കുറ്റ്യാടി എഗ്രിമെന്റ് ഇല്ല. ഒരു എഗ്രിമെന്റ് വേണം. എഗ്രിമെന്റിനു prelude - ആയി ഒരു എം.ഒ.യു, ആ എം.ഒ.യു ഒരിക്കലും ലാപ്സാകില്ല എന്നാണ് ഇവിടെ വാദിച്ചുറപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: മലബാർ കാൻസർ സെന്ററും ഇതുമായി ബന്ധമൊന്നുമില്ല എന്നാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ അങ്ങ് പറയുന്നത് ബന്ധമുണ്ടെന്നാണ്. ഞാൻ അതിശയിച്ചു കേട്ടുകൊണ്ടിരിക്കുകയായിരുന്നു. മലബാർ കാൻസർ സെന്ററിനു ഇതുമായി ബന്ധമില്ല. പ്രതിപക്ഷ ഉപനേതാവിനും താങ്കൾക്കും രണ്ട് അഭിപ്രായം പറയാനുള്ള അവകാശമുണ്ട്. പരസ്പര വിരുദ്ധമായിട്ടു പറയണമെന്ന് ഉദ്ദേശമില്ലെങ്കിൽ, പിന്നെ അതിൽ ഏതാണ് ശരിയെന്നു പറഞ്ഞാൽ കൺഫ്യൂഷൻ ഒഴിവാക്കാമല്ലോ?

ഡോ. തോമസ് ഐസക്: കൺഫ്യൂഷൻ ഒഴിവാക്കിത്തരാം. രണ്ടും ശരി തന്നെയാണ്. 40 കോടി രൂപ ഗ്രാന്റിന്റെ കാര്യം ചർച്ച ചെയ്തിട്ടുണ്ടെന്ന് ശ്രീ. രാജഗോപാൽ പറയുന്നു, ചർച്ച ചെയ്യാൻ പോകുന്നു എന്ന് ചീഫ് മിനിസ്റ്ററും മന്ത്രിയും പറയുന്നു. ഇതു മാത്രമല്ല, ഒരു ഗ്രാന്റ് ആയിട്ടു നിങ്ങൾ തരണം. എന്താണ് ഇവിടെ വൈരുദ്ധ്യമുള്ളത്? നിയമസഭാ ഉപനേതാവും ഞാനുംപറഞ്ഞതിൽ ഒരു വൈരുദ്ധ്യവുമില്ല. നിങ്ങളുടെ മനസ്സിൽ മാത്രമാണ് വൈരുദ്ധ്യം. എം.ഒ.യു.വിന്റെ കാര്യം പറയണം. ഇവിടെ വായിച്ചു. എം.ഒ.യു വായിച്ചിട്ട് Such written notice will be given three months in advance. ഇതു നിർത്തലാക്കുന്നതിന്, കരാർ റദ്ദാക്കുന്നതിന്, എം.ഒ.യു ഇല്ലാതാക്കുന്നതിന് മൂന്നു മാസത്തെ നോട്ടീസ് കൊടുക്കണം. ഇതു വരെ രണ്ടു പേരും നോട്ടീസ് കൊടുത്തിട്ടില്ല. അതുകൊണ്ട് എം.ഒ.യു ഇപ്പോഴുമുണ്ട്. ഞങ്ങൾ എം.ഒ.യു. ഇല്ലാതാക്കിയ, ലാപ്സാക്കിയ പ്രശ്നമേ ഉദിക്കുന്നില്ല എന്നാണ് വാദിച്ചുകൊണ്ടിരുന്നത്. ശ്രീ. പി. ടി. തോമസ് വായിച്ചു കാണില്ല. ശ്രീ. ആര്യാടൻ മുഹമ്മദ് ഒരു പക്ഷേ വായിച്ചാലും അതിനു ശേഷമുള്ള ഒരു സെന്റൻസ് കൂടി വായിക്കണം. Validity of this M.O.U will be 180 days from the date of its Signature. 180 ദിവസത്തിനുള്ളിൽ നിങ്ങൾക്ക് ഇതു റദ്ദാക്കണമെങ്കിൽ നോട്ടീസ് കൊടുക്കണം. 180 ദിവസം കഴിഞ്ഞാൽ നോട്ടീസ് കൊടുത്തില്ലെങ്കിലും ഇതു ലാപ്സായിപ്പോകും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് എഗ്രിമെന്റ് വയ്ക്കുന്നതിൽ തർക്കമുണ്ടായി. എഗ്രിമെന്റ് അയച്ചു തന്നപ്പോൾ, ആ വ്യവസ്ഥകളിൽ അഭിപ്രായവ്യത്യാസമുണ്ടായി. എഗ്രിമെന്റ് ഇതിൽ വയ്ക്കാൻ പാടില്ല. പറഞ്ഞതുപോലെ ചെയ്യണമെന്നു ഞങ്ങൾ ശഠിച്ചു. പക്ഷേ എം.ഒ.യു പുതുക്കിക്കൊണ്ടിരുന്നു. വ്യത്യാസമെന്താണ്? ശ്രീ. എസ്. ശർമ്മ പറഞ്ഞതുപോലെ നിങ്ങളും പറഞ്ഞു എന്നാണ് പറഞ്ഞത്. ആയിക്കോട്ടെ. നിങ്ങൾ എം.ഒ.യു ലാപ്സാകാൻ അനുവദിച്ചു. അതിന്റെ ഫലമായിട്ട് ഇന്ന് എസ്.എൻ.സി. ലാവ്‌ലിൻ പറയുകയാണ്, നിങ്ങൾക്ക് കത്തെഴുതിയല്ലോ? എഗ്രിമെന്റ് ഇല്ല, എം.ഒ.യു ഇല്ല. നമ്മൾ തമ്മിൽ എന്തു ബന്ധം എന്ന് നിങ്ങളോടു ചോദിക്കുകയാണ്. അതാണ് നിങ്ങൾ ചെയ്ത തെറ്റ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പന്നിയാർ - ശെങ്കുളം പദ്ധതിയുടെ ഭാഗമായി മലബാർ കാൻസർ സെന്റർ തരാമെന്നു വാഗ്ദാനം ചെയ്തതുപോലെ, കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീമുമായി ബന്ധപ്പെട്ടുകൊണ്ട് അവർ ഒരു വാഗ്ദാനം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയതായി കാണുന്നുണ്ട്. ഒരു വെൽഡിംഗ് സ്കൂൾ സ്ഥാപിക്കുമെന്നും അതിനുവേണ്ടി പൈസ തരാമെന്നും പറഞ്ഞ് ഒരു കരാർ ഉണ്ടാക്കിയതായി കാണുന്നുണ്ട്. ആ വെൽഡിംഗ് സ്കൂൾ ആരാണ് മുക്കിയത്? ശ്രീ. സി. വി. പത്മരാജനാണോ ശ്രീ. ജി. കാർത്തികേയനാണോ? അങ്ങേയ്ക്കറിയാമോ?

ഡോ. തോമസ് ഐസക്: എനിക്കറിയില്ല. പക്ഷേ ഞാൻ അതു വായിക്കാം. CIDA's financial assistance to set up and operate a technical teachers training programme to train Welding Instructors and Welders. 1994-ൽ ഓഫർ ചെയ്തതാണ്. കണ്ടിട്ടില്ല. ഒരു പോയിന്റുകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീം ഈ പറഞ്ഞ പ്രകാരം ഒപ്പിച്ചു. അതു കഴിഞ്ഞപ്പോൾ ബാണാസുരസാഗറിൽ നിന്നും വരുന്ന അധിക ജലം ഉപയോഗപ്പെടുത്താൻവേണ്ടി കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ നടപ്പാക്കാൻ തീരുമാനിച്ചു, 100 മെഗാവാട്ടിന്റേത്. ഞങ്ങൾ ലാവ്‌ലിനുമായി ജോയിന്റ് വെഞ്ചറിനു പോയില്ല, ഞങ്ങൾ ടെൻഡർ വിളിക്കാൻ തീരുമാനിച്ചു. ലാവ്‌ലിൻ വരാത്തതുകൊണ്ടാണോ? അതിരപ്പിള്ളിയിൽ ലാവ്‌ലിനെ വിളിച്ചില്ല. ടെൻഡർ വിളിച്ചു. കോഴിക്കോട് ഡീസൽ നിലയം ടെൻഡർ വിളിച്ചു BHEL-നെക്കുറിച്ചു പറഞ്ഞില്ലേ? ഓഫർ ഉണ്ടായിരുന്നിട്ട്, BHEL-ന്റെ മൂന്നിരട്ടി വിലയ്ക്ക് ലാവ്‌ലിനു കോൺട്രാക്ട് കൊടുത്തവരല്ലേ നിങ്ങൾ? BHEL-ന് കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമും കോഴിക്കോട് ഡീസൽ നിലയവും കിട്ടി. ശ്രീ. ആര്യാടൻ മുഹമ്മദിനു മറുപടി പറയാമല്ലോ? നിങ്ങളുടെ ഭരണകാലത്ത് 14 വൈദ്യുതി കരാർ ഉണ്ടാക്കിയില്ലേ? ഒരെണ്ണമെങ്കിലും ടെൻഡർ വിളിച്ചു നടത്തിയിട്ടുണ്ടോ? നിങ്ങൾ മൂന്ന് വൈദ്യുതി മന്ത്രിമാർ, വില്ലാളിവീരന്മാർ ഇരിപ്പുണ്ടല്ലോ? നിങ്ങളുടെ കാലത്ത് ടെൻഡർ വിളിച്ച് കരാർ കൊടുത്ത ഒരെണ്ണത്തിന്റെ പേരു പറയാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞങ്ങളുടെ കാലത്ത് ടെൻഡർ വിളിച്ച് കൊടുത്തതിന്റെ പേരു പറഞ്ഞു തരാം. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ 100 മെഗാവാട്ട്, അതു ഞാൻ ഇപ്പോൾ വന്നിട്ടു കൊടുത്തു. പള്ളിവാസൽ 60 മെഗാവാട്ട്, ശെങ്കുളം പദ്ധതി, അങ്ങനെ എത്രയെണ്ണം വേണം?

ഡോ. തോമസ് ഐസക്: ഈ പറഞ്ഞതെല്ലാം ഇപ്പോൾ കൊടുത്തതാണ്. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ വരേയും ഞങ്ങൾ നയപരമായ തീരുമാന മെടുത്ത് ടെൻഡർ വച്ചതാണ്. അവാർഡ് ചെയ്യുക മാത്രമേ ബാക്കിയുണ്ടായി രുന്നുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഡോ. തോമസ് ഐസക് ഒന്നു പറയാൻ പറഞ്ഞപ്പോൾ ഞാൻ മൂന്നെണ്ണം പറഞ്ഞില്ലേ?

ഡോ. തോമസ് ഐസക്: ആര്യാടൻ സാർ ഭയങ്കര വിദഗ്ദ്ധനാണ്. ഇപ്പോൾ പറഞ്ഞതെന്താണ്? ഇവർ ഭരിച്ചിരുന്ന 1991-96 കാലത്ത് എം.ഒ.യു റൂട്ടിലൂടെയല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ടെൻഡർ വിളിച്ച ഒരു പദ്ധതിയുടെ പേരു പറയാൻ പറഞ്ഞപ്പോൾ, ഞാൻ കൊടുത്ത ലിസ്റ്റിനെ ക്കുറിച്ചാണ് പറഞ്ഞത്. ഇനി ഞാൻ ഒരു കാര്യം ചോദിക്കട്ടെ, ഞങ്ങളുടെ ഭരണ കാലത്ത് ടെന്റർ വിളിക്കാതെ കരാർ കൊടുത്തിട്ടുള്ള ഒരു പദ്ധതിയുടെ പേര് ആർക്കെങ്കിലും പറയാമോ? എം.ഒ.യു റൂട്ടിലൂടെ ഒപ്പു വച്ചിട്ടുള്ള ഒരു പദ്ധതി.....

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: കനേഡിയൻ സഹായത്തോടുകൂടി നടത്തപ്പെട്ടിട്ടുള്ള പ്രോജക്ടുകളെല്ലാം ഗ്ലോബൽ ടെന്റർ വിളിച്ചു മാത്രമേ ഞങ്ങളുടെ കാലത്ത് കൊടുത്തിട്ടുള്ളു.

ഡോ. തോമസ് ഐസക്: അതല്ല പറഞ്ഞത്. പിള്ള സാറിനെക്കുറിച്ച് ഞങ്ങൾ ഒന്നും പറഞ്ഞില്ല. ഞങ്ങൾ ഒപ്പുവച്ചു. എന്നാൽ ഫൈനൽ കരാർ ഒപ്പു വയ്ക്കാത്ത അല്ലെങ്കിൽ ടെന്റർ വിളിക്കാത്ത പള്ളിവാസൽ, ശെങ്കുളം, പന്നിയാർ, നേര്യമംഗലം എന്നീ പദ്ധതികൾക്ക് എ.ബി.ബി (Asian Brown Borery)-യുമായി എം.ഒ.യൂ-വേ വച്ചിട്ടുള്ളൂ. കൺസൾട്ടൻസി കരാർ പോലും വച്ചിരുന്നില്ല. ഞങ്ങൾ അത് റദ്ദാക്കി. കേസിനുപോയി. നാല് വർഷം കേസിനുപോയി. സുപ്രീം കോടതിയിൽ നിങ്ങൾ തോറ്റുകൊടുത്തു. അപ്പോൾ ഇവിടെ എം.ഒ.യു മാത്രമല്ല പള്ളിവാസലിൽ അടിസ്ഥാന കരാർ കൂടി വച്ചിരിക്കുകയാണ്. കേസിലേയ്ക്ക് പോയി വർഷങ്ങൾ നീണ്ടുപോകാതിരിക്കാൻവേണ്ടി വൈദ്യുതി ക്ഷാമം നേരിടുന്ന കേരളത്തിൽ ഈ പദ്ധതിയുടെ പണി എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നുള്ള പ്രശ്നം വന്നു. അതുകൊണ്ട് അവർ പറഞ്ഞ തുക കുറച്ച്, വില കുറച്ച്, പലിശ കുറച്ച്, എക്സ്പോഷർ ഫീസ് കുറച്ച് കൺസൾട്ടൻസി ചാർജ്ജ് കുറച്ച് പ്രോജക്ട് മുന്നോട്ടുപോകട്ടെയെന്ന് വിചാരിച്ചു; അതല്ലേ ഉണ്ടായത്? ഇതിനുവേണ്ടി നിങ്ങൾ എന്തെല്ലാം പുകമറ സൃഷ്ടിക്കാനാണ് പോകുന്നത്. കുറ്റ്യാടി എക്സ്റ്റൻഷൻ സ്കീമിൽ നമ്മൾ ഇപ്പോൾ നടത്തിയ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ അതിലെ നടപടി ക്രമങ്ങൾ നോക്കിയാൽ ഒരു സംശയവുമില്ല, പള്ളിവാസലിൽ ഇവർ ചെയ്തത് തെറ്റ്, ഞങ്ങൾ ചെയ്ത നടപടിക്രമങ്ങൾ അനിവാര്യം എന്ന് തെളിയിക്കുന്നതാണെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ റൂൾ 58 പ്രകാരം കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയെക്കുറിച്ചുള്ള ചർച്ചയാണ് നടക്കുന്നത്. ശ്രീ. എം. എം. ഹസ്സൻ പള്ളിവാസൽ, ശെങ്കുളം, പന്നിയാർ ജലവൈദ്യുത പദ്ധതതികളെക്കുറിച്ച് റൂൾ 58 അനുസരിച്ച് ഒരു ചർച്ച വേണമെന്ന് പറഞ്ഞപ്പോൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് അഞ്ചാറ് വിഷയങ്ങൾ പറഞ്ഞെങ്കിലും കുറ്റ്യാടി പദ്ധതിയെക്കുറിച്ചാണ് ചർച്ചയ്ക്ക് വന്നത്. വലിയ സന്തോഷമായി. കാരണം കുറ്റ്യാടി പദ്ധതികൂടി ഇവിടെ ചർച്ച ചെയ്യപ്പെടണം. എന്നാലേ പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പദ്ധതികളിൽ എന്ത് നവീകരണ പദ്ധതികളാണ് നടന്നതെന്ന് കൃത്യമായി നമുക്ക് മനസ്സിലാക്കാൻ കഴിയുകയുള്ളു. ഇവരുടെ കാലത്തുണ്ടായിരുന്ന ക്രമക്കേടുകൾ മുഴുവൻ ഇവർ ഒരു ഡിഫെൻസായി പറഞ്ഞത് ശ്രീ. കാർത്തികേയൻ വൈദ്യുതി മന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്പോഴും അതിനുശേഷം ശ്രീ. കടവൂർ ശിവദാസൻ മന്ത്രിയായിരിക്കുമ്പോഴുമുള്ള കാര്യങ്ങളാണ്. എല്ലാ കുറ്റവും അവരുടെ മുന്നിലും പിന്നിലുമുള്ള രണ്ട് യു.ഡി.എഫ് ഗവൺമെന്റുകളുടെ തലയിൽ കൊണ്ടുപോയി വയ്ക്കാനുള്ള ശ്രമമാണ് നടത്തിയത്. ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി നടപ്പിലാക്കിയതും അതിന്റെ എം.ഒ.യു വച്ചതും എഗ്രിമെന്റ് വച്ചതും യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്താണ്. 50 മെഗാവാട്ട് വൈദ്യുതി കൂടുതലായി കിട്ടുമെന്നുപറയുന്ന കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയുടെ എം.ഒ.യു ഒപ്പു വച്ചത് ശ്രീ. സി. വി. പത്മരാജൻ വൈദ്യുതിവകുപ്പുമന്ത്രി ആയിരിക്കുമ്പോഴും അതിന്റെ എഗ്രിമെന്റ് വച്ചത് ശ്രീ. കാർത്തികേയൻ വൈദ്യുതി മന്ത്രിയായിരിക്കുമ്പോഴുമാണ്. അന്നത്തെ സാഹചര്യമെന്തായിരുന്നു? സംസ്ഥാനം കണ്ട ഏറ്റവും വലിയ എനർജി ക്രൈസിസ്. ഇലക്ട്രിസിറ്റി ബോർഡിന് ഒരു വലിയ പ്രോജക്ട് ഏറ്റെടുത്ത് നടത്താനുള്ള സാമ്പത്തികമായ പരാധീനത. അന്ന് പവർ ഫിനാൻസ് കോർപ്പറേഷൻ പോലും നമുക്ക് 17 ശതമാനം പലിശയ്ക്കാണ് പണം തന്നിരുന്നത്. അവർ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കുന്ന പണം മാക്സിമമായി കഴിഞ്ഞിരുന്നു. പിന്നെ ഒരു പദ്ധതിക്കും ഫിനാൻസ് ചെയ്യാത്ത ഒരു അവസ്ഥയായിരുന്നു; മാത്രവുമല്ല നമ്മുടെ നാട്ടിലില്ലാത്ത ഒരു technological assistance ഉണ്ടായിരുന്നു. ഇത്രയും കാര്യങ്ങൾ വേണം. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ നവീകരണ പദ്ധതിക്കും കുറ്റ്യാടി പദ്ധതിക്കുമുള്ള സമാനതകൾ എന്താണ്? ഡോ. തോമസ് ഐസക് സൂചിപ്പിച്ചത് രണ്ടും എം.ഒ.യു റൂട്ടിൽപ്പോയ പദ്ധതികളാണ് എന്നാണ്. എം.ഒ.യു റൂട്ടിന്റെ പ്രത്യേകത എന്താണ്? കേന്ദ്രത്തിൽ ശ്രീ. നരസിംഹറാവു ഗവൺമെന്റ് അധികാരത്തിലിരുന്ന കാലത്ത് അന്ന് എം.ഒ.യു റൂട്ടിൽ ഇൻഡ്യയിൽ, ഒരുപാട് സംസ്ഥാനങ്ങളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എം.ഒ.യു റൂട്ടിൽ പദ്ധതികൾ നടപ്പിലാക്കുകയെന്നു പറഞ്ഞാൽ ടെന്റർ വിളിക്കാതെ എം.ഒ.യു റൂട്ടിൽ കമ്പനിയുമായി ധാരണയിൽ മുന്നോട്ടുപോകുക എന്നുള്ളതാണ്. ടെന്റർ വിളിക്കാതെ എം.ഒ.യു റൂട്ടിൽ പോവുക എന്നുപറഞ്ഞാൽ എല്ലാപേരും ഒന്ന് ഞെട്ടും. എം.ഒ.യു റൂട്ടിലാണെങ്കിലും attraction വേണമല്ലോ. ഞാൻ വളരെ ലളിതമായിട്ടാണ് പറയുന്നത്. ദുർഗ്രഹമായി ആളുകൾക്ക് മനസ്സിലാകാത്ത രീതിയിൽ കൺഫ്യൂഷനുണ്ടാക്കിയൊന്നും ഞാൻ പറയുന്നില്ല. ഞാൻ പറയുന്നത് എം.ഒ.യു റൂട്ടിന്റെ attraction, ഒന്ന് നമുക്ക് ലോൺ കിട്ടും, വളരെക്കുറച്ച് പലിശ. 17 ശതമാനം പലിശയ്ക്കാണ് അന്ന് നമുക്ക് പണം കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ ഇതിന് 7 ശതമാനം പലിശ. ലോൺ അവർ അറേഞ്ച് ചെയ്തുതരും. രണ്ടാമത്തേത് ഗ്രാന്റ് കംപോണന്റ് ഉണ്ട്. കാനഡപോലുള്ള വികസിത രാജ്യങ്ങളിൽ ബഡ്ജറ്റിന്റെ ഒരു പോർഷൻ വിദേശ രാജ്യങ്ങളിലെ അവികസിത രാജ്യങ്ങളേയും വികസ്വര രാജ്യങ്ങളേയും സഹായിക്കുന്നതിനുവേണ്ടിയുള്ള ബഡ്ജറ്റ് പ്രൊവിഷനുണ്ട്. കാനഡപോലുള്ള ഗവൺമെന്റുകൾ ചെയ്തത് എന്താണെന്നോ ഈ ബഡ്ജറ്റ് പ്രൊവിഷൻ എടുത്ത് നമ്മുടെ രാജ്യങ്ങളെ സഹായിക്കുന്നതുപോലെ അവരുടെ വിദേശ വ്യാപാരങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 'സിഡ' വഴി-(Canadian International Development Authority) ഉപയോഗിച്ചു. അപ്പോൾ എം.ഒ.യു റൂട്ടിന്

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് അഡ്വാന്റേജസ് ഉണ്ട്. അതിൽ ഒന്ന് ലോൺ കിട്ടും എന്നുള്ളതും രണ്ടാമത്തേത് ഗ്രാന്റ് കിട്ടും എന്നുള്ളതുമാണ്. ഇനി രണ്ട് പദ്ധതികളേയും ഒന്ന് താരതമ്യം ചെയ്യാം. പള്ളിവാസൽ പദ്ധതിക്ക് എന്താണ് ഗ്രാന്റ് കംപോണന്റ് ശ്രീ. ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചതുപോലെ അതിന്റെ എഗ്രിമെന്റിൽ ഇലക്ട്രിസിറ്റി ബോർഡ് പാർട്ടിയല്ല. എഗ്രിമെന്റ് ഇല്ലല്ലോ. ഗ്രാന്റ് കംപോണന്റുമായി ബന്ധപ്പെട്ട് പള്ളിവാസൽ പദ്ധതിയിൽ എഗ്രിമെന്റ് ഉണ്ടാക്കിയിട്ടില്ല. ഡോ. തോമസ് ഐസക്, ആറ് മാസം വച്ച് മൂന്നു വർഷംവരെ ഞങ്ങൾ M.O.U നീട്ടി നീട്ടിപ്പോയി. ഇപ്പോൾ എം.ഒ.യു നിലവിലില്ല. അതുകൊണ്ട് എല്ലാംപോയെന്ന് പറഞ്ഞു. എന്ത് എം.ഒ.യു, M.O.U is not enforceable by a Court of Law. M.O.U is only a memorandum of understanding. അത് ഏത് കോടതിയിൽ കൊണ്ടുപോകാൻ പറ്റും? എം.ഒ.യു അല്ല എഗ്രിമെന്റ് വേണം. എം.ഒ.യു എന്തുകൊണ്ട് എഗ്രിമെന്റ് ആക്കിയില്ല. മൂന്ന് കൊല്ലം ഈ ചോദ്യത്തിന് നിങ്ങൾ ഉത്തരം പറഞ്ഞില്ല. ആറ് മാസം കൂടുമ്പോൾ ഞങ്ങൾ എം.ഒ.യു പുതുക്കിയത്രെ! ആ എം.ഒ.യു ആർക്ക് വേണം? എം.ഒ.യു-കൊണ്ട് എന്താണ് കാര്യം? പുഴുങ്ങിത്തിന്നാനാണോ? എം.ഒ.യു എഗ്രിമെന്റ് ആക്കണം. പള്ളിവാസൽ, ശെങ്കുളം, പന്നിയാർ പ്രോജക്ടിൽ എം.ഒ.യു റൂട്ടിന്റെ attraction ആയ ഗ്രാന്റ് കംപോണന്റ് 100 കോടി രൂപയുടെ മലബാർ കാൻസർ സെന്റർ ആണ്. അതാണ് ഗ്രാന്റ് കംപോണന്റ്. അത് കിട്ടുന്നതിനു വേണ്ടിയുള്ള ഒരു എഗ്രിമെന്റും തയ്യാറാക്കിയിരുന്നില്ല. തയ്യാറാക്കിയ എം.ഒ.യു-വിൽ കെ.എസ്.ഇ.ബി ഒരു പാർട്ടിയുമായിരുന്നില്ല. കുറ്റ്യാടി പദ്ധതിയിൽ ഗ്രാന്റ് കംപോണന്റ് എന്താണ്? 15 ദശലക്ഷം കനേഡിയൻ ഡോളറിന്റെ സഹായം കിട്ടുമെന്നുള്ളതാണ് ഗ്രാന്റ് കംപോണന്റ്. ഇവിടെ ഞാൻ ആധികാരികമായ ഒരു രേഖ ഉദ്ധരിക്കാം. കുറ്റ്യാടി പദ്ധതിയെ വിമർശിക്കുന്ന സി. ആന്റ് എ.ജി റിപ്പോർട്ടിൽ പറയുന്ന പാര 3,13(4) "അംഗീകരിക്കപ്പെട്ട വിത്ത വ്യവസ്ഥ പ്രകാരം പദ്ധതിയുടെ ധനാവശ്യം കാനഡയിൽ നിന്നുള്ള 28.5 ദശലക്ഷം കനേഡിയൻ ഡോളറിന്റെ (CAD) ധനസഹായത്തിൽ കാനഡയിലെ കയറ്റുമതി വികസന കോർപ്പറേഷനിൽ (EDC) നിന്നും 28.05 ദശലക്ഷം ഡോളറിന്റെ വായ്പയും കനേഡിയൻ അന്താരാഷ്ട്ര വികസന ഏജൻസിയിൽ നിന്നും (CIDA) 15 ദശലക്ഷം ഡോളറിന്റെ സഹായധനവും ഉൾപ്പെടുന്നതായിരുന്നു. അംഗീകരിക്കപ്പെട്ട വിത്ത വ്യവസ്ഥ പ്രകാരം 28 മില്യൺ കനേഡിയൻ ഡോളറിന്റെ ലോണും പിന്നെ 15 മില്യൺ കനേഡിയൻ ഡോളറിന്റെ സഹായവും ഉൾപ്പെടുന്നതായിരുന്നു. മലബാർ കാൻസർ സെന്ററും ഇലക്ട്രിസിറ്റിയും തമ്മിൽ എന്താണ് ബന്ധം? ഞങ്ങളുടെ കേസിൽ ഞങ്ങൾ കൊണ്ടുവന്ന പദ്ധതി K.S.E.B. Systems Rehabilitation Project ആണ്. 15 മില്യൺ കനേഡിയൻ ഡോളറിന്റെ ഭാഗമായ ഗ്രാന്റ് കംപോണനന്റ് അതാണ്. ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട് മലബാറിന്റെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടിയുള്ള 15 ദശലക്ഷം കനേഡിയൻ ഡോളർ സഹായം കൈൻഡായിട്ടാണ് വാങ്ങിയത്. മലബാർ കാൻസർ സെന്ററും ഇലക്ട്രിസിറ്റിയുമായിട്ടുള്ള ബന്ധം എന്താണ്. അതുകൊണ്ടാണ് അന്നത്തെ ഫിനാൻസ് സെക്രട്ടറിയായിരുന്ന വരദാചാരി ഫയലിൽ എഴുതി വച്ചത്, 'this proposal is preposterous' എന്ന്. preposterous എന്നാൽ stupidity എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥം. ഫയലിൽ എഴുതിവച്ചിരുന്നതാണ്. അതാണ് കാൻസർ സെന്ററും ഇലക്ട്രിസിറ്റിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഫിനാൻസ് സെക്രട്ടറി പറഞ്ഞിരുന്നത്. എന്താണ് കെ.എസ്.ഇ.ബി സിസ്റ്റംസ് റീഹാബിലിറ്റേഷൻ പ്രോജക്ട്? ഞാൻ വായിക്കാം. April 1, 1999. A letter from the Canadian High Commissioner to the Principal Secretary (Energy) confirmed that the CIDA has fulfilled its project responsibilities. ഏപ്രിൽ 1, 1999. അന്ന് മന്ത്രി ആരായിരുന്നു? അന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിൽ 15 മില്ല്യൺ കനേഡിയൻ ഡോളർ സഹായധനമായി തരാമെന്നുപറയുന്ന സിഡയുടെ വാഗ്ദാനം പാലിച്ചിരിക്കണമെന്നുള്ള കത്ത് പ്രിൻസിപ്പൽ സെക്രട്ടറി (എനർജി) ക്ക് അയച്ചു. കിട്ടിയില്ലെന്ന് ഇപ്പോൾ പറയുകയാണെങ്കിൽ അന്ന് നിങ്ങൾ എന്തുകൊണ്ട് നടപടിയെടുത്തില്ല? അപ്പോൾ കിട്ടിയല്ലോ. മാത്രമല്ല അതിനുമുമ്പ് 1999 മാർച്ച് 22-ാം തീയതി, A Project Steering Committee meeting was held in Thiruvananthapuram and attended by the Government of Kerala, K.S.E.B., Government of India, Department of Economic Affairs, CIDA and SNC Lavalin which reviewed the progress of the work. During this meeting it was noted that CIDA has fulfilled its commitment and that completion of the project was due to slippage on the part of KSEB. അതായത് കെ.എസ്.ഇ.ബി., സ്റ്റേറ്റ് ഗവൺമെന്റ് പ്രതിനിധി, സിഡയുടെ പ്രതിനിധി, എസ്.എൻ.സി. ലാവ്‌ലിന്റെ പ്രതിനിധി, ഡിപ്പാർട്ടുമെന്റ് ഓഫ് ഇക്കണോമിക് അഫയേഴ്സിന്റെ പ്രതിനിധി എന്നിവരെല്ലാംകൂടി 15 മില്ല്യൺ കനേഡിയൻ ഡോളറിന്റെ സഹായത്തെ സംബന്ധിച്ച് തീരുമാനിച്ചിരിക്കുന്നു. ഇനി എന്താണ് കിട്ടിയതെന്ന് ചോദിച്ചാൽ അതിന്റെ ലിസ്റ്റ് ഉണ്ട്. അത് ഏത് കമ്പനിയിൽ നിന്നാണ് വാങ്ങിച്ചത്, അതിന്റെ എണ്ണം, സപ്ലൈ ചെയ്ത ഇന്റർ നാഷണൽ കമ്പനികളുടെ വിവരം, പ്രൈസ് ലിസ്റ്റ് എന്നിവയുണ്ട്. Power Transformers- Pauwels , Circuit Breakers- GEC Alsthoms, Isolators. Pursley, 2000 inc., Instrument transformers - Haesely french, Surgearrestors - Hubbell, Control Cubicles GEC Alsttoms. അങ്ങനെ പൊല്യൂഷൻ എക്യുപ്മെന്റ്സ് തുടങ്ങി 15 മില്ല്യൺ കനേഡിയൻ ഡോളറിന്റെ സഹായം കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിന് കിട്ടിയെന്ന് തെളിയിക്കുന്ന രേഖകളാണ് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽനിന്നും പ്രോജക്ട് റിപ്പോർട്ടിൽനിന്നും പ്രിൻസിപ്പൽ സെക്രട്ടറിക്ക് (എനർജി) കനേഡിയൻ ഹൈക്കമ്മിഷണർ അയച്ച ലെറ്ററിൽനിന്നും ഞാൻ വായിച്ചത്. 1999-ൽത്തന്നെ അവരുടെ കമ്മിറ്റ്മെന്റ്സ് അവർ പുറത്താക്കിയിട്ടുണ്ടായിരുന്നു. ഈ രണ്ട് പദ്ധതികളും തമ്മിലുള്ള വ്യത്യാസം മനസ്സിലായി. 39 കോടി രൂപയുടെ സഹായധനം കിട്ടിയിട്ടില്ലെന്ന് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിലുണ്ട്; ശരിയാണ്. സഹായധനമായിട്ടും മണിയായിട്ടുമല്ല ട്രാൻസ്ഫർ ചെയ്യുന്നത്. എഗ്രിമെന്റിൽ പറയുന്നത് മെറ്റീരിയലായിട്ട് സഹായം ചെയ്യാമെന്നാണ്. അത് ഫുൾഫിൽ ചെയ്തിട്ടുണ്ട്. ധനം കിട്ടിയില്ലെയെന്ന് പറഞ്ഞിട്ടുണ്ട്. ധനം കിട്ടാനുള്ള എഗ്രിമെന്റും അന്ന് ഉണ്ടായിട്ടില്ല. കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിന്റെ കാര്യത്തിൽ വിദഗ്ദ്ധോപദേശം കിട്ടിയില്ലെന്ന് പറഞ്ഞിട്ടേയില്ല. ടെക്നോ

LIBRARY ARCHIVES Kerala Legislative Assembly

ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് അനുസരിച്ച് ഈ പദ്ധതിയുടെ നിർമ്മാണം അനിവാര്യമായിരുന്നു. 1993-ൽ കെ.എസ്.ഇ.ബി. തയ്യാറാക്കിയ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് അനുസരിച്ച് ഈ പദ്ധതിയുമായി മുന്നോട്ടുപോകണമായിരുന്നു. ഇവിടെ കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീമിനെക്കുറിച്ച് പറയുകയുണ്ടായി. 9 വർഷം നീണ്ടുപോയ കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീം തീരുന്നത് കാത്തിരിക്കുകയായിരുന്നുവെങ്കിൽ നമുക്ക് ഒരിക്കലും 50 മെഗാവാട്ട് കിട്ടിയ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുകയില്ലായിരുന്നു. കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി പൂർത്തീകരിച്ചതുകൊണ്ടാണ് നമുക്ക് അടുത്തതായി 100 മെഗാവാട്ടിന്റെ അഡീഷണൽ കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ട് ടൈമിന് പൂർത്തീകരിക്കാൻ കഴിഞ്ഞത്. ഇല്ലെങ്കിൽ ഈ പ്രോജക്ട് കയ്യിലെടുക്കാൻ പറ്റുമോ? 50 മെഗാവാട്ടിന്റെ കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ട് പൂർത്തിയാക്കാതെ 100 മെഗാവാട്ടിന്റെ അഡീഷണൽ എക്സ്റ്റൻഷൻ പ്രോജക്ട് കൊടുക്കാൻ പറ്റുമോ? അങ്ങനെ എടുത്തതാണ്. ഇത് ഡോ. തോമസ് ഐസക് കൺഫ്യൂസ് ചെയ്തതുപോലെ, പള്ളിവാസൽ പ്രോജക്ടിൽ ഉണ്ടായതുപോലെ കൺസൾട്ടൻസിക്ക് ഇവിടെ വേറെ എമൗണ്ടില്ല. പള്ളിവാസൽ പദ്ധതിക്ക് 1996-ൽ ഞങ്ങൾ കൺസൾട്ടൻസി കരാർ കൊടുത്തു. ആ ബ്രോക്കറെത്തന്നെ ഇവർ വീണ്ടും വരനാക്കി എന്നാണ് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ 20 കോടി രൂപയുടെ കൺസൾട്ടൻസി കരാർ കൊടുത്ത അതേ കൺസൾട്ടന്റിനുതന്നെ വീണ്ടും സപ്ലൈ കോൺട്രാക്ട് കൊടുത്തതുകൊണ്ട് 20 കോടി രൂപ ഡിഡക്ട് ചെയ്യാമായിരുന്നു വെന്നാണ് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നത്. അത് ചെയ്തില്ലെന്നാണ് പറഞ്ഞത്. കല്യാണാലോചനയ്ക്ക് ഏല്പിച്ച ബ്രോക്കറെത്തന്നെ അവസാനം വരനാക്കുമ്പോൾ ബ്രോക്കർ ഫീസ് കൊടുക്കണമോ? ഇവർ പള്ളിവാസൽ പദ്ധതിക്ക് ബ്രോക്കർ ഫീസ് പിന്നേയും കൊടുത്തു. അതാണ് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്. കുറ്റ്യാടി പ്രോജക്ടിനെക്കുറിച്ച് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ എന്താണ് മോശമായി പറയുന്നത്? ഇത് 28.05 മില്ല്യൺ കനേഡിയൻ ഡോളറാണ്. ഏകദേശം 39 കോടിയോളം രൂപവരും. പള്ളിവാസലിന്റെ കാര്യത്തെക്കുറിച്ച് പറയുന്നതു പോലെയാണോ ഇതു സംബന്ധിച്ച് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നത്? ഇതിന് ഗുണം ഉണ്ടായില്ലായെന്ന് പറയുന്നുണ്ടോ? 2001 ഫെബ്രുവരിയിൽ വാണിജ്യപരമായ പ്രവർത്തനം ആരംഭിച്ച കുറ്റ്യാടി ജലവൈദ്യുത പദ്ധതി പ്രവർത്തനനിരതമായപ്പോൾ മൊത്ത സ്ഥാപിതശേഷി 75-ൽനിന്നും 125 മെഗാവാട്ടായി പ്രതിവർഷം ശരാശരി 1095 എം.യു. ഉല്പാദനശേഷി അധികരിച്ചു. അപ്പോൾ നമ്മുടെ ഉദ്ദേശം പൂർണ്ണമായി. 50 മെഗാവാട്ട് എക്സ്റ്റൻഷൻ പദ്ധതിയിലൂടെ പുതിയതായി ഉണ്ടാക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത തീരുമാനം ശരിയായിരുന്നു. 50 മെഗാവാട്ട് വൈദ്യുതി അധികരിച്ചു എന്നാണ് സി. ആന്റ് എ.ജി.യുടെ റിപ്പോർട്ടിൽ പറയുന്നത്. അതുപോലെ കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിന് ഒരു മെഗാവാട്ടിന് 1.63 കോടി രൂപയായി എന്നാണ് പറയുന്നത്. 50 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ഏകദേശം 80 കോടി രൂപ ലോണായി വാങ്ങിച്ചപ്പോൾ ഒരു മെഗാവാട്ടിന് 163 ലക്ഷം രൂപയായി എന്നാണ് പറയുന്നത്. പള്ളിവാസൽ-

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശെങ്കുളം-പന്നിയാർ പദ്ധതികളുമായി ഒന്ന് താരതമ്യം ചെയ്തുനോക്കൂ. കുറ്റ്യാടി എക്സ്റ്റെൻഷൻ പ്രോജക്ടിന് ഒരു മെഗാവാട്ട് ഉണ്ടാക്കാൻ 163 ലക്ഷം രൂപ. പള്ളിവാസൽ പദ്ധതിക്ക് 324 ലക്ഷം രൂപ. നേരേ ഇരട്ടി. എന്നിട്ടാണ് ഇതു തമ്മിൽ താരതമ്യം ചെയ്യുന്നത്. അതുകൊണ്ടാണ് ഇത് താരതമ്യം ചെയ്യണമെന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞത്. യു.ഡി.എഫ്. ഗവൺമെന്റ് ലാഭമാണ് ഉണ്ടാക്കിയത്. അതുകൊണ്ടാണ് കുറ്റ്യാടി എക്സ്റ്റെൻഷൻ പദ്ധതിക്ക് എം.ഒ.യു. ഒപ്പുവച്ചതും എഗ്രിമെന്റ് വച്ചതും നടപ്പിലാക്കിയതും ഞങ്ങളാണെന്ന് ഞാൻ തുടക്കത്തിൽ പറഞ്ഞത്. പള്ളിവാസൽ-പന്നിയാർ-ശെങ്കുളം പദ്ധതി ചെയ്തത് ഒരു മെഗാവാട്ടിന് 324 ലക്ഷം രൂപയ്ക്കാണ്. അങ്ങനെയാണെങ്കിൽ 50 മെഗാവാട്ട് ഉണ്ടാക്കാൻ 162 കോടി രൂപ ആകുമായിരുന്നു. ആ സ്ഥാനത്ത് ഞങ്ങൾ 80 കോടിരൂപ മാത്രമേ ചെലവാക്കിയുള്ളൂ. 80 കോടി രൂപ മുഴുവൻ ആയോ? 39 കോടി രൂപ ഗ്രാന്റായി കിട്ടി. 80 കോടി രൂപയിൽ ഏകദേശം പകുതിയോളം അഡീഷണലായിട്ട് കിട്ടി. എന്റെ കയ്യിൽ കണക്കില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഇതെല്ലാം പറയും. 80 കോടി രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കിയപ്പോൾ ഒരു മെഗാവാട്ടിന് 163 ലക്ഷം രൂപ മാത്രം ചെലവായി. പള്ളിവാസൽ-ശെങ്കുളം-പന്നിയാർ പദ്ധതികൾക്ക് ചെലവാക്കിയതിന്റെ നേർപകുതി മാത്രമാണ് ഒരു മെഗാവാട്ടിന് ചെലവായത്. മാത്രമല്ല, മലബാർ കാൻസർ സെന്ററിന്റെ 86 കോടി രൂപ തരാതിരുന്നപ്പോൾ ഞങ്ങൾ ഇതിനുവേണ്ടി 39 കോടി രൂപ സഹായമായി വാങ്ങിച്ചു. അതാണ് ഈ രണ്ടു പദ്ധതികൾ തമ്മിലുള്ള വ്യത്യാസം. വെറുതേ ആളുകളെ വിഡ്ഢിയാക്കാൻവേണ്ടി അഡണ്ടവും ടെക്നിക്കൽ ടേംസുമൊന്നും പറയേണ്ട കാര്യമില്ല. ഇതിൽ സാമ്പത്തിക ഇടപാട് മാത്രം സംസാരിച്ചാൽ മതി. ഞങ്ങൾ എം.ഒ.യു. റൂട്ടിൽ പോയി. 1990-കളിൽ എല്ലാ സംസ്ഥാന ഗവൺമെന്റുകളും എം.ഒ.യു. റൂട്ടിലാണ് പോകുന്നത്. ഇലക്ട്രിസിറ്റി ബോർഡിനും ഒരു ഗതിയുമില്ലായിരുന്നു. 150 കോടി രൂപയുടേയോ 100 കോടി രൂപയുടേയോ ഒരു പദ്ധതി നടപ്പിലാക്കാനുള്ള ഗതിയൊന്നും അന്ന് ഇലക്ട്രിസിറ്റി ബോർഡിന് ഇല്ലായിരുന്നു. കേരളത്തിലോ ഇൻഡ്യയിലോ ഉള്ള ഒരു ധനകാര്യ ഏജൻസിയിലും ഇലക്ട്രിസിറ്റി ബോർഡിന് ഫിനാൻസ് ചെയ്യുകയില്ലായിരുന്നു. കാരണം വലിയ പവർ ക്രൈസിസ് നേരിടുന്ന കാലമായിരുന്നു. അപ്പോഴാണ് ഈ അട്രാക്ഷൻ. ഇപ്പോൾ ഗ്ലോബലൈസേഷനെല്ലാം വന്നുകഴിഞ്ഞപ്പോൾ ഡെവലപ്ഡ് നേഷൻസായ കാനഡപോലുള്ള രാജ്യങ്ങളിൽ ഇന്നത്തെ സഹായത്തിന് ബഡ്ജറ്റ് പ്രൊവിഷൻ വയ്ക്കുന്നില്ല. അവർ ആർക്കും സഹായം കൊടുക്കുന്നില്ല. അതുകൊണ്ടുതന്നെ ഗ്രാന്റ് കമ്പോണന്റ് ഇല്ല. ലോൺ അട്രാക്ഷൻ ഒന്നുമില്ല. ഇപ്പോൾ ലോൺ നമ്മുടെ നാട്ടിൽത്തന്നെ കിട്ടും. അതാണ് ഇപ്പോൾ നിങ്ങൾ ടെണ്ടർ വച്ചുവെന്ന് പറയുന്നത്. അന്ന് ടെണ്ടർ വയ്ക്കാതെ ഇതുപോലുള്ള ഒരു പദ്ധതിക്ക് പോകാനുള്ള കാരണം ലോൺ കിട്ടുമായിരുന്ന ഒരു സാഹചര്യം ഉണ്ടായിരുന്നതു കൊണ്ടാണ്. ഇവിടെ കുറ്റ്യാടി അഡീഷണൽ എക്സ്റ്റെൻഷന്റെ കാര്യം പറയുന്നതുകേട്ടു. ആരാണ് അതിന് ടെണ്ടർ വച്ചത്? പിണറായിയുടെ കാലത്ത് എത്ര രൂപയ്ക്കാണ് അതിന് എ.എസ്. കൊടുത്തത്? 224 കോടി രൂപയ്ക്കാണ് എ.എസ്. കൊടുത്തത്. ഞങ്ങൾ ടെണ്ടർ വച്ചിരിക്കുന്നത് 170 കോടി രൂപയ്ക്കാണ്. ഇപ്പോൾ പൈസ കുറഞ്ഞു. ഒരു മെഗാവാട്ടിന് വീണ്ടും കുറഞ്ഞു.

മോഡൽ പദ്ധതിയായി അഡീഷണൽ കുറ്റ്യാടി എക്സ്റ്റൻഷൻ പ്രോജക്ടിനെ കാണണമെന്ന് സി. ആന്റ് എ.ജി. പറഞ്ഞിരുന്നു. ഞങ്ങളുടെ ഗവൺമെന്റ് കൊണ്ടുവന്ന് ഞങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയാണിത്. അതല്ലാതെ ആളുകളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി യാതൊരുവിധ പ്രചരണവും നടത്തിയിട്ട് കാര്യമില്ല. പള്ളിവാസൽ-ശെങ്കുളം-പന്നിയാർ പദ്ധതിക്ക് ഗ്രാന്റ് എന്നുള്ളതായിരുന്നു എഗ്രിമെന്റ്. Court of law-യുടെ മുൻപിൽ എൻഫോഴ്സ് ചെയ്യാൻ പറ്റുന്ന എഗ്രിമെന്റ് നിങ്ങൾ ഉണ്ടാക്കിയില്ല. എം.ഒ.യു. വച്ചുതാമസിപ്പിച്ചു. വൈദ്യുതി വകുപ്പുമന്ത്രി പറഞ്ഞതുൾപ്പെടെയുള്ള മറുപടിയിൽ, ആദ്യം പൈസ തരാമെന്ന് പറഞ്ഞു. പിന്നെ തരാൻ ബുദ്ധിമുട്ടാണെന്നു പറഞ്ഞു. പിന്നെ പറഞ്ഞു 25 കോടി രൂപയുണ്ടെന്ന്. പിന്നെ പറഞ്ഞു ശ്രമിക്കാമെന്ന്. അവസാനം പറ്റില്ല എന്നു പറഞ്ഞു. അതിനുശേഷം വന്ന മന്ത്രിമാരോട് പറഞ്ഞിട്ട് എന്ത് കാര്യം? പൈസ തരാൻ സാദ്ധ്യമല്ല എന്ന് കനേഡിയൻ ഹൈകമ്മീഷണറും സി.ഐ.ഡി.എ-യും എസ്.എൻ.സി. ലാവ്‌ലിനും പറഞ്ഞാൽ അത് ഇവിടെ കൊണ്ടുവയ്ക്കണം എന്ന് പറയാനുള്ള എന്ത് ലീഗൽ റൈറ്റാണ് ഇലക്ട്രിസിറ്റി ബോർഡിനുള്ളത്? കഴിഞ്ഞ പ്രാവശ്യം ആക്ഷേപം വന്നപ്പോൾ ശ്രീ. പിണറായി വിജയൻ കൊച്ചിയിൽ വച്ച് പത്രസമ്മേളനം നടത്തി പറഞ്ഞു. മലബാർ ക്യാൻസർ സെന്ററിന് പണം കിട്ടിയില്ലെങ്കിൽ അതിനാവശ്യമായ പണം 2001-ൽ യു.ഡി.എഫ് ഗവൺമെന്റ് വന്നതിനുശേഷം പള്ളിവാസൽ-ശെങ്കുളം-പന്നിയാർ പദ്ധതിക്ക് ഇലക്ട്രിസിറ്റി ബോർഡ് കൊടുത്ത തുകയിൽ നിന്ന് ഡിഡക്ട് ചെയ്താൽ പോരെ എന്ന്. എങ്ങനെ കെ.എസ്.ഇ.ബി. ഡിഡക്ട് ചെയ്യും? മലബാർ ക്യാൻസർ സെന്ററും കെ.എസ്. ഇ.ബി.യും തമ്മിൽ എന്താണ് ബന്ധം? ഒരു എഗ്രിമെന്റും ഇല്ല. കിട്ടേണ്ടിയിരുന്ന വലിയ തുക നമുക്ക് കിട്ടാതെ പോയത് എങ്ങനെയാണെന്ന് അന്വേഷിക്കണം. അതാണ് കാര്യം.

ശ്രീ. ടി. കെ. ദേവകുമാർ: ശ്രീ. എം. എം. ഹസ്സൻ പറഞ്ഞതാണോ അതോ ഇപ്പോൾ ശ്രീ. സതീശൻ വാദിച്ച് സമർത്ഥിക്കുന്നതാണോ ശരി?

ശ്രീ. വി. ഡി. സതീശൻ: രണ്ടും ശരിയാണ്. ഞങ്ങളെല്ലാം ഒരേ ലൈനാണ്. ഡോ. തോമസ് ഐസക് ചോദിച്ചു, ശ്രീ. കാർത്തികേയൻ എന്തുകൊണ്ടാണ് കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയിൽ ശ്രീ. പത്മരാജൻ എം.ഒ.യു. വച്ചതിൽനിന്നും പിൻവാങ്ങാതിരുന്നതെന്ന്. എങ്ങനെയാണ് ശ്രീ. കാർത്തികേയൻ പിൻമാറുന്നത്? ആന്റണി ഗവൺമെന്റും ഉമ്മൻചാണ്ടി ഗവൺമെന്റും വന്നതുപോലെ ശ്രീ. കരുണാകരന്റെ ഗവൺമെന്റും വന്നു. വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. പത്മരാജൻ. ശ്രീ. ജി. കാർത്തികേയൻ വീണ്ടും വൈദ്യുതി വകുപ്പുമന്ത്രിയായി. ശ്രീ. ആന്റണി മുഖ്യമന്ത്രിയാകുമ്പോൾ ഞങ്ങളുടെ നയം മാറുമോ? ഞങ്ങളുടെ നയം ഇതു തന്നെ തുടരും.

ശ്രീ. എം. എം. ഹസ്സൻ: മലബാർ ക്യാൻസർ സെന്ററിന് വാഗ്ദാനം ചെയ്ത 98 കോടി രൂപ എവിടെപ്പോയി എന്ന് വ്യക്തമാക്കാമെന്നാണ് താങ്കൾ പറഞ്ഞത്. പോയ സ്ഥലത്തെക്കുറിച്ച് സംശയമുള്ളതുകൊണ്ടാണ് അത് എവിടെ എത്തി എന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഞാനും ചോദിച്ചത്. രണ്ടുപേരും ഒന്നാണ് പറയുന്നത്. എവിടെ എത്തി എന്നുള്ളത് ക്ലിയറാണ്.

ശ്രീ. വി. ഡി. സതീശൻ: ദുർഗ്രഹമായ വാക്കുകൾകൊണ്ടും ടെക്നിക്കൽ ടേംസ് ഉപയോഗിച്ചും തെറ്റിദ്ധരിപ്പിക്കാനുള്ള യാതൊരു കാര്യവുമില്ല. വളരെ ക്ലിയറാണ്. ലളിതമായ ഭാഷയിൽ. അതുകൊണ്ടാണ് ഞാൻ അവിശ്വാസ പ്രമേയ ചർച്ചയിൽ പറഞ്ഞത്. ട്രാൻസ്മിഷൻ ലോസ് ആണോ; പിൽഫറേജ് ആണോ; എന്താണ് ഈ കാര്യത്തിൽ സംഭവിച്ചത് എന്ന് അന്വേഷിക്കണം എന്ന് അന്ന് ഞാൻ പറയാനുള്ള കാരണമിതാണ്. എങ്ങനെ ആ പണം പോയിയെന്ന് അന്വേഷിക്കണം. വളരെ സിമ്പിൾ ആണ്. എം.ഒ.യു. റൂട്ടിൽ പോയാൽ grant component കിട്ടണം. ഞങ്ങൾക്ക് കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതിയിൽ കിട്ടിയിട്ടുണ്ട്. അതിന്റെ രേഖ ഞങ്ങൾക്കുണ്ട്. പള്ളിവാസൽ-ശെങ്കുളം- പന്നിയാർ പദ്ധതിയിൽ grant component എവിടെ പോയി? 10 കോടി രൂപ കിട്ടി. ബാക്കി പണം കിട്ടിയില്ല. അതിനാണ് നിങ്ങൾ ഉത്തരം പറയേണ്ടത്.

ശ്രീ. എം. എം. ഹസ്സൻ: ഈ ചർച്ചയിൽ അൽപ്പംപോലും ആത്മാർത്ഥതയും സീരിയസ്നസ്സും ഇല്ലെന്നുള്ളതിന് തെളിവല്ലേ റൂൾ 58 പ്രകാരം ചർച്ച അവതരിപ്പിച്ച ഡോ. തോമസ് ഐസക് പോലും ഈ പ്രസംഗം കേൾക്കാതെ പോയിരിക്കുന്നു എന്നുള്ളത്.

ശ്രീ. വി. ഡി. സതീശൻ: അങ്ങ് പറഞ്ഞത് ശരിയാണ്. തോമസ് ഐസക് ചോദിച്ച ചില കാര്യങ്ങളുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു Ministerial delegation എന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് തെറ്റിദ്ധരിപ്പിക്കാനുള്ള ഒരു ശ്രമം നടത്തി എന്ന്. അതൊന്നുമല്ല. സി. ആന്റ് എ.ജി. വളരെ ക്ലിയറായി Ministerial delegation negotiated with SNC Lavalin, 1996 October എന്ന് പറയുന്നുണ്ട്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്ന Ministerial delegation, 1996 October എന്നു പറഞ്ഞാൽ എന്താണ്? Ministerial delegation negotiated directly with SNC Lavalin എന്നാണ് ഇതിൽ കൃത്യമായി പറഞ്ഞിരിക്കുന്നത്. കൂടുതലായി സംസാരിച്ച് വീണ്ടും കൺഫ്യൂഷൻ ഉണ്ടാക്കേണ്ട ഒരു ആവശ്യവുമില്ല. എനിക്ക് ഒറ്റക്കാര്യമേ സംശയമുള്ളൂ. റൂൾ 58 പ്രകാരം ഇവിടെ ചർച്ചയ്ക്ക് കൊടുത്തപ്പോൾ ശ്രീ. കെ. പി. രാജേന്ദ്രൻ വേറെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ആ കൂട്ടത്തിൽ ശ്രീ. പിണറായി വിജയനെ ഡിഫന്റ് ചെയ്യാതിരിക്കുന്നതിനുവേണ്ടി കെ.എസ്.ടി.പി.യെക്കുറിച്ച് പറഞ്ഞു. അത് പറയാൻ പാടില്ലായിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കാര്യം പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ച് ഇതിൽ പറഞ്ഞിട്ടുണ്ട്. കെ.എസ്.ടി.പി.യെക്കുറിച്ച് പറഞ്ഞതിന്റെ മറുപടി ഡോ. എം. കെ. മുനീർ കഴിഞ്ഞ ദിവസം ചോദ്യോത്തരസമയത്ത് വളരെ ഭംഗിയായി പറഞ്ഞു. ശ്രീ. രാജേന്ദ്രൻ പോയി സി. ആന്റ് എ.ജി. റിപ്പോർട്ടിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കുറിച്ചുള്ള കമന്റ് ഒന്നു വായിച്ചു നോക്കണം; എന്നു മുതലാണെന്ന് ഒന്ന് വായിച്ച് നോക്കണം. 1999 മുതൽ 2004 വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചാണ് സി. ആന്റ് എ.ജി. പരിശോധിച്ചിരിക്കുന്നത്. അങ്ങയുടെ നേതാവ്, വളരെ സത്യസന്ധനാണെന്ന് ഞാൻ വിചാരിക്കുന്ന ശ്രീ. ഇ. ചന്ദ്രശേഖരൻനായർ ഭരിച്ച കാലത്ത് നടന്ന പഞ്ചസാര കുംഭകോണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിൽ പറയുന്നുണ്ട്. അതിന്റെ അർത്ഥം ശ്രീ. ഇ. ചന്ദ്രശേഖരൻനായർ അഴിമതിക്കാരനെന്നല്ല. ഒരു പൊതുമേഖലാ സ്ഥാപനത്തിൽ വന്ന കാര്യങ്ങൾ അതിൽ വളരെ ക്ലിയറായി പറയുന്നുണ്ട്. അതൊക്കെ വായിച്ചിട്ട് പറയുന്നതായിരുന്നു നല്ലത്. നിങ്ങൾ കാണിച്ച ബുദ്ധി എന്താണെന്ന് എനിക്ക് മനസ്സിലാകും. ശ്രീ. പിണറായി വിജയനെ ഈ കാര്യത്തിൽ ഡിഫന്റ് ചെയ്യണ്ട എന്നുള്ള രാഷ്ട്രീയ തീരുമാനം സി.പി.ഐ. എടുത്തിട്ടുള്ളതിന്റെ പ്രതിഫലനമാണ് രാവിലെ കേട്ട പ്രസംഗമെന്ന് ഞാൻ മനസ്സിലാക്കുന്നു. ആറ് വിഷയങ്ങൾ വന്നപ്പോൾ എന്തുകൊണ്ടാണ് കുറ്റ്യാടി സെലക്ട് ചെയ്തത്? പള്ളിവാസൽ-ശെങ്കുളം-പന്നിയാർ പദ്ധതിക്ക് പകരം റീസന്റ് ഇംപോർട്ടന്റ്സുള്ള പല കാര്യങ്ങളുമുണ്ട്. 1999-ലെ സി. ആന്റ് എ.ജി റിപ്പോർട്ടുണ്ട്. 2004-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടുണ്ട്. ഒരുപാട് ബുദ്ധി കേന്ദ്രങ്ങളിൽ ഉപദേശം കൊടുക്കുന്ന കേരളത്തിന്റെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് കുറ്റ്യാടി പ്രതിപക്ഷത്തിന്റെ വിഷയമായി തെരഞ്ഞടുത്തതെന്ന് ഞാൻ കരുതുന്നു. അദ്ദേഹത്തിനറിയാം കുറ്റ്യാടിയെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുമ്പോൾ കുടുങ്ങാൻ പോകുന്നത് തന്റെ പ്രതിയോഗിയായ പാർട്ടി സെക്രട്ടറി ശ്രീ. പിണറായി വിജയൻ ആയിരിക്കും എന്നുള്ള ഉറപ്പിൻമേലാണ് ഈ വിഷയം കൊടുത്തത്. ഞങ്ങൾക്ക് വളരെ സന്തോഷമുണ്ട്; അതിന് നന്ദി പറയുന്നു. ഈ വിഷയം കൊണ്ടുവന്ന് കേരളത്തിലെ power crisis മാറ്റാൻവേണ്ടി ധീരമായ നടപടിയെടുത്ത യു.ഡി.എഫ് ഗവൺമെന്റും അതിന്റെ പുറകിൽ ഒരുപാട് കാര്യങ്ങൾ ചെയ്തുകൂട്ടിയ ആളുകളും പരസ്പരം ന്യായം പറയാതെ കാര്യങ്ങൾ കൃത്യമായി പറയണം. പുറത്തുവന്ന കാര്യങ്ങളെക്കുറിച്ചുള്ള വിശദമായ അന്വേഷണം ഈ കാര്യങ്ങളിൽ ഉണ്ടാകണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ബിനോയ് വിശ്വം: സർ, എന്റെ സ്നേഹിതൻ മാന്യ സുഹൃത്ത് ശ്രീ. സതീശൻ ചോദിച്ചു എന്താണ് കുറ്റ്യാടി തെരഞ്ഞെടുത്തത് എന്ന്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ കൃത്യമായി പറഞ്ഞിട്ടുള്ള വാചകം തന്നെയാണ് അതിനുള്ള മറുപടി. യഥാർത്ഥ നീരൊഴുക്കിന് വേണ്ടത്ര പരിഗണന നൽകാതെ ക്രമാതീതമായ ചെലവിൽ കുറ്റ്യാടി വിപുലീകരണ പദ്ധതി നടപ്പിലാക്കി 201.40 കോടി രൂപയുടെ മുതൽമുടക്ക് പ്രയോജനരഹിതമാക്കിത്തീർത്തു എന്നാണ് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ഇത്തരം കുറ്റപ്പെടുത്തലുകൾ ഉള്ളപ്പോൾ ഞങ്ങൾ കുറ്റ്യാടിയെക്കുറിച്ച് മിണ്ടിക്കൂടാ എന്ന് പറയുന്ന ശ്രീ. വി.ഡി. സതീശന്റെ വാദം ആർക്കും സ്വീകാര്യമല്ല. ഇവിടെ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ആര്യാടന്റെ മറുപടി കേട്ടപ്പോൾ ശരിക്കുപറഞ്ഞാൽ മല എലിയെ പ്രസവിച്ച ആ ചൊല്ല് എത്രയോ ശരിയാണെന്ന് എനിക്ക് തോന്നിപ്പോയി. ഇവിടെ മുഴുവൻ പുകമറ സൃഷ്ടിച്ചിരിക്കുകയായിരുന്നു

ഈ ഗവൺമെന്റ്. രാഷ്ട്രീയം മാത്രം ലക്ഷ്യമാക്കിക്കൊണ്ടും, ഇലക്ഷൻ മാത്രം മുന്നിൽ കണ്ടുകൊണ്ടുമാണ് ഒടുവിൽ എസ്. എൻ. സി. ലാവ്‌ലിന്റെ കാര്യം പറയുന്നത്. നാലേമുക്കാൽ കൊല്ലത്തേയ്ക്ക് അധികാരം കയ്യാളിയ ഗവൺമെന്റിന് ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാനുള്ള അധികാരമെല്ലാം കയ്യിലുണ്ടായിരുന്നു. അപ്പോഴെല്ലാം കൈയുംകെട്ടിനോക്കിയിരുന്ന ഗവൺമെന്റാണിത്. ഒടുവിൽ ഒരു വൻപിച്ച ആഷോഷം കൊണ്ടാടുകയാണ്. എസ്.എൻ.സി. ലാവ്‌ലിൻ ആഘോഷം. ആ ആഘോഷമെല്ലാം കഴിഞ്ഞ് ഇപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മറുപടി കേട്ടപ്പോൾ സത്യം പറഞ്ഞാൾ ഉള്ളിയുടെ തൊലി പൊളിച്ച് പൊളിച്ച് കളയുന്നതുപോലെ തോന്നി.

ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച ഏറ്റവും മുഖ്യമായ വാദത്തിന്റെ മറുപടി ഞാൻ ആദ്യം പറയട്ടെ. അദ്ദേഹം ഇവിടെ പറഞ്ഞത് Foreign Contribution Regulation Act-ന്റെ വയലേഷനെപ്പറ്റിയാണ്. അദ്ദേഹം ഉദ്ധരിച്ച രേഖ ഇവിടെയുണ്ട്. ആ രേഖ മുഴുവൻ വായിച്ചാൽ ഞങ്ങൾക്കറിയാം അതിൽ എന്താണുള്ളതെന്ന്. ഞാൻ അത് വായിക്കാൻ ആഗ്രഹിക്കുന്നു. Foreign Contribution Regulation Act-ന്റെ ലംഘനത്തെപ്പറ്റി ശ്രീ. ആര്യാടൻ പറഞ്ഞ വാദങ്ങൾ എല്ലാം നിരർത്ഥകങ്ങളാണെന്ന് ആ ഡോക്യുമെന്റ് വ്യക്തമായി പറയുകയാണ്. Whereas the Central Government has had an inspection of the accounts and records of the association, അത് Cancer Institute ആണ്, conducted in terms of Section (14) of the Act and the said inspection has not revealed any misutilisation or misappropriation of the foreign contribution by the association എന്ന് വ്യക്തമായി പറഞ്ഞിരിക്കുകയാണ്. അതിൽ വീണ്ടും പറയുന്നു. Whereas based on the above facts the Central Government has come to the conclusion that the contravention of the provision of the Act by the association in the instant case was not a wilful act on its part and that in the circumstances a lenient view of the said contravention appears warranted especially in view of the utilisation of the foreign contribution by the association for the welfare activities undertaken by its—ഇതാണ് കൃത്യമായ മറുപടി. മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്തിനുവേണ്ടി നിൽക്കുന്നു എന്നും എന്തെല്ലാം ചെയ്തു എന്നും അതിന്റെ എല്ലാ ചെയ്തികളും എങ്ങനെയാണെന്നും കൃത്യമായി പറഞ്ഞിരിക്കുകയാണ്. ഈ ഒരു രേഖയുടെ കൃത്യമായ ഉള്ളടക്കം പോലും വായിക്കാതെ ഒരു വളച്ചൊടിക്കൽതന്നെ വേണ്ടിവന്നു ശ്രീ. ആര്യാടൻ മുഹമ്മദിന് അദ്ദേഹം കെട്ടിപ്പൊക്കിയ അപവാദ പ്രചാരവേലയുടെ വലിയ കോട്ടയെ കാത്തുരക്ഷിക്കാൻ. അത് പൊളിഞ്ഞുവീഴുന്നു. ഇവിടെശ്രീ. സതീശൻ പറഞ്ഞത് preposterous എന്ന വാക്കിന്റെ അർത്ഥത്തെപ്പറ്റിയാണ്. പഴയ ഏതോ ഫയലിൽ ഏതോ ഉദ്യോഗസ്ഥ മേധാവി എഴുതിവച്ചത്രേ preposterous എന്ന്. ആ വാക്കിന്റെ അർത്ഥം അദ്ദേഹം നിഘണ്ടുവിൽ നിന്ന് തെരഞ്ഞുപിടിച്ചു. Stupidity എന്നാണെന്ന്. Stupidity എന്ന

LIBRARY ARCHIVES Kerala Legislative Assembly

ആ വാക്കിന്റെ പേര് പറഞ്ഞുകൊണ്ട് ശ്രീ. സതീശനും ശ്രീ. ആര്യാടൻ മുഹമ്മദും യു.ഡി.എഫ്. വക്താക്കളും എല്ലാവരും സംരക്ഷിക്കാൻ ശ്രമിക്കുന്ന ആ വാദങ്ങളെ പൊളിക്കുകയാണ് ഈ രേഖ. ഇത് 2002 ജനുവരി മാസം 15-ന്റെ Minutes of the first Governing Body meeting of the Malabar Cancer Centre Society held on 15 January, 2002 in the Chief Minister's Conference Hall. അതിൽ ചെയർമാനായി പങ്കെടുത്തത് മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി, വൈസ് ചെയർമാൻ ശ്രീ. കടവൂർ ശിവദാസൻ. അതിൽ ഒരു ഭാഗത്ത് പറയുന്നു. The Director, Dr. Iqbal Ahammed informed the Committee regarding the MOU between Messrs. SNC Lavalin and Government of Kerala which is expired on 14-12-2001 and requested the Governing Body to decide on transferring the MOU into the Memorandum of Agreements, the draft of which is pending with the Government. In this context the honourable Minister for Electricity emphasized the requirement of signing the Agreements for collecting the financial assistance from other agencies in Canada particularly CIDA. He also said that this centre is an absolute necessity for Malabar area and confirmed that all possible steps will be taken for the development of this Centre. ശ്രീ. കടവൂരിന്റെ വാക്കാണ്. ശ്രീ. കടവൂർ ഈ പറഞ്ഞ വാക്ക് സ്റ്റുപ്പിഡ് വാക്കാണോ എന്ന് അവർ വ്യക്തമാക്കണം.

XVI ക്രമപ്രശ്നം

ശ്രീ. പി. ടി. തോമസ്: സർ, റൂൾ 303 അനുസരിച്ച് ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഇവിടെ നടന്നുകൊണ്ടിരിക്കുന്നത് റൂൾ 58 അനുസരിച്ച് കുറ്റ്യാടിയെപ്പറ്റിയുള്ള ചർച്ചയാണ്. എന്റെ ബഹുമാന്യനായ സ്നേഹിതൻ പറഞ്ഞുകൊണ്ടിരി ക്കുന്നത് ലാവ്‌ലിൻ കമ്പനിക്ക് നൽകിയ കരാറിനെപ്പറ്റിയും, പള്ളിവാസലിനെ പ്പറ്റിയുമാണ്. അത് ചട്ടവിരുദ്ധമാണ്. അങ്ങനെ വരാൻ പാടില്ല. (ബഹളം) ..... (ബഹളം).....

ശ്രീ. ബിനോയ് വിശ്വം: ശ്രീ. തോമസിന് നല്ലവണ്ണം കൊള്ളും, അതുകൊണ്ട് തോമസ് അങ്ങനെ പറയുകയാണ്. ഇവിടെ എല്ലാവരും ചെയ്യുന്ന കാര്യം, ചെയർ സമ്മതിച്ച കാര്യം ഞാൻ ചെയ്യുന്നു. ഉള്ളതു പറയുമ്പോൾ കള്ളിക്കു തുള്ളൽ വരും.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ വാശിയുടേയോ തുള്ളലിന്റേയോ പ്രശ്നമല്ല, ചട്ടത്തിന്റെ പ്രശ്നമാണ്. റൂൾ 58 അനുസരിച്ച് ചർച്ചകൾ 'എ' മാറ്റർ എന്നാണ്. ഇതിനു ഒതാട്ടുമുമ്പ് ഒരു മാറ്റർ ചർച്ചചെയ്ത് മാറ്റിവച്ചു, ആ മാറ്റിവച്ച മാറ്റർ തന്നെ വീണ്ടും 'എ' മാറ്റർ എന്ന രൂപത്തിൽ എടുക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ളതാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നം. ഈ സഭയിൽ തന്നെ ആ മാറ്ററിനെക്കുറിച്ച് നമ്മൾ സംസാരിച്ചു കഴിഞ്ഞിരിക്കുന്നു, അത് സഭ ഡിസ്പോസ് ചെയ്തു കഴിഞ്ഞിരിക്കുന്നു. അതിനു ശേഷം വേറെ ഒരു മാറ്ററിലേയ്ക്ക് കടന്നിരിക്കുന്നു. ഈ പഴയ മാറ്റർ തന്നെ കൊണ്ടുവന്നാൽ നമ്മൾ ചട്ട വിരുദ്ധമായി എന്നുള്ളത് ലോകം കാണും, അതുകൊണ്ട് ചട്ടവിധേയമായി ഏത് കാര്യം ചെയ്യുന്നതിലും കുഴപ്പമില്ല. ഇത് ചട്ടവിരുദ്ധമാണ്, അതുകൊണ്ട് അങ്ങ് ഇതിനെ സംബന്ധിച്ച് റൂൾ ചെയ്യണം.

XVII റൂളിംഗ്

മി. ചെയർമാൻ: ശ്രീ. ബിനോയ് വിശ്വം രണ്ടാമത്തെ ചർച്ചയിൽ ഉള്ള വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കുക, ആദ്യത്തെ വിഷയം ആ ചർച്ചയിൽ പൂർത്തീകരിച്ചു, രണ്ടാമത്തെ വിഷയത്തിൽ തന്നെ ഒതുങ്ങി നിന്ന് സംസാരിക്കുക.

ചട്ടം 58 പ്രകാരമുള്ള ചർച്ച (തുടർച്ച)

ശ്രീ. ബിനോയ് വിശ്വം: രണ്ടാമത്തെ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളേ ഞാൻ പറയുന്നുള്ളൂ. അതുമായി ബന്ധപ്പെട്ട വിഷയങ്ങളും, രാഷ്ട്രീയ പ്രശ്നങ്ങളുമല്ലാതെ മറ്റൊന്നും ഞാൻ പറയുകയില്ല. ഇവിടെ പറഞ്ഞ വക്താക്കൾ എല്ലാം പറയണം മലബാർ ക്യാൻസർ ആശുപത്രിക്കുവേണ്ടി ഏറ്റവും ഭാവനാപൂർണ്ണമായ നിലപാട് നയിക്കുന്നത് ഒരു കുറ്റമാണോ? കുറ്റമാണെങ്കിൽ അതിനെയാണ് നിങ്ങൾ സ്റ്റുപ്പിഡ് ആയി വാഴ്ത്തുന്നത് എങ്കിൽ എങ്ങനെയാണ് ശ്രീ. കടവൂരിന് ഈ വാക്കുകൾ ഇവിടെ പറയാൻ കഴിയുന്നത്? അടുത്ത കത്ത് ശ്രീ. എ. കെ. ആന്റണിയുടേതാണ്. അദ്ദേഹത്തിന്റെ കത്ത് 28-1-2002.....

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഭയിൽ ഒരു റൂളിംഗ് നൽകി കഴിഞ്ഞാൽ ആ റൂളിംഗിന് വിരുദ്ധമായി സംസാരിക്കാമോ? വീണ്ടും റൂളിംഗ് ലംഘിച്ച് നമുക്ക് പ്രസംഗം തുടരാൻ കഴിയുമോ? (ബഹളം.....) റൂൾ 58-നെ സംബന്ധിച്ച് ചെയറിൽ ഇരുന്ന ശ്രീ. എം. മുരളി, ഒരു റൂളിംഗ് നടത്തിയതിനു ശേഷമാണ് ചെയറിൽ ചെയിഞ്ച് വരുന്നത്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇതിലോട്ട് ശ്രദ്ധിച്ചു വരുന്നതേയുള്ളൂ എന്ന് എനിക്ക് അറിയാം. ഇപ്പോൾ റലവന്റായിട്ടുള്ളത് ഇതിനു തൊട്ടുമുമ്പ് അതായത് രണ്ട് മിനിട്ട് മുമ്പ് കൊടുത്ത റൂളിംഗാണ്. ആ റൂളിംഗിൽ പറഞ്ഞിരിക്കുന്നു ഈ വിഷയത്തിൽ നിന്നുകൊണ്ട് സംസാരിക്കണമെന്ന്. വീണ്ടും പഴയ പേപ്പറുകൾ കോട്ട് ചെയ്യാനും വിഷയത്തിൽ നിന്ന് മാറാനും 'എ' മാറ്റർ എന്നുള്ളതു മൾട്ടി മാറ്ററാക്കി മാറ്റാനും ശ്രമിക്കുകയാണ്. അത് ശരിയല്ല. ഇത് റൂളിംഗിനു വിരുദ്ധമാണ്. മാത്രമല്ല ചെയറിന്റെ റൂളിംഗിന് നേരെ വിരുദ്ധമായി പെരുമാറുന്നതും ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയറിൽ ആൾ മാറിയതേയുള്ളൂ, ചെയർ മാറിയില്ല. ചട്ട വിരുദ്ധമായിട്ടുള്ളതൊന്നും ഇവിടെ അംഗീകരിക്കില്ല.

ശ്രീ. ബിനോയ് വിശ്വം: മൾട്ടി മാറ്റാക്കി മാറ്റിയതിന് ആരെല്ലാമാണ് മുൻകൈയെടുത്തതെന്ന് അറിയുമ്പോൾ സഭയ്ക്കും ചെയറിനും പ്രയാസം കാണും. ശ്രീ. ആന്റണി തന്നെ പറയുകയാണ് The Malabar Cancer Centre has since started its activities and provided much needed medical services for cancer patients in North Kerala. ആ സ്ഥാപനത്തെപ്പറ്റി നിരന്തരം അപവാദം പ്രചരിപ്പിച്ചുകൊണ്ട് അതിനെ സ്റ്റുപ്പിഡിറ്റിയായും ഭ്രാന്തായും വ്യാഖ്യാനിക്കാൻ ശ്രമിക്കുമ്പോൾ അത് മലബാറിനോടും കേരളത്തിലെ ജനങ്ങളോടും എല്ലാം കാണിക്കുന്ന യു.ഡി.എഫ്.-ന്റെ വഞ്ചനയായും ക്രൂരതയായയും അവരെല്ലാവരും കാണും. കുറ്റ്യാടി സ്കീമിന്റെ ആ വ്യവസ്ഥയിൽ ഒരു കാര്യം പറയുന്നു. അത് ഗ്രാന്റായി ലഭിക്കാനിടയുള്ള വെൽഡിംഗ് സ്കൂളിനെപ്പറ്റിയാണ്. എസ്.എൻ.സി. ലാവ്‌ലിന്റെ വൈസ് പ്രസിഡന്റ് (ഓപ്പറേഷൻസ്) Klaus Triendl എഴുതുകയാണ്, സ്വിസ് ആന്റ് ബ്രൗൺ എന്നുപറയുന്ന സിഡയുടെ സൗത്ത് ഏഷ്യ ഇൻഡസ്ട്രീയൽ കോർപ്പറേഷന് (പ്രോഗ്രാം) ആണ് ഈ കത്തെഴുതിയിരിക്കുന്നത്. അതിൽ പറയുന്നു. To enhance and expand the dissemination of technical capabilities we would like to have CIDA's financial assistance to set up and operate a Technical Teachers Training Programme to train welding instructors and welders. എന്നിട്ട് പറയുന്നു As you are aware there is substantial welding required for a Hydro Station in particular the water containing system to and from the turbines and in the guides. The initial utilisation of the capabilities developed at such a welding school would be to carry out the welding required for the Kuttiyadi Extension Scheme. ഇതുപ്രകാരമുള്ള ഒരു ശ്രമം നടത്തി എഗ്രിമെന്റ് പ്രകാരം അവകാശപ്പെട്ട ആ സ്ഥാപനം നേടിയെടുക്കാൻ എന്തുകൊണ്ട് ശ്രീ. ജി. കാർത്തികേയനും യു.ഡിഎഫി-ന്റെ മന്ത്രിമാരും തയ്യാറാകാതെപോയി എന്നുള്ളത് വ്യക്തമാക്കണം. വാഗ്ദാനം ചെയ്യപ്പെട്ട, അവകാശപ്പെട്ട, വെൽഡിംഗ് സ്കൂൾ ലഭിക്കാൻവേണ്ടി ഒന്നും ചെയ്യാത്ത ഒരു ഗവൺമെന്റ് ക്യാൻസർ ആശുപത്രി സ്ഥാപിച്ച എൽ.ഡി.എഫ്. ഗവൺമെന്റിനെ തള്ളിപ്പറയുമ്പോൾ നമുക്കെല്ലാപേർക്കും മനസ്സിലാകും യു.ഡി.എഫ്. ഈ സ്കൂളിനുപകരം മറ്റെന്തോ കൈക്കലാക്കിയിട്ടുണ്ടെന്ന്. ഈ വെൽഡിംഗ് സ്കൂളിനെ ദാനം കൊടുത്തുകൊണ്ട് എന്തെങ്കിലും പ്രതിഫലമോ ദാനമോ കൈപ്പറ്റിയില്ലെങ്കിൽ എന്തുകൊണ്ട് ഈ സ്കൂളിന്റെ കാര്യം ഒരിക്കൽപോലും മിണ്ടാൻ യു.ഡി.എഫ്. കൂട്ടാക്കിയിട്ടില്ല? മലബാർ ആശുപത്രി എൽ.ഡി.എഫ് നേടിയതാണ്. അതിന്റെ കരാർ പുതുക്കാൻ തയ്യാറായിരുന്നുവെങ്കിൽ വാഗ്ദാനം ചെയ്യപ്പെട്ട മുഴുവൻ പണവും കിട്ടുമായിരുന്നു. ആ പണം കിട്ടാൻ വേണ്ടി മുൻകൈയെടുക്കാൻ വിസമ്മതിച്ച യു.ഡി.എഫ്.ഗവൺമെന്റാണ് ഇന്നിപ്പോൾ ശരിക്കും പ്രതിക്കൂട്ടിൽ നിൽക്കുന്നത്. അതുകൊണ്ട് പ്രതികൂട്ടിലായ യു.ഡി.എഫ്. പ്രതിയാണെന്ന കാര്യം ഒരിക്കൽക്കൂടി കേരളത്തെ വിളിച്ച് അറിയിക്കാൻ ഈ

LIBRARY ARCHIVES Kerala Legislative Assembly

ചർച്ച ഉതകി. ഈ ചർച്ചയ്ക്ക് വഴിയൊരുക്കിയ എല്ലാപേരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, കുറ്റ്യാടി പദ്ധതിയുടെ സി ആന്റ് എ. ജി റിപ്പോർട്ടിനെപ്പറ്റി ഇവിടെ മൂന്നര മണിക്കൂർ ചർച്ച നടന്നു, ആ ചർച്ച മുഴുവൻ എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി നൽകേണ്ട പണം ക്യാൻസർ സെന്ററിന് കൊടുത്തില്ല; അത് കിട്ടാത്തതിനു കാരണം ശ്രീ. പിണറായി വിജയനാണ് എന്ന് വരുത്തിത്തീർക്കാനുള്ള മാക്സിമം ശ്രമമാണ് നടത്തിയത്. അദ്ദേഹം നിരപരാധിയാണെന്ന് പറയാനാണ് ഞങ്ങൾ ശ്രമിച്ചത്. ആ മൂന്നര മണിക്കൂർ ചർച്ചകൊണ്ട് എന്ത് ഗുണം കിട്ടിയെന്ന് എനിക്ക് ഇപ്പോഴും മനസ്സിലാകുന്നില്ല. നിങ്ങളോട് ഞാൻ ചോദിക്കട്ടെ, വിജിലൻസ് അന്വേഷിച്ച് നിങ്ങളുടെ റിപ്പോർട്ട് വച്ചില്ലേ? ഞാൻ സംശയം ചോദിക്കുകയാണ്; വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് നിങ്ങളുടെ കയ്യിലുണ്ടല്ലോ, ആ റിപ്പോർട്ട് നിങ്ങൾ പുഴുങ്ങിത്തിന്നാൻ വച്ചിരിക്കുകയാണോ? കേരളത്തിലെ ജനങ്ങൾക്ക് അത് അറിയണ്ടേ? ആ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കണമെന്ന് പറയാനുള്ള സാമാന്യ മര്യാദ നിങ്ങൾ പ്രകടിപ്പിക്കണ്ടേ? നിങ്ങൾ പ്രകടിപ്പിച്ചോ? ഞാൻ ചോദിക്കട്ടെ, കുറ്റ്യാടി പദ്ധതിയുമായി ബന്ധപ്പെട്ട കേസിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനും ഇടതുപക്ഷ നേതാക്കൻമാർക്കും ഒരു ബന്ധവുമില്ലല്ലോ. ബഹുമാനപ്പെട്ട കാർത്തികേയന്റെ കാലത്തെ മാത്രമല്ലേ; ശ്രീ. പത്മരാജന്റെ കാലത്തെ മാത്രമല്ലേ; നിങ്ങളുടെ ഭരണകാലത്തെ കാര്യങ്ങളല്ലേ അത് സംബന്ധമായി പറഞ്ഞിരിക്കുന്നത്? അത് വളരെ വ്യക്തമായി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. അതിൽ 92-ാം പേജിൽ അങ്ങനെ സാങ്കേതിക സാമ്പത്തിക പഠനത്തിന്റെ സമയത്ത് നീരൊഴുക്കിലെ കുറവ് കണക്കിലെടുക്കാതെ 204.10 കോടി രൂപയുടെ ഭീമമായ ചെലവിൽ വിവുലീകരണ പദ്ധതി നടപ്പിലാക്കിയതിന് ന്യായീകരണമില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഞങ്ങളാരുമല്ല പറഞ്ഞിരിക്കുന്നത്. സി ആന്റ് എ.ജി ആണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ആ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടേ ശ്രീ. കാർത്തികേയൻ. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിങ്ങളെന്ത് നടപടി സ്വീകരിച്ചു! ഒക്കെ പോകട്ടെ, യു.ഡി.എഫ്. പ്രസ്ഥാനത്തെ നിലനിർത്തിയിരിക്കുന്നതു തന്നെ മലയാള മനോരമയാണ്. മലയാള മനോരമയില്ലായിരുന്നുവെങ്കിൽ യു.ഡി.എഫ്. പ്രസ്ഥാനമേ കാണില്ല. കോൺഗ്രസ് പാർട്ടിയേ കാണില്ല. ഇതിനുമുമ്പേ പൂട്ടിക്കെട്ടിപോകുമായിരുന്നു. മനോരമ എഴുതിയിരിക്കുന്നത് എന്താണ്? മലയാള മനോരമയുടെ എഡിറ്റോറിയലിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യങ്ങളുണ്ട്. 100 കോടി രൂപ ചെലവഴിച്ച് ഏഷ്യയിലെതന്നെ മികച്ച ക്യാൻസർ ആശുപത്രിയാക്കി മലബാർ ക്യാൻസർ സെന്ററിനെ മാറ്റണമെന്നായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എസ്.എൻ.സി. ലാവ്‌ലിനുമായി ഉണ്ടാക്കിയ ധാരണാപത്രം പുതുക്കാനോ അവരുമായി കരാറുണ്ടാക്കാനോ ഇപ്പോൾ ശ്രമം നടക്കുന്നില്ല. 1-10-2002-ലെ മലയാള മനോരമ എഡിറ്റോറിയലിലാണ് പറഞ്ഞിരിക്കുന്നത്. നിങ്ങളുടെ കാലത്ത് നിങ്ങളുടെ കുഴപ്പംകൊണ്ട് ആ ക്യാൻസർ സെന്ററിനു കിട്ടേണ്ട

LIBRARY ARCHIVES Kerala Legislative Assembly

പണംപോലും കിട്ടാതെ പോയി എന്നു തെളിയിക്കുന്ന ഒരു കാര്യമല്ലേ മലയാള മനോരമയുടെ എഡിറ്റോറിയലിൽ വന്നത്? നിങ്ങൾക്കുവേണ്ടി മാത്രം പ്രസിദ്ധീകരിക്കുന്ന ഒരു പത്രമാണല്ലോ അത്. വീക്ഷണം കൊണ്ട് കോൺഗ്രസ് രക്ഷപ്പെടുമോ? മലയാള മനോരമ പത്രം കൊണ്ടല്ലേ കോൺഗ്രസ് പിടിച്ചുനിൽക്കുന്നത്? ആ പത്രമല്ലേ ഇങ്ങനെ എഴുതിവച്ചിരിക്കുന്നത്? അവർ വീണ്ടും പറയുന്നു, മുഖ്യമന്ത്രിയും വൈദ്യുതി വകുപ്പുമന്ത്രിയും ആരോഗ്യവകുപ്പുമന്ത്രിയും എല്ലാമാണ് ആശുപത്രിയുടെ അമരത്ത് എന്ന്. ഭരണസമിതിയുടെ തലപ്പത്തുള്ളവർ അടിയന്തിരമായി ആശുപത്രി സന്ദർശിക്കണം. രാഷ്ട്രീയക്കളിയിൽ രോഗികൾ ബലിയാടാകരുത്. അതുകഴിഞ്ഞ് വീണ്ടും മലയാള മനോരമ പറയുന്നു, ഇനിവേണ്ടത് സംസ്ഥാന സർക്കാരിന്റെ താൽപ്പര്യവും ശ്രമവുമാണ്. എസ്.എൻ.സി. ലാവ്‌ലിൻ വാഗ്ദാനം ചെയ്ത പണം കിട്ടാൻ ഇടയുണ്ടോയെന്ന് പരിശോധിക്കണം. ഇല്ലെങ്കിൽ മറ്റ് ഏജൻസികളെ കണ്ടെത്തണം. അല്ലാതെ ആശുപത്രിയെ നാശത്തിലേയ്ക്ക് തള്ളിവിടരുത്. ലാസ്റ്റ് സെന്റൻസാണ് ഏറ്റവും പ്രധാനപ്പെട്ടത്, അത് മലബാറിനോട് ചെയ്യുന്ന കൊടുംചതിയായിരിക്കും. മലയാള മനോരമ പറഞ്ഞിരിക്കുകയാണ്. ആരാണ് മലബാറിനോട് ആ കൊടും ചതി ചെയ്തത്? നിങ്ങളല്ലേ? 2002-ൽ നിങ്ങൾ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളെ സഹായിക്കുന്ന മലയാളമനോരമ തന്നെ പറഞ്ഞിരിക്കുകയാണ്. മലബാറിനോട് ചെയ്യുന്ന കൊടുംചതി എന്ന്. ആരാണ് കൊടുംചതി ചെയ്തത്? 2006 വരെ നിങ്ങളല്ലേ ഭരിച്ചുകൊണ്ടിരുന്നത്? ആ കൊടും ചതിയുടെ പൂർണ്ണമായ ഉത്തരവാദിത്വം നിങ്ങൾക്കാണെന്ന് നിങ്ങളുടെ പത്രമായ മലയാള മനോരമ പറയുന്നു. പിന്നെ നിങ്ങൾ എങ്ങനെ ന്യായീകരിക്കുന്നു? ഇവിടെ നിയമസഭ തീരാൻ പോകുന്ന ഈ സമയത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാവിനെ അവഹേളിക്കാം, അപമാനിക്കാം എന്ന ദുഷ്ടബുദ്ധിയോടുകൂടി ഈ ചർച്ച ഇവിടെ കൊണ്ടുവന്നു എന്നതിലാണ് എനിക്ക് പരാതി. ഇത് മോശമായിപ്പോയി എന്നുള്ള അഭിപ്രായമെനിക്കുണ്ട്. എന്തിന് മൂന്നര മണിക്കൂർ നിങ്ങൾ കളഞ്ഞു. ഇനി അടുത്ത മൂന്നര മണിക്കൂർ വരാൻ പോകുകയാണ്. ഈ ചർച്ചകൊണ്ട് ആർക്കാണ് ഗുണം? ഈ സംസ്ഥാനത്തിന് എന്തു നേട്ടമാണ് ഉണ്ടായത്; എന്ത് ലാഭമാണ് ഉണ്ടായത്? ഇതാണ് എന്റെ ചോദ്യം. വെറുതെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ നേതാക്കൻമാരെ, പ്രത്യേകിച്ച് ശ്രീ. പിണറായി വിജയനെപ്പോലെ ഒരു തൊഴിലാളി പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന ഒരു ജനനേതാവിനെ അപമാനിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന നാണംകെട്ട ചർച്ചയായിപ്പോയി ഈ റൂൾ 50 അനുസരിച്ചുള്ളത്. അത് പറയാതിരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് കട്ടവനെ പിടിക്കാൻ നിങ്ങൾ തയ്യാറാകണം.ഞാൻ ചോദിക്കട്ടെ, എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി പണം തരാത്തവരാണ്; അവരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണം എന്ന് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു, നിങ്ങൾക്ക് എന്താണ് ധൈര്യമില്ലാത്തത്? എന്തുകൊണ്ട് നിങ്ങളതു ചെയ്യുന്നില്ല? അതിനെ കരിമ്പട്ടികയിൽപ്പെടുത്തണം. ഏതു വിധത്തിലുള്ള അന്വേഷണത്തെയും നേരിടാൻ ഈ ഇടതുപക്ഷ ജനാധിപത്യമുന്നണി തയ്യാറാണെന്ന് പറഞ്ഞു. നിങ്ങൾക്ക് അന്വേഷണം വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ നിങ്ങളുടെ ആവശ്യം ഇങ്ങനെ പറഞ്ഞുകൊണ്ടു നടക്കണം. ഈ പരിപാടി ശരിയല്ല. ജനങ്ങളെ കബളിപ്പിക്കാനുള്ള കള്ള പ്രചരണത്തിനുവേണ്ടി നടത്തുന്ന ഈ നീക്കം അവസാനിപ്പിക്കാൻ ഞാൻ ആവശ്യപ്പെടുകയാണ്.

ഡോ. കെ. സി. ജോസഫ്: സർ, ഇന്ന് രാവിലെയും ഇപ്പോഴുമായി സംസ്ഥാനത്തെ ചില വൈദ്യുത പദ്ധതികളെ സംബന്ധിച്ച് സി.ആന്റ്.എ.ജി നടത്തിയ കണ്ടെത്തലുകളെക്കുറിച്ചുള്ള ചർച്ച നടക്കുകയാണ്. കുറ്റ്യാടി ആഗ്മെന്റേഷനെ സംബന്ധിച്ചുള്ള സി. ആന്റ്.എ.ജി.യുടെ കണ്ടെത്തലുകളെപ്പറ്റി രാവിലെ നടന്ന ചർച്ചയ്ക്ക് മറുപടിയായി ശ്രീ. ആര്യാടനും അദ്ദേഹത്തോടൊപ്പമുള്ള ആളുകളും ചൂണ്ടിക്കാട്ടിയ വിമർശനങ്ങളെല്ലാം തന്നെ യു.ഡി.എഫ് ഗവൺമെന്റ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള നിലപാടുകൾക്കെതിരെയുള്ള വിമർശനങ്ങളായി നമുക്ക് കാണാൻ കഴിയും. ഡോ. തോമസ് ഐസക് പറഞ്ഞതുപോലെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് മൂന്ന് ഘട്ടങ്ങളുണ്ട്. എം.ഒ.യു., കൺസൾട്ടൻസി കരാർ, അഡന്റം. അത് രണ്ട് പദ്ധതികൾക്കും ഒരുപോലെയുണ്ട്. അതിലാകെ ഒരു അഡന്റം മാത്രമാണ് എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുള്ളത്. അതിന്റെ മറവിൽ സി.ആന്റ്.എ.ജി.യുടെ കണ്ടെത്തലുകൾ മൊത്തമായി ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായി ഉപയോഗിച്ച് തെരഞ്ഞെടുപ്പടുത്തവേളയിൽ പുകമറ സൃഷ്ടിച്ച് രാഷ്ട്രീയ നേട്ടം കൊയ്യുവാനുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ നീക്കമാണിത്. അവരുടെ ഇരട്ടത്താപ്പ് നയം കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും എന്നുമാത്രമേ എനിക്ക് പറയുവാനുള്ളൂ. മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ചിടത്തോളം ഇലക്ട്രിസിറ്റി ബോർഡിന് എന്താണ് കാര്യമെന്ന് ശ്രീ. സതീശൻ ചോദിച്ചു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിശദീകരിച്ചു. ബോധപൂർവ്വം ലാവ്‌ലിൻ കമ്പനിയുമായി, അവർക്ക് കേരളവുമായിട്ടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, കേരളം ഉണ്ടായതിന് ശേഷം നടത്തിയിട്ടുള്ള ഇടപാടുകളുടെ അടിസ്ഥാനത്തിൽ ആ ഗുഡ് വിൽലിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലയിലെ ജനങ്ങൾക്ക് ആകെ ആവശ്യമായ ഒരു സ്പെഷ്യലിസ്റ്റ് ആശുപത്രി സ്ഥാപിക്കാൻ അവരുടെ ധനസഹായം ബഹുമാനപ്പെട്ട നമ്മുടെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന നായനാരുടെ റിക്വസ്റ്റ് അനുസരിച്ച് കിട്ടി. ആ എം.ഒ.യു എന്തുകൊണ്ട് എഗ്രിമെന്റാക്കി മാറ്റിയില്ല എന്ന് ശ്രീ. സതീശൻ ചോദിക്കുന്നു. ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിലും എം.ഒ.യു ലൈവാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലത്ത് അത് ഇല്ലായ്മപ്പെട്ടിട്ടില്ല. അപ്പോൾ ലൈവായിരുന്ന എം.ഒ.യു എഗ്രിമെന്റാക്കി മാറ്റിയില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്വം യു.ഡി.എഫ് ഗവൺമെന്റിനും ബഹുമാനപ്പെട്ട ആന്റണിക്കും അതിനുശേഷമുള്ള ബഹുമാനപ്പെട്ട മന്ത്രിമാർക്കുമാണ്. ആ നിലയിൽ കേരളത്തിന് ലഭ്യമാകുമായിരുന്ന ആനുകൂല്യം നേടിയെടുക്കാൻ കഴിയാത്ത തരത്തിൽ അത് നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ചുമലിൽ ഇടാനുള്ള നീക്കം വിജയിക്കില്ല എന്ന് മാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. കൂടുതൽ ദീർഘമായി ഞാൻ സംസാരിക്കുന്നില്ല. കുറ്റ്യാടി ആഗ്മെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ന്റേഷനെ സംബന്ധിച്ചിടത്തോളം 201 കോടി രൂപയുടെ മുതൽമുടക്ക് വേണ്ടത്ര അവധാനതയോടുകൂടി നീരൊഴുക്കിനെ സംബന്ധിച്ച് പഠനം നടത്തി തീരുമാനമെടുക്കാത്തതുകൊണ്ട് ആ മൂലധന നിക്ഷേപം ഒരു തെറ്റായിരുന്നു എന്ന് ചൂണ്ടിക്കാണിക്കുമ്പോൾ അതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ മറുപടി പറയാൻ നിങ്ങൾക്ക് കഴിയില്ല. അതുപോലെതന്നെ സാമ്പത്തികമായിട്ടുള്ള ലാഭത്തെക്കുറിച്ച് പറയാം. ബഹുമാനപ്പെട്ട സതീശൻ, "ഗ്രാന്റ് പോർഷൻ ലഭിച്ചു, അതിന് തെളിവുണ്ട്" എന്നു പറഞ്ഞു. 15 ലക്ഷം ഡോളറിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടില്ലെന്ന് സി. ആന്റ്. എ.ജി റിപ്പോർട്ടിൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതുപോലെ പലിശ നിരക്ക് കൂടുതലായിരുന്നു എന്നുള്ള കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ട്. ആ നിലയിൽ കുറ്റ്യാടി വിപുലീകരണ പദ്ധതിയിൽ യു.ഡി.എഫ് പൂർണ്ണമായും തീരുമാനമെടുത്തു. അതുപോല പളളിവാസൽ പദ്ധതിയിൽ തുടക്കത്തിലുള്ള എം.ഒ.യു-വും പ്രാഥമികമായിട്ടുള്ള കരാറും ഒപ്പിട്ടുകൊണ്ട് ഈ രണ്ട് പദ്ധതിയിലും സംസ്ഥാനത്തിന് നഷ്ടമുണ്ടാക്കി വച്ച യു.ഡി.എഫ് ഗവൺമെന്റിന്റെ നിലപാടുകൾ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് രാഷ്ട്രീയമായി രക്ഷപ്പെടാനുള്ള യു.ഡി.എഫ്-ന്റെ നീക്കം അവജ്ഞയോടുകൂടി തന്നെ കേരളത്തിലെ ജനങ്ങൾ നോക്കിക്കാണുമെന്ന് മാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, ഇത് നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട മേഖലയായ വൈദ്യുതിയുടെ പ്രശ്നമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് 196 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിച്ചു എന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി പറഞ്ഞു. ഇതിനുമുൻപ് യു.ഡി.എഫ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ 17 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഉൽപ്പാദിപ്പിച്ചത്. പത്ത് കൊല്ലം യു.ഡി.എഫ് അധികാരത്തിലിരുന്ന ഘട്ടത്തിൽ 200 മെഗാവാട്ട് വൈദ്യുതി പോലും കേരളത്തിൽ ഉൽപ്പാദിപ്പിക്കാൻ യു.ഡി.എഫ്-ന് സാധിച്ചില്ല. ഇടതുപക്ഷജനാധിപത്യമുന്നണി അഞ്ച് കൊല്ലം കേരളത്തിൽ അധികാരത്തിലിരുന്നപ്പോൾ ആയിരത്തിലധികം മെഗാവാട്ട് വൈദ്യുതി ഇവിടെ ഉൽപ്പാദിപ്പിച്ചുവെന്ന് കണക്കുകൾ പറയുന്നു. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്ക് വൈദ്യുതിയുടെ വില കുറയ്ക്കാനും അതുപോലെതന്നെ വൈദ്യുതി മേഖലയിൽ പല തരത്തിലുള്ള മാറ്റങ്ങൾ വരുത്താനും സഹായകരമായ രൂപത്തിലുള്ള വൈദ്യുതി ഉൽപ്പാദനം ഉണ്ടായത് യു.ഡി.എഫ്-ന്റെ ഭരണകാലത്താണ് എന്ന് കണക്കുകൾ നിരത്തികൊണ്ട് അദ്ദേഹത്തിന് പറയാൻ സാധിക്കില്ല. അതുണ്ടായത് എൽ.ഡി.എഫ്-ന്റെ ഭരണകാലത്താണ്. കേരളത്തിന്റെ ചരിത്രത്തിൽ ഒരു ഗവൺമെന്റിന്റെ കാലത്തും എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് ഉല്പാദിപ്പിച്ചത്ര വൈദ്യുതി ഉല്പാദിപ്പിച്ചിട്ടില്ല എന്ന വസ്തുതകൾ നമ്മുടെ മുൻപാകെയുണ്ട്. 1086 മെഗാവാട്ടാണ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉൽപ്പാദിപ്പിച്ചത്. ബഹുമാനപ്പെട്ട കാർത്തികേയൻ മന്ത്രിയായിരുന്ന സന്ദർഭത്തിൽ എത്ര മണിക്കൂർ ഇവിടെ കറന്റ് കട്ടുണ്ടായിരുന്നു? വ്യവസായശാലകൾ കേരളത്തിൽ വരുന്നില്ല. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

രംഗത്ത് വൈദ്യുതി കൊടുക്കാൻ സാധിക്കുന്നില്ല. രാത്രി കടകൾ തുറക്കുന്നില്ല. ആ സ്ഥിതിവിശേഷം നമ്മൾ മനസ്സിൽ കാണുക. ആ ഒരു പശ്ചാത്തലത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ ചുമതല ഏതെല്ലാം രൂപത്തിൽ കേരളത്തിൽ വൈദ്യുതിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നതായിരുന്നു. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ആര്യാടൻ മുഹമ്മദ് തന്നെ ശ്രീ. ലൂഡി ലൂയിസ്, ശ്രീ. കെ. സുധാകരൻ എന്നിവരുടെ ചോദ്യത്തിന് മറുപടിയായി നവീകരണത്തിന് ശേഷം കേരളത്തിൽ വൈദ്യുതിയുടെ ഉൽപ്പാദനം അവിടെ വർദ്ധിച്ചു എന്ന് വസ്തുതകൾ നിരത്തി വച്ചുകൊണ്ട് പറയുന്നു. സർക്കാരിന് തെറ്റ് പറ്റിയതാകാം. പക്ഷേ മറുപടി നൽകിയത് താങ്കളാണ്. നവീകരണത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഗുണമുണ്ടായിരിക്കുന്നു. ഇവിടെ ക്യാൻസർ സെന്ററിന്റെ കാര്യം പറയുന്നു. ഞാൻ ചോദിക്കുന്നു, ഇതൊക്കെ പരസ്യമായി നടന്നതല്ലേ? മുഖ്യമന്ത്രി ശ്രീ. നായനാരും വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. പിണറായി വിജനും കൂടി കാനഡയിൽപ്പോയി ഇതിനെ സംബന്ധിച്ച് സംസാരിച്ചപ്പോൾ കാനഡ ഗവൺമെന്റ് മറ്റ് രാജ്യങ്ങളിൽനിന്ന് വ്യത്യസ്തമായി അവരുമായി ബന്ധപ്പെടുന്ന പാവപ്പെട്ട രാജ്യങ്ങൾ അല്ലെങ്കിൽ വികസ്വര രാജ്യങ്ങളിലെ ജനങ്ങളെ സഹായിക്കുന്നതിന് വേണ്ടി ചില പദ്ധതികൾ നടപ്പിലാക്കുന്നതിന് പറഞ്ഞ കാര്യങ്ങൾ പരസ്യമായി. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടു, നമ്മൾ സ്ഥലം കൊടുത്തു. ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഇവിടെ സ്ഥാപിച്ചു. നിങ്ങൾ അധികാരത്തിൽ വന്ന ശേഷം കഴിഞ്ഞ നാലരക്കൊല്ലമായി എത്ര പണം തന്നു, തന്നില്ലെങ്കിൽ നിയമസഭയെ ഒരുമിച്ച് ചേർത്ത് വിദ്യുച്ഛക്തി കൈകാര്യം ചെയ്യുന്ന ആളുകൾ എന്നുള്ള നിലയ്ക്ക് എന്തുകൊണ്ട് നമ്മളോട് നൽകിയ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ ക്യാൻസർ സെന്റർ യാഥാർത്ഥ്യമാക്കുന്നതിന് ഫലപ്രദമായി നടപടികൾ സ്വീകരിച്ചില്ല? കേരളത്തിലെ ജനങ്ങളോട് ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും യു.ഡി.എഫ് ഗവൺമെന്റും .....

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): നിയമസഭയിലെ എല്ലാവരും കൂടി കൂടിയാലും കാനഡയിലെ എസ്.എൻ.സി ലാവ്‌ലിനെ എന്ത് ചെയ്യാൻ കഴിയും; അവരോട് എങ്ങനെ വാങ്ങണമെന്നാണ് ശ്രീ. നാണു പറയുന്നത്?

ശ്രീ. സി. കെ. നാണു: ഞാൻ പറയുന്നത്, അവരുമായി നമ്മുടെ ഗവൺമെന്റ് ഒരു ധാരണയുണ്ടാക്കുന്നു. മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണിയും ശ്രീ. കാർത്തികേയനും അവരുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ധാരണയുണ്ടാക്കി. നിങ്ങൾ നേരത്തെ പറഞ്ഞ രേഖയിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മലബാർ ക്യാൻസർ സെന്ററിന് എം.ഒ.യു വയ്ക്കാൻ തീരുമാനിച്ചത് നായനാർ മന്ത്രിസഭയായിരുന്നു. ആ എം.ഒ.യു. പുതുക്കാതിരുന്ന സ്ഥിതിവിശേഷം ഉണ്ടാക്കിയത് ക്യാബിനറ്റ് ആലോചിക്കാതെയാണ് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: ഞാൻ അതാണ് പറയുന്നത്. വൈദ്യുതിയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ എൽ.ഡി.എഫ്-കാരായ ഞങ്ങൾ അഭിമാനത്തോടുകൂടി കേരളത്തിലെ ജനങ്ങളോട് പറയും ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഒരു മിനിട്ട് പോലും കറന്റ് കട്ടില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ ഉയർത്തിയത് ഞങ്ങളാണെന്ന്. ഞങ്ങൾ നിങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്നില്ല. ശ്രീ. കാർത്തികേയന്റെ പേരിൽ സി.ആന്റ്.എ.ജി റിപ്പോർട്ടിൽ 201 കോടി രൂപ പ്രയോജനരഹിതമാക്കിയെന്ന് വളരെ ക്ലിയറായി പറയുന്നുണ്ടല്ലോ? ലാവ്‌ലിനെ സംബന്ധിച്ചും സി.ആന്റ്.എ.ജി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പറയുന്നത്. അടിസ്ഥാനപരമായ പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിക്കണം. സി.ആന്റ്.എ.ജി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൽ.ഡി.എഫ്. നേതാക്കളുടെ പേരിൽ നടപടിയെടുക്കണമെന്ന ഗംഭീര പ്രസ്താവനയാണ് ഇവിടെ നടത്തുന്നത്. നമ്മുടെ നാട്ടിൽ ഇതിനൊക്കെ ചില സംവിധാനങ്ങളുണ്ട്. എന്ത് നടപടി എടുക്കുന്നതിലും ഞങ്ങൾക്ക് ആക്ഷേപമില്ല. ഇവിടെ 201 കോടി രൂപയുടെ പ്രശ്നമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വൈദ്യുതിക്ക് വേണ്ടി ഗുണം ചെയ്തവർ ആരാണ്? ഇവിടെ തത്വം മാത്രം പ്രസംഗിക്കുകയും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടാക്കിയ വൈദ്യുതി ഉപയോഗിച്ചുകൊണ്ട് ഈ പ്രശ്നത്തെ വലുതാക്കി മാറ്റി ഉൽപ്പാദന മേഖലയിൽ പുറകോട്ട് പോയവർ ആ രൂപത്തിൽ ഈ പ്രശ്നങ്ങളെ കാണരുത്. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ലാവ്‌ലിനെ സംബന്ധിച്ച് പറയുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ഗുണകരമായ രീതിയിൽ, പരസ്യമായ രൂപത്തിൽ തന്നെ ഉദ്യോഗസ്ഥർ, മുഖ്യമന്ത്രി, ബന്ധപ്പെട്ടവർ എന്നിവർ പോയി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റുണ്ടാക്കി. ശ്രീ. പിണറായി വിജയൻ വിദ്യുച്ഛക്തി വകുപ്പുമന്ത്രിയായ ശേഷം രണ്ട്, മൂന്ന് മേഖലയിൽ അതിനു മുൻപുണ്ടായിരുന്നതിനേക്കാളും കോടികൾ കുറച്ച് എഗ്രിമെന്റ് ഉണ്ടാക്കിയെന്ന് ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. അങ്ങനെ നമ്മുടെ സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തിയുടെ വികസനത്തിന് വേണ്ടി നടപടികൾ സ്വീകരിച്ചത് ഞങ്ങളാണ്. ഇരുട്ടുള്ള സംസ്ഥാനത്തെ വെളിച്ചത്തിലേയ്ക്ക് നയിക്കാൻ തീവ്രമായ നടപടികൾ വേണ്ടിവരും. ഇന്നിപ്പോൾ അതു വേണ്ട. ഇന്ന് കേരളത്തിന്റെ പല ഭാഗത്തും പല വിദ്യുച്ഛക്തി സ്ഥാപനങ്ങൾക്കും ഫുള്ളായി അവരുടെ പ്രൊഡക്ഷൻ വേണ്ട, ആ നിലയിൽ എത്തിച്ചത് എങ്ങനെയാണ്? അങ്ങനെ ഒരു സംവിധാനത്തിലേയ്ക്ക് കേരളത്തെ നയിച്ച ഒരു പശ്ചാത്തലത്തിലാണ് നമ്മൾ ഇവിടെ വരുന്നത്. കണക്കുകൾ കൊണ്ടുള്ള കസർത്ത് ഒന്നും വേണ്ട. 5 കൊല്ലം കൊണ്ട് 17 മെഗാവാട്ടുമാണ് നിങ്ങൾ ഉൽപ്പാദിപ്പിച്ചത്. 1086 മെഗാവാട്ട് ഉണ്ടാക്കി ഈ സംസ്ഥാനത്തെ വിദ്യുച്ഛക്തിയുടെ കാര്യത്തിൽ മുൻപിൽ എത്തിച്ച എൽ.ഡി.എഫി - നെ 17 മെഗാവാട്ട് ഉണ്ടാക്കിയ യു.ഡി.എഫ്. ആക്ഷേപിക്കുന്നത് ഖേദകരമാണ്. ശ്രീ. ബിനോയ് വിശ്വവും മറ്റുള്ളവരും സി.ആന്റ് എ.ജി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് 201 കോടി രൂപയുടെ കാര്യം പറഞ്ഞത്. വസ്തുതകൾ വിലയിരുത്തണം. സി. ആന്റ്.എ.ജി റിപ്പോർട്ടിന് ഡിപ്പാർട്ടുമെന്റിന്റേതായ വിശദീകരണം വന്നു. സി. ആന്റ് എ.ജി വീണ്ടും അതിനെസംബ

ന്ധിച്ച് പറഞ്ഞു. ഉദ്യോഗസ്ഥർ വീണ്ടും ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലാ സമതി യോഗം ചേർന്നു. ആ സമിതിയിൽ ഇതുസംബന്ധിച്ചുള്ള വിശദീകരണങ്ങൾ വരണം. അങ്ങനെ വിശദീകരണങ്ങൾ വന്ന് എവിടെയാണ് ദോഷം, ആ ദോഷം പരിഹരിക്കാനുള്ള നടപടികൾ ഉദ്യോഗസ്ഥരോ ഭരണനേതൃത്വമോ ആര് കുറ്റം ചെയ്താലും അതിനെ സംബന്ധിച്ച് പരിശോധിക്കണം. അല്ലാതെ തെരഞ്ഞെടുപ്പ് അടുക്കുന്ന ഘട്ടത്തിൽ 1086 മെഗാവാട്ട് ഉണ്ടാക്കിയവരെ 200 മെഗാവാട്ട് ഉണ്ടാക്കിയവർ 10 കൊല്ലം ഒന്നും ചെയ്യാത്തവർ വെല്ലുവിളിക്കുന്നത് ഈ സംസ്ഥാനത്തിന് ഖേദകരമാണ്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കടവൂർ ശിവദാസൻ: സർ, സി. ആന്റ്.എ.ജി റിപ്പോർട്ട് ഗോസ്പൽ ട്രൂത്ത് ആണെന്നാണ് ഈ ചർച്ച വരെ എല്ലാവരും പറഞ്ഞിരുന്നത്. രാജീവ് ഗാന്ധിയെപ്പറ്റി ഒരു ചെറിയ പരാമർശം വന്നപ്പോൾ തന്നെ 'രാജീവ് ചോർ ഹെ' എന്ന് രാജ്യം മുഴുവൻ വിളിച്ചു. ഇപ്പോൾ പറയുന്നത് കേട്ടു, അത് അത്ര ശരിയൊന്നുമല്ല എന്ന്. ഗോസ്പൽ ട്രൂത്ത് എന്നുപറഞ്ഞാൽ അതൊന്നുമല്ല. ബൈബിളിലും ഖുറാനിലും വേദാന്തങ്ങളിലുമെല്ലാം പറഞ്ഞതുപോലെ ഒരുപക്ഷേ രാജീവ് ഗാന്ധിയായാൽ സംഗതി ഇങ്ങനെയാണ്, ഞങ്ങളുടെ ശ്രീ. പിണറായി വിജയനാണെങ്കിൽ ഇങ്ങനെയല്ല. ഇതിലൊക്കെ വസ്തുതകളുണ്ട്. സാക്ഷാൽ ഡോ. തോമസ് ഐസക് തന്നെ പറഞ്ഞല്ലോ അത് പിശക് തന്നെയാണ് എന്ന്. ബേസിക് ഹാക്ടേഴ്സ് വച്ച് ഒരു പരമാധികാര സഭ എന്ന അന്തസ്സോടുകൂടി നമുക്ക് പരിശോധിക്കാം..... (ബഹളം).....മീറ്ററിന്റെ കാര്യം മനസ്സിലായില്ലേ? മീറ്റർ ചാർജ്ജ് വാങ്ങുന്നുണ്ട്. 1350 കോടി രൂപ പ്രതിവർഷം നഷ്ടമുണ്ടാക്കിയ ശ്രീ. പിണറായിയുടെ കാലം പരിഹരിക്കാൻ ഡിപ്പാർട്ടുമെന്റ് മീറ്റർ ചാർജ്ജ് വാങ്ങുന്നുണ്ട്. കഴിവുകെട്ട ആളുകൾ ഭരിച്ചാൽ ഇങ്ങനെയൊക്കെയുണ്ടാകും. ഇപ്പോൾ ലാഭമാണ്. മീറ്റർ ചാർജ്ജ് മാറ്റുന്ന കാര്യം ഞങ്ങൾ ആലോചിക്കുന്നുണ്ട്. എന്തുകൊണ്ട് മീറ്റർ ചാർജ്ജ് കൂടി എന്ന് നിങ്ങൾക്കറിയാമല്ലോ? ആയിരത്തി മുന്നൂറ്റി ചില്വാനം കോടി രൂപ നഷ്ടമായിരുന്നു. ഞങ്ങളുണ്ടാക്കിയതല്ല.....(ബഹളം) .....കുറ്റ്യാടി വിപുലീകരണ പദ്ധതി, നിങ്ങൾക്കൊക്കെ അറിയാവുന്നതുപോലെ, വളരെ നല്ല ഉദ്ദേശത്തോടുകൂടി ഉള്ളതാണ്. എക്സസ്സ് വാട്ടർ വന്നപ്പോൾ 50 മെഗാവാട്ട് ഇലക്ട്രിസിറ്റി കൂടുതൽ ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതിയാണ്. എത്ര വലിയ പദ്ധതിയായാലും ദൈവം തമ്പുരാൻ മഴ പെയ്യിക്കാതെ ഇതുണ്ടാകുമോ? വെള്ളം കിട്ടണമെങ്കിൽ മഴ പെയ്യണം. കഴിഞ്ഞ രണ്ട്, മൂന്ന് കൊല്ലം മഴയില്ലായിരുന്നു. അതുകൊണ്ട് അധികം വെള്ളമില്ല. ഇപ്പോൾ ഇഷ്ടംപോലെ കറന്റുണ്ടാകുന്നു, കാരണം മഴ പെയ്യുന്നുണ്ട്. ഇത് സി.ആന്റ്.എ.ജി-ക്ക് അറിയില്ലെങ്കിൽ ഗോസ്പൽ ട്രൂത്താണെന്ന് പറഞ്ഞാൽ ഒക്കുമോ? അബദ്ധമാണ്. മഴ പെയ്താൽ മാത്രമേ ഉണ്ടാവുകയുള്ളു. That is the basic truth. അതുപോലും മനസ്സിലാകാതെ കസേരയിൽ കയറിയിരുന്ന് അബദ്ധങ്ങൾ എഴുതിവച്ചിട്ടുണ്ട്. ആലോചിച്ച് പഠിക്കണം. കുറ്റ്യാടി വിപുലീകരണവുമായി ബന്ധപ്പെട്ട് സി.ആന്റ്.എ.ജി റിപ്പോർട്ടിന്റെ ഖണ്ഡിക 3(13)(4) പ്രകാരം ഈ വാചകമാണ് പറയുന്നത്, "അംഗീകരിക്കപ്പെട്ട വിത്തവ്യവസ്ഥ (ഫിനാൻഷ്യൽ പാറ്റേൺ എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഇംഗ്ലീഷ്) പ്രകാരം കാനഡയിലേയ്ക്ക് കയറ്റുമതി വികസന കോർപ്പറേഷനിൽ നിന്നും 28.05 ദശലക്ഷം കനേഡിയൻ ഡോളറിന്റെ വായ്പ വാങ്ങി ഇത് ചെയ്യണം. വായ്പ വരുമ്പോൾ കനേഡിയൻ അന്താരാഷ്ട്ര വികസന ഏജൻസിയിൽ നിന്നും ഇന്റർനാഷണൽ ഡെവലപ്മെന്റ് ഏജൻസി സിഡായുടെ 15 ദശലക്ഷം ഡോളർ തിരിച്ചടയ്ക്കണ്ടാത്ത സഹായധനം നമുക്ക് കിട്ടും. അതായത് 28 ദശലക്ഷം തരുമ്പോൾ 15 ലക്ഷം രൂപ കൂടെ തരും". അതിന്റെ അർത്ഥമെന്താണ്? 28 മൈനസ് 15. അതിന്റെ അർത്ഥം 28.5 ദശലക്ഷം ഡോളർ വായ്പയായി ബോർഡ് എടുക്കുമ്പോൾ 15 ദശലക്ഷം ഡോളർ അവർ തിരിച്ചടയ്ക്കണ്ടാത്ത ഗ്രാന്റായി നൽകുന്നു. അതിന്റെ അർത്ഥം കുറ്റ്യാടി വിപുലീകരണ പദ്ധതിയുടെ 50 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനത്തിന്റെ യഥാർത്ഥ ചെലവ് വെറും 13.05 ദശലക്ഷം ഡോളറാണ്. This is the basic factor. പന്ന്യാർ, ശെങ്കുളം, പള്ളിവാസൽ പദ്ധതി ഒഴിച്ച് ഇടുക്കി ജലവൈദ്യുത പദ്ധതികളുടെ കാലം തൊട്ട് ഇങ്ങനെ ഗ്രാന്റ് കിട്ടുന്നുണ്ട്. ഇപ്പോൾ ശ്രീ. പിണറായി വിജയന്റെ കാലത്തുണ്ടാക്കിയ കരാറിൽ 98 കോടി രൂപ kick back..... ഞങ്ങൾ ഇവിടെ ആശുപത്രിയുണ്ടാക്കി എന്ന് നായനാർ ഇറിടെയൊക്കെ പറഞ്ഞു നടന്നു. ശ്രീ. കോടിയേരി ചോദിക്കുന്നു; മലബാർ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് ഇതുമായി എന്താണ് ബന്ധം എന്ന്? പക്ഷേ ഡോക്ടർ പറയുന്നത് ഇതുമായി ബന്ധപ്പെട്ടതാണെന്നാണ്. സി. ആന്റ്.എ.ജി റിപ്പോർട്ട് വായിച്ചാൽ ബന്ധമുണ്ടെന്ന് തന്നെയാണ് ഫൈന്റിംഗ്. അതിൽ തർക്കമൊന്നുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ ഇത്രയും കാലം പറഞ്ഞു കൊണ്ടിരുന്നത് എസ്.എൻ.സി. ലാവ്‌ലിനും ഈ പറയുന്ന പന്നിയാർ, ശെങ്കുളം പദ്ധതികളും തമ്മിൽ ബന്ധമില്ലായിരുന്നു എന്നാണ്. അങ്ങനെ ബന്ധമില്ലായിരുന്നതുകൊണ്ട് അവരിൽ നിന്ന് പൈസ വാങ്ങാൻ പറ്റാതായി പോയതെന്നാണ് ഇത്ര കാലം വാദിച്ചത്. നിങ്ങൾ തന്നെ ബന്ധമുണ്ടെന്ന് പറയുന്നു.

ശ്രീ. കടവൂർ ശിവദാസൻ: ഞങ്ങളുടെ കേസ് ഇതിനകത്ത് നിന്ന് കിട്ടിയ, kick back എന്ന പദമൊന്നും ഞാൻ ഇപയോഗിക്കുന്നില്ല സി. ആന്റ്.എ.ജി റിപ്പോർട്ടിൽ രണ്ട് സ്ഥലത്ത് ഇതിന്റെ വില നിശ്ചയിക്കുന്ന ഏജൻസിയെപ്പറ്റി പറഞ്ഞിരിക്കുന്നു. മലബാർ ക്യാൻസർ സെന്ററിന് 98 കോടി രൂപ കൊടുക്കുന്നത്കൂടി കണക്കിലെടുത്താൽ ശ്രീ. കാർത്തികേയന്റെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡ് വാങ്ങിച്ച 15 ദശലക്ഷം കനേഡിയൻ ഡോളർ കൂടി കൂട്ടുമ്പോഴാണ് ഇത് റീസണബിളാകുന്നത്. അതുപോലെ 98 കോടി രൂപ നിങ്ങൾ വാങ്ങുമ്പോൾ അത് റീസണബിളാകും. സി.ആന്റ്.എ.ജി പറയുന്നത് എന്താണ്? എന്നാൽ കരാറുകാർ കരാറുണ്ടാക്കുന്ന സമയത്ത് ഇതിനെപ്പറ്റി മിണ്ടുന്നില്ല. പക്ഷേ ഡോക്ടർക്ക് അത് മനസ്സിലായില്ല. ഞാൻ ഡോക്ടറുടെ പക്ഷമാണ്.

ഡോ: തോമസ് ഐസക്: ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ, സി. ആന്റ് എ. ജി. റിപ്പോർട്ട് അവിടെയിരിക്കട്ടെ, അങ്ങയുടെ കൈയിൽ എല്ലാ കരാറിന്റേയും എം.ഒ.യു. കൺസൾട്ടൻസി കരാർ തുടങ്ങിയ അനുബന്ധങ്ങളെല്ലാം ഉണ്ടല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടിയെ സംബന്ധിച്ചുള്ളതിൽ എവിടെയാണ് എഗ്രിമെന്റിന്റെ കാര്യം പറഞ്ഞിട്ടുള്ളത് എന്ന് കാണിച്ചു തരുമോ?

ശ്രീ. കടവൂർ ശിവദാസൻ: സർ, ഞാൻ ഒരു കാര്യം പറയാം. ഇടയ്ക്ക് കയറി പറയണ്ട. പുട്ടിന് തേങ്ങാപ്പീര ഇടുന്നതുപോലെ മാറ്റിമാറ്റി ഇടണ്ട. ഞാൻ ഒരു പരുവത്തിന് എഴുതിവച്ചിട്ടുണ്ട്. അത് അങ്ങോട്ട് വരുമ്പോൾ ഇടയ്ക്കിടയ്ക്ക് വരും. അതാണ് നല്ലത്. തർക്കം ഇത്രയുമാണ്. കാനഡയിലെ, അതായത് ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയത് രാജ്യതാൽപര്യത്തെ മുൻനിർത്തിയുള്ള സുതാര്യമായ കരാറായതുകൊണ്ട് 60 ലക്ഷത്തിനും 70 ലക്ഷത്തിനും ഇടയ്ക്കുവരുന്ന തുകയ്ക്ക് ഇത് ഉണ്ടാക്കാൻ കഴിഞ്ഞു. നിങ്ങളുടെ ലോക നേതാക്കന്മാരിൽ ഒരാളായ ദങ് സിയാദേവ പിങ് പറഞ്ഞതുപോലെ പൂച്ച കറുത്തതാണോ വെളുത്തതാണോയെന്നു നോക്കണ്ട, എലിയെ പിടിച്ചാൽ മതി. എം.ഒ.യു. ആണോ എന്നതല്ല; നിങ്ങൾ ടെൻഡർ ചെയ്തോ എന്നതാണ് പ്രശ്നം. ഒരു മെഗാവാട്ടിന് എത്ര കോടി രൂപയ്ക്ക്. നിങ്ങൾ 3 കോടി 24 ലക്ഷം രൂപ പിടിച്ചിട്ട് ഞങ്ങൾ ടെൻഡർ വിളിച്ചതെന്നു പറഞ്ഞിട്ട് എന്താണ് കാര്യം? ശ്രീ. ജി. കാർത്തികേയൻ ഉണ്ടാക്കിയ കരാറനുസരിച്ച് 70-ന് അപ്പുറം പോയില്ല. കൃത്യമായ കണക്ക് എഴുതിവച്ചിട്ടുണ്ട്. അതു പറയാം. അതിന്റെ അർത്ഥം കുറ്റ്യാടി വിപുലീകരണത്തിന്റെ 50 മെഗാവാട്ട് വൈദ്യുതീകരണ ഉല്പാദനത്തിന്റെ യഥാർത്ഥ ചെലവ് 13.5 ദശലക്ഷം ഡോളറാണ് എന്നാണ്. അന്നത്തെ കനേഡിയൻ ഡോളറിന്റെ വിനിമയ നിരക്ക് 25 രൂപയായിരുന്നു. ഇപ്രകാരം 13.5 ദശലക്ഷം ഡോളറിന്റെ തുല്യമായ ഇന്ത്യൻ തുക 32.6 കോടി രൂപയാണ്. അതായത് ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ശ്രീ. ജി.കാർത്തികേയന്റെ കാലത്ത് ഉണ്ടാക്കിയ കരാർ പ്രകാരം ചെലവാകുന്നത് വെറും 65 ലക്ഷം രൂപയാണ്. നിങ്ങൾ പറഞ്ഞല്ലോ നിങ്ങളുടെ കരാറാണെന്ന്. അത് എട്ടുകാലി മമ്മൂഞ്ഞു പറഞ്ഞതുപോലെയേയുള്ളൂ. നിങ്ങൾ ടെൻഡർ വിളിച്ചതേയുള്ളൂ. കരാർ കൊടുത്തത് ഞാനാണ്. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കാതിരിക്കുന്നത് എങ്ങനെയാണ്? ഈ രാജ്യത്തിന് ഗുണപ്രദമായി 65 ലക്ഷം രൂപയുണ്ടാക്കിയ ആളിനെ നിങ്ങൾ തുടക്കം മുതൽ തേജോവധം ചെയ്യുകയാണ്. ഞാൻ അങ്ങയോട് നന്ദി പറയുന്നു. അദ്ദേഹത്തിന് അഗ്നിപരീക്ഷയെ നേരിട്ട സീതാദേവിയെപ്പോലെ സംശുദ്ധനാകാൻ സന്ദർഭം ഉണ്ടായിരിക്കുന്നു. അതിന് അദ്ദേഹത്തിന് ഈ സന്ദർഭം കൊടുത്തതിൽ അനുമോദിക്കാതിരിക്കാൻ പറ്റില്ലല്ലോ. എന്നാൽ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ഖണ്ഡിക 3.13.5 മുമ്പിൽ ഇരിപ്പുണ്ട്. ഞാൻ ഇത് നോക്കി തെറ്റാതെ എഴുതിവച്ചിരിക്കുന്നതാണ്. എന്റെ കണ്ടുപിടുത്തമല്ല. അതിൽ പറഞ്ഞിരിക്കുന്നത് സഹായധനമായ 15 ദശലക്ഷം കനേഡിയൻ ഡോളർ ലഭിച്ചില്ലെന്നാണ്. ലഭിച്ചതിന്റെ കണക്കൊക്കെ എന്റെ സ്നേഹിതൻ ശ്രീ. സതീശൻ പറഞ്ഞു കഴിഞ്ഞു. വാസ്തവത്തിൽ 15 ലക്ഷം രൂപ കൂടുതലാണ് കിട്ടിയത്. ശ്രീ. ജി. കാർത്തികേയനെ സംബന്ധിച്ചിടത്തോളം എഴുതിവച്ചപ്പോൾ അദ്ദേഹത്തിന്റെ ബാധ്യത തീർന്നു. അത് പിന്നെ നിങ്ങളുടെ കാലമാണ്. നിങ്ങളെ ഞാൻ കുറ്റം പറയുന്നില്ല. നിങ്ങളുടെ കാലത്ത് പണം കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് ഗുണം ഉള്ള കാര്യങ്ങളിൽ നിങ്ങൾക്ക് ഗുണം പറയാം. നിങ്ങൾ പറഞ്ഞത് ലഭിച്ചിട്ടില്ല എന്നാണ്. ഒരു പക്ഷേ ബോർഡ് യഥാസമയം ഈ ധനസഹായം കിട്ടിയ വിവരം സി. ആന്റ് എ.ജി.-യെ അറിയിക്കാതെ പോയതുകൊണ്ട് സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ കഴിയാതെ പോയതാകും. എൽ.ഡി. എഫ്. ഭരണകാലത്ത് തന്നെ, 21-6-1998 മുതൽ 8-10-1999-നകം തന്നെ ഈ സഹായ ധനം ബോർഡിന് ലഭിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരം ഞാൻ പറയാം. 37.5 കോടി രൂപയുടെ ധനസഹായത്തിനു പകരം 39.19 കോടി രൂപയുടെ സഹായം ബോർഡിന് ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ മിനിറ്റ്സ് മിസ്റ്റർ സതീശൻ ഇവിടെ വായിച്ച് കേൾപ്പിച്ചു. അതിന്റെ കാര്യമൊക്കെ മിനിസ്റ്ററുടെ കൈയിലുണ്ട്. അങ്ങനെ നോക്കിയാൽ ഞാൻ മുമ്പ് പറഞ്ഞ കണക്ക് പ്രകാരം ഒരു മെഗാവാട്ടിന് ചെലവായത് വെറും 63.5 ലക്ഷം രൂപയാണ്. അതുകൊണ്ട് അദ്ദേഹത്തിന്റെ കരാറിന് ഒരു കുഴപ്പ വുമില്ല. ഗ്ലോബൽ ടെൻഡർ വിളിച്ചോ വിളിച്ചില്ലയോ എന്നുള്ളതല്ല പ്രശ്നം, രാജ്യ ത്തിനും ബോർഡിനും ജനങ്ങൾക്കും ഗുണപ്രദമായ ഒന്നാണ്. അതാണ് ഞാൻ പറ ഞ്ഞത് ദങ്ങ് പറഞ്ഞതാണ് ശരി എന്ന്. പൂച്ച കറുത്തതാണോ വെളുത്തതാണോ എന്നുള്ളതല്ല പ്രശ്നം. എലിയെ പിടിക്കുന്നുണ്ടോ എന്നുള്ളതാണ്. കാര്യം നടന്നോ എന്നുള്ളതാണ് പ്രശ്നം. നിങ്ങൾ സമ്മതിക്കുന്ന ഒന്നു പറയാം. ഇതിനുശേഷം ഗ്ലോബൽ ടെൻഡർ വിളിച്ചും - you have claimed that the tender you have floated - റീസണബിൾ പ്രൈസ് നോക്കി നടപ്പിലാക്കിയ കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ പദ്ധതി സ്ഥിരപ്പെടുത്തിക്കൊടുത്തത് ഞാനാണ്. യു.ഡി.എഫ്. ഗവൺമെന്റാണ്. അതിൽ നിങ്ങൾ വിളിച്ചുവെന്നു പറയുന്ന ഭാഗം ഞാൻ അംഗീക രിക്കുന്നു. ശരിയും ന്യായവുമായ പദ്ധതിയെന്ന് സി. ആന്റ് എ.ജി. തന്നെ സമ്മതി ക്കുന്ന ഭെൽ - Larson & Tubro കൂട്ടുകെട്ട് പണി ചെയ്ത പ്രസ്തുത പദ്ധതിക്ക് മെഗാവാട്ടിന് 66 ലക്ഷം രൂപയായി എന്ന് ഖണ്ഡിക 3.13.8-ൽ സി. ആന്റ് എ.ജി. തന്നെ പറയുന്നു. എന്റെ കാലഘട്ടത്തിൽ നടത്തിയ ഈ പദ്ധതിയാണ് സി. ആന്റ് എ.ജി എല്ലാ പദ്ധതികളെയും - ഇൻക്ലൂഡിംഗ് പള്ളിവാസൽ - വിലയിരുത്തുന്ന തിന് മാനദണ്ഡമായി അംഗീകരിച്ചിട്ടുള്ളത്. ഇതിൽ നിന്നും കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള സ്വതന്ത്രമായ, സുതാര്യമായ പദ്ധതിയാണെന്ന് വ്യക്തമാണ്. കൂടാതെ കേന്ദ്ര ഗവൺമെന്റ് 29/12-നും റിസർവ് ബാങ്ക് 10/96-നും പൂർണ്ണമായും ഈ പ്രോജക്ടുകൾ അംഗീക രിച്ചതാണ്. നിങ്ങളുടെ പ്രോജക്ടുകൾ ഇങ്ങനെ അംഗീകരിച്ചിട്ടില്ല. മേൽ പറഞ്ഞ പദ്ധതി എം.ഒ.യു. രൂട്ടിലൂടെ ചെയ്താൽ ഗ്ലോബൽ ടെൻഡർ വിളിക്കേണ്ട കാര്യമില്ല. എന്നാൽ പന്നിയാർ-ശെങ്കുളം-പള്ളിവാസൽ പദ്ധതികൾ കുറ്റ്യാടിയുമായി യാതൊരു സാദൃശ്യവുമില്ല; മറിച്ച് വൈരുദ്ധ്യമാണുള്ളത്. അതിനെപ്പറ്റി രണ്ട് വാക്കു കൂടി പറഞ്ഞ് അവസാനിപ്പിച്ചേക്കാം. ഇപ്പോൾ നിങ്ങൾ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുമ്പോൾ മിസ്റ്റർ പിണറായി വിജയൻ, ജനകീയ കോടതിയിൽ പ്രതിസ്ഥാനത്ത് നിൽക്കും; സ്വാഭാവികമായും നിങ്ങളും. നിങ്ങൾക്ക് ജനങ്ങളുടെ മുമ്പിൽ എല്ലാ വരും കുഴപ്പക്കാരാണെന്നു കാണിക്കാൻ ഒരു പുകമറ, ഒരു കേസ് വേണം. അതിന് ഒന്നും കണ്ടുപിടിക്കാനില്ല. പണ്ടത്തെ ഒരു പരസ്യം ഉണ്ട്. വേറെ ഒരു മരുന്നും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഫലിച്ചില്ലെങ്കിൽ കാളൻ നെല്ലായി എന്ന്. അതുപോലെ കുറ്റ്യാടി എക്സ്റ്റൻഷൻ എന്നു പറയാമെന്നു പറഞ്ഞു. അത് അതിലും കുഴപ്പമായി. വൈരുദ്ധ്യം. ഞാൻ പറഞ്ഞല്ലോ ഇതിൽ സാദൃശ്യം സമന്മാർ തമ്മിലേയുള്ളു. അങ്ങനെയല്ലേ ഉപമാലങ്കാരം? "ഒന്നിനോടൊന്നു സാദൃശ്യം ചൊന്നാൽ ഉപമയായിടു"മെന്നാണ് പറയുന്നത്. ഇവിടെ ഒരു സാദൃശ്യവുമില്ല, വൈരുദ്ധ്യമാണ്. എന്താണ് വൈരുദ്ധ്യം? ഒന്നാമത് എം.ഒ.യു.-വിൽ പറഞ്ഞിരിക്കുന്നത് പള്ളിവാസൽ പദ്ധതികളുടെ പ്രാഥമിക പഠനത്തിനുള്ള കൺസൾട്ടൻസി കരാർ. നിങ്ങൾ എന്ത് പറഞ്ഞാലും കൺസൾട്ടൻസി എന്നു പറയുന്ന ഇംഗ്ലീഷ് വാക്കിന് അതിന്റേതായ അർത്ഥമുണ്ട്. നിങ്ങൾ 4,000 പേരുംകൂടി പറഞ്ഞാൽ ഭാഷയുടെ അർത്ഥം മാറുമോ? പിന്നെ ശ്രീ. പിണറായി വിജയൻ ഉണ്ടാക്കിയ എഗ്രിമെന്റിന്റെ അർത്ഥം മാറുമോ? നിങ്ങൾക്ക് എം.ഒ.യു.-മറ്റൊരർത്ഥം. ലോകത്ത് നിയമം പഠിച്ചവരാരും കേട്ടിട്ടുപോലുമില്ലാത്ത അർത്ഥമാണ് അതിന് നൽകിയിരിക്കുന്നത്. കൺസൾട്ടൻസിക്ക് നിങ്ങളുടേതായ ഒരു അർത്ഥം. ഇനി ഈ കരാർ ഉണ്ടാക്കിയപ്പോൾത്തന്നെ നിങ്ങൾ എന്ത് അശ്രദ്ധയാണ് കാണിച്ചത്? കരാറിന്റെ ഹെഡിംഗ് ഞാൻ വായിച്ചു കേൾപ്പിക്കാം. നിങ്ങൾ വലിയ കാര്യങ്ങൾ പറയുന്നു.

ഈ കരാറിന്റെ ഹെഡ്ഡിംഗ് എങ്ങനെയാണ്? ഞാൻ കുറ്റം പറയുകയല്ല. നിങ്ങളുടെ മൂന്നു കരാറിന്റേയും ഹെഡ്ഡിംഗ് എടുക്കുക. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .....(ബഹളം).....അല്ല.....അല്ല.....രണ്ടും താരതമ്യപ്പെടുത്തിത്തന്നെയാണ് നിങ്ങൾ പറഞ്ഞത്. ഞാനും അങ്ങനെ പറയുകയാണ്. ..... (ബഹളം)..... എന്താണ് കുഴപ്പം? മി. ബിനോയ് വിശ്വം നിങ്ങൾ റിലവന്റായ കാര്യം പറഞ്ഞോ?..... (ബഹളം)..... മുഴുവനും ഇറിലവന്റായ കാര്യമല്ലേ പറഞ്ഞത്? മി. രാജൻ നിങ്ങൾ മുഴുവനും ഇറിലവന്റായ കാര്യമല്ലേ പറഞ്ഞത്? .....(ബഹളം)..... നിങ്ങൾ അതിനെപ്പറ്റിയുള്ള ഹെഡ്ലൈൻ, അതുപോലും .....(ബഹളം)..... പേടിയാണ്.....(ബഹളം).....ശ്രീ. പിണറായി വിജയൻ ഒപ്പുവെച്ച ഹെഡ്ലൈൻതന്നെ .....(ബഹളം).....ശുദ്ധ അബദ്ധവും മണ്ടത്തരവുമാണ്. കേൾക്ക്.....(ബഹളം)..... അപ്പോൾപ്പിന്നെ ബാക്കിയുള്ളതിന്റെ കാര്യം പറയണമോ?..... (ബഹളം) ..... നിങ്ങൾ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. ഇത് വായിച്ചു നോക്കണം. അതായത് Addendum No. I. തുടക്കം ഇങ്ങനെയാണ്..... This Addendum made this on the tenth day in two copies each of which shall be deemed to be original between Kerala State Electricity Board, a Company registered under the Companies Act, 1956 of India and having its registered office at Vaidhyuthi Bhavan..... ഇവിടെ ഇങ്ങനെയൊരു സാധനത്തെപ്പറ്റി ആരെങ്കിലും കേരളത്തിൽ കേട്ടിട്ടുണ്ടോ? Kerala State Electricity Board, a Company registered under the Companies Act, 1956 ആണോ? മണ്ടത്തരമല്ലേ എഴുതി വച്ചിരിക്കുന്നത്? അപ്പോൾ അതിനകത്തുള്ള വാചകങ്ങളൊക്കെ എങ്ങനെയാണ്? നിങ്ങൾ എം.ഒ.യു.വിനെപ്പറ്റി പറഞ്ഞല്ലോ? പരസ്പര വിരുദ്ധമായ മണ്ടത്തരങ്ങൾ എഴുതി വച്ചിട്ട് ഞങ്ങളുടെ മുകളിൽ കയറുകയാണ്. ..... (ബഹളം)..... അതിനകത്ത് എം.ഒ.യു.വിൽ എന്താണ് പറഞ്ഞിരിക്കുന്നത്?

..... (ബഹളം)..... നിങ്ങൾ പഠിക്കാനാണോ? നിങ്ങൾക്കു പറ്റിയ അബദ്ധം. പ്രാക്ടീസിനൊക്കെ പോയതാണ് നിങ്ങൾക്കു പറ്റിയ കുഴപ്പം. രണ്ടിലൊരാൾ മൂന്ന് മാസത്തെ നോട്ടീസ് കൊടുത്ത് ഇത് ക്യാൻസൽ ചെയ്യുന്നതുവരെ ഇത് സ്ഥിരവും ശാശ്വതവും ആയിരിക്കും. അപ്പോൾ നമ്മൾ വിചാരിക്കും ശരിയായിരിക്കുമെന്ന്. താലികെട്ടി കല്യാണമൊക്കെ കഴിച്ചുകൊണ്ടുപോയാൽ രണ്ടും ഒഴിയുന്നതുവരെ ഇരിക്കുമെന്നായിരിക്കും വിചാരം. .....(ബഹളം).....പിന്നെ മൊഴി ചൊല്ലുന്നതുവരെ ഇരിക്കും. ..... (ബഹളം)..... പിന്നെ പറയുന്നത്, നിന്നെ ഞാൻ വേണ്ട എന്നു വിചാരിക്കും..... (ബഹളം)..... എനിക്ക് മനസ്സിലാകുന്നില്ല. അതിന്റെ താഴെ പറഞ്ഞിരിക്കുകയാണ് ഇത് ആറ് മാസം ആറ് മാസം ആകുമ്പോൾ, അത് എന്തൊരു നിയമമാണ്. നിയമം എഴുതിയിട്ട് ആദ്യമായിട്ട്..... (ബഹളം).....എം.ഒ.യു. നിങ്ങൾ വായിക്കണം. .....(ബഹളം)..... എന്ത് സമ്മതിച്ചു? എന്താണ്.....(ബഹളം).....

ഡോ. തോമസ് ഐസക്: നിങ്ങൾ ഇതുവരേയും വിചാരിച്ചുകൊണ്ടിരുന്നത്, റിന്യൂ ചെയ്തില്ലെങ്കിൽ ലാപ്സ് ആകുവാൻ പറ്റുകയില്ല. എങ്ങനെ ലാപ്സായി എന്ന് ചോദിച്ചവരല്ലേ? ഇപ്പോൾ അങ്ങ് സമ്മതിച്ചത് നന്നായി. .....(ബഹളം).....

ശ്രീ. കടവൂർ ശിവദാസൻ: സർ, എം.ഒ.യു എന്ന ഒരു സാധനം നിങ്ങൾ എഴുതി ഉണ്ടാക്കി. ..... (ബഹളം)..... ഇവർക്ക് ഇതുവരെയും കാര്യം മനസ്സിലായില്ല .....(ബഹളം)..... ഈ എം.ഒ.യു-വിൽ പറയുന്നത്..... (ബഹളം) ..... എം.ഒ.യു. ഇനി വായിപ്പിച്ചു കേൾപ്പിക്കേണ്ട എന്നു വിചാരിച്ചിട്ടാണ്. നിങ്ങൾ വലിയ കാര്യമായിട്ട് എം.ഒ.യു..... എം.ഒ.യു..... കടവൂർ ശിവദാസൻ എം.ഒ.യു.....(ബഹളം)..... എന്തു ചെയ്യുമെന്ന് പറയുക. എം.ഒ.യുവിൽ അവസാനം പറയുന്നത് എന്താണ്? ഇത്രയും ഇംഗ്ലീഷ് നമുക്കെല്ലാവർക്കും അറിയാം. നിങ്ങളുടെ അത്രയും ഇംഗ്ലീഷ് എനിക്കും അറിയാം. The MOU shall remain in force and effect until a formal agreement for the endeavours is executed by Kerala and SLI..... അത് final word ആണ്. അത് എഗ്രിമെന്റ് ഉണ്ടാക്കുന്നതുവരെ പ്രാബല്യത്തിൽ ഇരിക്കും. പിന്നെ ഒരു കണ്ടിഷനാണ്. Unless Kerala or SLI serves written notices that it proposes to terminate it. ആരെങ്കിലും ഒരു കക്ഷി..... (ബഹളം).....താഴോട്ട് എഴുതിവെച്ചിട്ടുണ്ട്. മൂന്ന് മാസത്തെ ..... such written notice will be given 3 months in advance at the proposed date of termination. ഇത് എഴുതിവച്ചു. ഇതാണല്ലോ ഞങ്ങൾ മെയിൻ ഓപ്പറേറ്റീവ് .....(ബഹളം) ..... ഇത് മറ്റേതുപോലെ നോക്കാതെ, വൈദ്യുതി ബോർഡ് ഒരു കമ്പനിയാണെന്ന് എഴുതിവച്ച ആന മണ്ടത്തരത്തിന്റെ അടുത്ത വരി .....(ബഹളം) ..... ഇത് കറക്ട് ആണ്. The validity of this MOU will be 180 days. കുതിരവട്ടത്തുനിന്നോ ഊളമ്പാറയിൽ നിന്നോ ഒളിച്ചോടി വന്നിട്ട് എഴുതുന്നതു കണക്കാണ് ഈ സംഗതി എഴുതിവച്ചിരിക്കുന്നത്. ഇങ്ങനെ എഴുതിവച്ചാൽ പിന്നെ അധികാരത്തിൽ വരുന്നവർ എന്തു ചെയ്യണം? ..... (ബഹളം) ..... ചോദിച്ചോളൂ. കുഴപ്പമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിങ്ങൾ പറയുന്ന ഈ കരാർ ഉണ്ടാക്കി എന്നു പറയുന്ന സമയത്ത് ഇലക്ട്രിസിറ്റി ബോർഡിന്റെ ചെയർമാൻ ആരായിരുന്നു എന്നറിയാമോ? ശ്രീ. വി. രാജഗോപാലൻ, ഐ.എ.എസ്. ആയിരുന്നു. അദ്ദേഹം ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയുടെ മരുമകനാണ്. ഈ ചെയ്ത കുറ്റം മുഴുവൻ അയാളുടെ പേരിൽ ചാരിവയ്ക്കുവാനാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

ശ്രീ. കടവൂർ ശിവദാസൻ: അപ്പോൾ ശ്രീ. തെന്നല ബാലകൃഷ്ണ പിള്ളയുടെ മരുമകൻ ചെയ്യുന്നതെല്ലാം കറക്ട് എന്നു പറയുന്നതാണോ എന്റെയും ഇവിടെ ഇരിക്കുന്നവരുടേയും ജോലി. അത് ശ്രീ. പിണറായി വിജയന്റെ മരുമകൻ കാണിച്ചാലും ശ്രീ. തെന്നല ബാലകൃഷ്ണപിള്ളയുടെ മരുമകൻ കാണിച്ചെന്നു പറഞ്ഞാലും കാര്യമില്ല. ശ്രീ. തെന്നല ചെയ്തത് പറയുന്നില്ല, പിന്നെയല്ലേ മരുമകൻ. ..... അങ്ങുംകൂടി ഇരുന്നു കൊണ്ടാണല്ലോ ഈ കടുംകൈ ചെയ്തത്. ഞാൻ അങ്ങയിൽനിന്ന് പ്രതീക്ഷിച്ചില്ല. അങ്ങ് വളരെ ബുദ്ധിമാനും കൂർമ്മ ബുദ്ധിയുമുള്ള ഒരു ആളാണെന്നാണ് ഇതുവരെ വിചാരിച്ചിരുന്നത്. ആനയും അടി പതറിയാൽ വീഴുമല്ലോ? അങ്ങനെ വിചാരിച്ചാൽ മതി. അടി തെറ്റിയാൽ ആനയും വീഴും. അങ്ങനെ ഒരു കരാർ വച്ചിട്ട് ശ്രീ. കടവൂർ ശിവദാസനെ ഹിംസിക്കുക എന്നുവച്ചാൽ ഞാൻ എന്തു തെറ്റ് ചെയ്തു?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോൾ മലബാർ ക്യാൻസർ സെന്ററിന്റെ എം.ഒ.യു വയ്ക്കുവാൻ തീരുമാനിച്ചത് നായനാർ മന്ത്രിസഭയായിരുന്നു. ക്യാബിനറ്റ് എം.ഒ.യു. പുതുക്കാത്ത ഒരു ഘട്ടം വന്നപ്പോൾ അതു വേണ്ടാ എന്നു തീരുമാനിച്ചത് നിങ്ങളുടെ ക്യാബിനറ്റ് യോഗം ചേർന്നു കൊണ്ടാണോ; അല്ലെങ്കിൽ അങ്ങ് സ്വയം എടുത്ത തീരുമാനമാണോ?

ശ്രീ. കടവൂർ ശിവദാസൻ: എം.ഒ.യു. പുതുക്കേണ്ട ആവശ്യമില്ല. നിങ്ങൾ രാജ്യത്ത് എവിടെയും പോയി സാധാരണ പ്രാക്ടീസ് ചെയ്യുന്ന, ബി.എൽ വരെ പഠിച്ച ഒരു ആളെ ഇതു കാണിച്ചാലും രണ്ടാമത്തേതിന് യാതൊരു ബൈന്റിംഗും ഇല്ല. അബദ്ധം..... (ബഹളം) ..... അതു കണക്കാക്കേണ്ട. ആദ്യത്തേതാണ് ക്ലാസ്. അപ്പോൾ ഇവിടെ എന്തു സംഭവിച്ചു എന്നു ചോദിച്ചാൽ ഇതൊന്നും ഇവിടെ വക്കീലല്ലല്ലോ നോക്കേണ്ടത്. എം.ഒ.യു. സാധാരണ മനുഷ്യർക്ക് മനസ്സിലാകുന്ന രീതിയിൽ പറഞ്ഞാൽ പെണ്ണ് കാണാൻ പോയി നിശ്ചയമായി കഴിഞ്ഞാലും കല്യാണത്തിനു മുമ്പ് കുഞ്ഞുണ്ടായാൽ അതിന് ചെലവിനും കിട്ടുകയില്ല, സ്വത്തും കിട്ടുകയില്ല. No legal following. കുറച്ചുകൂടി പറഞ്ഞാൽ കോളേജു കുട്ടി പ്രണയ ലേഖനം കൊടുക്കുമല്ലോ? അതിനു വല്ല വിലയുമുണ്ടോ? കല്യാണത്തിന് ആണെങ്കിൽ കൊള്ളാം. പ്രണയ ലേഖനത്തിന്റേയോ നിശ്ചയത്തിന്റേയോ .....(ബഹളം) ..... അങ്ങേയറ്റമാകുമ്പോൾ .....ആ സാംഗത്യമേയുള്ളൂ. .....(ബഹളം) .....ഞാൻ ഇത് പറഞ്ഞുതീർന്നില്ല. .....(ബഹളം)..... ഇതിൽ പറഞ്ഞിരിക്കുന്ന വാചകമാണ്. ..... (ബഹളം) ..... It must enter into an agreement. സി. ആന്റ് എ.ജി.യുടെ വാചകത്തിലേയ്ക്ക് നമുക്ക് പോകാം.

സി. ആന്റ് എ.ജി പറഞ്ഞിരിക്കുന്നത് എഗ്രിമെന്റ് എല്ലാവരും ഞങ്ങളോട് പറഞ്ഞു, 98 കോടി രൂപയുടെ ഒരു സഹായധനം മലബാർ സെന്ററിന് കൊടുക്കണം. അതുംകൂടി കണക്കിലെടുക്കുമ്പോൾ ഇത് വലിയ നഷ്ടമില്ല. അതായത് ശ്രീ. കാർത്തികേയൻ ചെയ്തതുപോലെയാണ്. ശ്രീ. പിണറായി വിജയൻ, അദ്ദേഹം വളരെ കൂർമ്മബുദ്ധിയുള്ള ആളാണല്ലോ? ഈ എഗ്രിമെന്റ് കരാറിൽ ഇതിനെക്കുറിച്ച് ഒരു പരാമർശമേ നടത്തിയിട്ടില്ല. അതുകൊണ്ട് എൻഫോഴ്സിബിൾ കോൺട്രാക്ട് അല്ല. ശത്രുക്കൾ പറയും അത് പോക്കറ്റിൽ വച്ചു എന്ന്. ഞാൻ പറയുന്നില്ല. അത് നമ്മൾ രാഷ്ട്രീയക്കാരെപ്പറ്റി പറയുന്നില്ല .....(ബഹളം) ..... Where is that money? ഈ ചർച്ചയുടെ മുഴുവൻ ക്വസ്റ്റ്യൻ അതാണ്; 98 കോടി രൂപ ആര് അപഹരിച്ചു? അതിൽ ഒരു ഭാഗമാണ് 25 കോടി രൂപ. .....(ബഹളം)..... കത്ത് എന്റെ കയ്യിൽ ഉണ്ട് ..... (ബഹളം) ..... ശ്രീ. ആര്യാടൻ പറഞ്ഞ കത്തു വായിച്ചില്ലേ? എന്റെ കയ്യിൽ ഉണ്ട് കത്ത്. 25 കോടി രൂപ റെഡി ഫിക്സഡ് ഡിപ്പോസിറ്റ്. എവിടെ പോയി അത്? ഇതൊക്കെ ആരു വാങ്ങിച്ചു? That is the question here. അതിന് ഉത്തരം പറയണം. 1998-ൽ ശ്രീ. കാർത്തികേയൻ ഉണ്ടാക്കിയ കരാറിൽ പതിനഞ്ച് ദശലക്ഷം ഡോളർ ട്രാൻസ്പോർട്ടിനു കൊടുത്തു. നിങ്ങൾ ഉണ്ടാക്കിയ കരാറിന്റെ 98 കോടി രൂപ ആര് അപഹരിച്ചു? നിങ്ങൾ സമാധാനം പറഞ്ഞില്ലെങ്കിൽ നിങ്ങളാണെന്നു പറയേണ്ടിവരും. അത് നിങ്ങളാണെന്നു പറഞ്ഞാൽ ശ്രീ. പിണറായി വിജയന്റെ പുറത്ത് .....(ബഹളം) ..... അദ്ദേഹത്തിന്റെ പാർട്ടിക്ക് അകത്തുവരുന്നു. This is the point. അത് തിരിച്ച് ഇങ്ങോട്ടുവച്ചാൽ ..... (ബഹളം) .....പാവമാണെന്നു പറഞ്ഞ് ഞാൻ ചെയ്തൊന്നുമില്ല. .....(ബഹളം) .....ഞാൻ തിരിച്ച് അസ്ത്രം വിടും. അത്രയേയുള്ളൂ. അതുകൊണ്ട്..... Boomerang എന്നുള്ള ഇംഗ്ലീഷ് word അറിയാമല്ലോ. ഒരു ഫുട്ബോൾ. അത് ഇങ്ങനെ അങ്ങോട്ട് ലക്ഷ്യം തെറ്റി അടിച്ചാൽ അത് തിരിച്ച്, it will come as a Boomerang. നിങ്ങളയച്ച ആ ബോൾ, as a Boomerang it has come back on you.....(ബഹളം) ..... You answer this question. 98 കോടി രൂപ അതിന്റെ ഭാഗമാണോ? ആണെങ്കിൽ ഈ എമൗണ്ട് എവിടെ? ഹോണസ്റ്റ് ആയിട്ട് ശ്രീ. കാർത്തികേയൻ ചെയ്തതുപോലെ എന്തുകൊണ്ട് ഇലക്ട്രിസിറ്റി ബോർഡിന് കൊടുത്തില്ല. അഥവാ നിങ്ങൾ ആശുപത്രിക്ക് കൊണ്ടുപോയെങ്കിൽ എന്തുകൊണ്ട് അവിടെ എത്തിയില്ല? It is your responsibility. ഇനി ഒരു കാര്യംകൂടി പറയട്ടെ, നിങ്ങളുടെതന്നെ കുറേക്കൂടി സത്യസന്ധനായ മന്ത്രി, മി. ശർമ്മ വിചാരിച്ചത് നല്ല കാര്യമാണല്ലോ? എഗ്രിമെൻറ് എഴുതണം. അയാളുടെ മുമ്പിൽ എഗ്രിമെൻറ് വന്നു. എന്താണ് എം.ഒ.യുവിൽ പറഞ്ഞിരിക്കുന്നത് എന്ന് വായിച്ചിട്ടുണ്ടോ? പണം തരാമെന്നല്ല. We will arrange finance through an institution. അതായത് അന്ന് പാർട്ടി കമ്മിറ്റി യോഗം നടത്തുമ്പോൾ ഒരു ഫൈനാൻസ് കമ്മിറ്റിയെ എടുക്കും. എന്തിനാണ്, to arrange finance for organizing a Goshayathra. ആ ഫൈനാൻസ് കമ്മിറ്റിയെ എടുത്ത് പണമുണ്ടാക്കും. അത്രയേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുറാഞ്ചൂർ രാധാകൃഷ്ണൻ): സർ, അതിനകത്ത് Technicaliya International-ന്റെ പ്രത്യേക റോൾ കൂടി വരുന്നുണ്ട്. അതിന്റെ റോൾ എന്താണെന്നു കൂടി അങ്ങ് വിശദീകരിക്കുമോ?

ശ്രീ. കടവൂർ ശിവദാസൻ: അങ്ങയുടെ വീടിനടുത്ത് കണിയാന്മാരുടെ ഒരു സ്ഥലമുണ്ട്. പാഴൂർ പഠിപ്പുര. അവിടെപ്പോയി ജ്യോത്സ്യന്മാരോട് ചോദിച്ചാൽ മതി. അല്ലാതെ ഒരു മാർഗ്ഗവുമില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, അദ്ദേഹം പറഞ്ഞതിൽ ഒരു തെറ്റുണ്ട്. പാഴൂർ പഠിപ്പുര എന്നുപറയുന്നത് അടൂരല്ല. അത് പിറവത്താണ്. അത് തിരുത്തിയേക്കൂ.

ശ്രീ. കടവൂർ ശിവദാസൻ: അപ്പോൾ you can proud of that. അങ്ങയുടെ രാഷ്ട്രീയ ഭാവി ഇപ്പോൾ സുരഭിലമായിരിക്കുകയാണ്. അങ്ങേയ്ക്ക് അറിടെപ്പോയി ചോദിക്കാമല്ലോ. എനിക്ക് സന്തോഷമുള്ള കാര്യമാണ്. We are so big friends. ഞാൻ പറഞ്ഞത് ഇത്രയേയുള്ളൂ, അതിൽ പണം തരാമെന്ന് പറഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: Please conclude, Please. You come to the point.

ശ്രീ. കടവൂർ ശിവദാസൻ: ഏതായാലും സമയം പോയില്ലേ? ഞാൻ ഇങ്ങനെ അവകാശമൊന്നും ഉന്നയിക്കുന്നില്ല. ഒരു ഇന്റലിജൻസിനുവേണ്ടിയാണ് പറയുന്നത്. മിസ്റ്റർ ശർമ്മ ഒരു കരാറുണ്ടാക്കണമെന്ന് പറഞ്ഞു. അപ്പോൾ പറയുന്നു, we will try ഒക്കെ കളഞ്ഞ്, we will make reasonable efforts എന്ന്. ശ്രീ. ശർമ്മയ്ക്ക് ദേഷ്യം വന്നുപറഞ്ഞു, ഇതിൽ നിന്നൊക്കെ മാറി വേറെ കരാർ എഴുതിക്കൊണ്ടു വരാൻ പറഞ്ഞു. അപ്പോൾ ഞാൻ മന്ത്രിയായി. അപ്പോൾ ഞാനും പറഞ്ഞു. മിസ്റ്റർ ശർമ്മ പറഞ്ഞത് ശരിയാണ് ഇയാൾ പണം തരുമെങ്കിൽ എത്ര; എപ്പോൾ തരാമെന്ന് വ്യക്തമായി പറയണമെന്ന് അദ്ദേഹത്തോട് പറഞ്ഞു. എന്നിട്ട് ശ്രീ. മാധവൻ സെക്രട്ടറിയായിരുന്നപ്പോൾ ഇനി ഞങ്ങൾ പണം തരികയേ ഇല്ല എന്നുപറഞ്ഞ് അവിടെ നിന്ന് ഒരു കത്ത് വന്നു. പിന്നേയും പുതുക്കണമോ? നിശ്ചയിപ്പ് കഴിഞ്ഞ് കല്യാണവും കഴിഞ്ഞു. പിന്നെ ഞാൻ അതിന്റെ പുറകേ നടക്കണമോ? അവൾക്ക് സമ്മതമേയല്ല. പിന്നെ ഞാൻ എന്തിന് കല്യാണം കഴിക്കണം? പുതുക്കണമെന്ന് പറയുന്നതിൽ പിന്നെ എന്താണ് അർത്ഥം? ഇവിടെ ഏതോ ഒരു സ്നേഹിതൻ കടവൂർ ശിവദാസൻ വളരെ മോശമാണെന്നൊക്കെ പറഞ്ഞു. അദ്ദേഹത്തിന് പറയാം. പണം തരുന്ന ലാൻസിസ് ഹാവാർട്ട് എന്നുപറയുന്ന ആൾ ശ്രീ. ഇക്ബാൽ അഹമ്മദിന് എന്നെപ്പറ്റി ഒരു കത്ത് അയച്ചുകൊടുത്തിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് I have been away at Trivandrum for the last couple of days to meet the Hon'ble Minister and Department Secretary. ഈ Hon'ble Minister ഇപ്പോൾ സാധുവായ എം.എൽ.എ. ആയിരിക്കുന്ന ഞാൻ ആയിരുന്നു. The Hon'ble Minister was also very much keen to get the final agreement signed by the concerned parties at the earliest. ഇതിൽ ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

താല്പര്യമുള്ളത് എനിക്കാണെന്ന് സർട്ടിഫൈ ചെയ്തിട്ടുണ്ട്. അവരുടെ കാൽ പിടിച്ചിട്ടുണ്ട്. മലബാറിലെ ഒരു ബീഗത്തിന്റെ കേസ് പറയുമല്ലോ; അറക്കൽ ബീവിക്ക് അര സമ്മതം. എന്നുപറഞ്ഞാൽ സംഗതി നടക്കില്ല. അവർക്ക് സമ്മതമില്ലായിരുന്നു. അവർ എഗ്രിമെന്റ് വയ്ക്കില്ല. ഞങ്ങൾ വരുമ്പോൾ ഏകദേശം 10 കോടി രൂപ ഒഴികെയുള്ള പണം മുഴുവൻ നിങ്ങൾ അവർക്ക് കൊടുത്തിരുന്നു. അന്ന് കാശിക്ക് പോയിരുന്നോ നിങ്ങളുടെ ഈ ബുദ്ധി. 98 കോടി രൂപ പിടിച്ചിട്ട് ബാക്കി കൊടുത്താൽ പോരായിരുന്നോ? അപ്പോൾ നിങ്ങൾക്ക് ഈ പണം വാങ്ങി പാവപ്പെട്ടവർക്ക് കൊടുക്കണമെന്നില്ലായിരുന്നു. അവിടത്തെ പാവപ്പെട്ട കാൻസർ രോഗികളെ കബളിപ്പിച്ച് രാഷ്ട്രീയോദ്ദേശത്തിനു വേണ്ടി വച്ചിട്ട് ഇപ്പോൾ ജനങ്ങളുടെ മേൽ പൊടിപൂഴ്ത്താൻ ഞങ്ങളുടെ മേൽ കുതിര കയറാൻ വരുന്നോ?

ശ്രീ. എം. വി. ജയരാജൻ: സർ, ഇവിടെ ബഹുമാനപ്പെട്ട കടവൂർ ശിവദാസൻ സംസാരിക്കുന്നതിനിടയിൽ ഒരാളെ ഊളമ്പാറയ്ക്ക് അയയ്ക്കേണ്ട കാര്യം പറഞ്ഞു. ഇലക്ട്രിസിറ്റി ബോർഡ് കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതാണെന്ന കാര്യം കരാറിൽ പറഞ്ഞതു കൊണ്ടാണ് ഊളമ്പാറയ്ക്ക് അയയ്ക്കണമെന്ന് പറഞ്ഞത്. അത് അപ്പുറത്തുള്ള ശ്രീ. എം. എം. ഹസ്സന്റെ വലത് ഭാഗത്തിരിക്കുന്ന താടിയുള്ള ആളാണ്.....(ബഹളം).....ഉള്ളത് പറയുമ്പോൾ കള്ളിക്ക് കൊള്ളും. നിങ്ങൾ കുതിരവട്ടത്ത് പോയാൽ എടുക്കില്ല. അവിടെപ്പോലും നിങ്ങളെ എടുക്കില്ല. അതിനും അപ്പുറത്ത് പോകണം. ഇത് 1995 മേയ് മാസം 29-ാം തീയതി അന്നത്തെ വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. ജി. കാർത്തികേയന്റെ കീഴിൽ ഇലക്ട്രിസിറ്റി ബോർഡ് ചെയർമാൻ ആർ. ശിവദാസൻ എസ്.എൻ.സി. ലാവ്‌ലിനുമായി കുറ്റ്യാടി പദ്ധതിയുടെ കാര്യത്തിലുണ്ടാക്കിയ കരാറാണ്. തിരുവനന്തപുരത്തായതുകൊണ്ട് ഊളമ്പാറയ്ക്ക് പോകേണ്ട. വടക്ക് വന്നാൽ കുതിരവട്ടത്ത് നല്ല ചികിത്സ ഞങ്ങൾ ഒരുക്കിത്തരാം. അങ്ങയെ അയയ്ക്കണമെന്നാണ് ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞത്. .....between Kerala State Electricity Board, a Company registered under the Companies Act, 1956 of India and having its registered office at Vaidhyuthi Bhavan, Pattom, Trivandrum hereinafter referred to as KSEB represented by R. Sivadasan, Chairman, party on the first part and SNC Lavalin. കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനമാണ് കെ.എസ്.ഇ.ബി. എന്ന് 1995 മേയ് മാസം 29-ാം തീയതിയിലെ കരാറിൽ പറഞ്ഞിരിക്കുന്നു. എന്റെ കാർത്തികേയാ, കുറ്റ്യാടി കരാർ അങ്ങ് ഒപ്പിട്ടതാണ്; അതാണ് ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞത് ഊളമ്പാറയ്ക്ക് പോകേണ്ടത് ശ്രീ. ജി. കാർത്തികേയനാണെന്ന്. അതുകൊണ്ട് കുറ്റ്യാടി കരാർ വച്ച് നമ്മൾ നോക്കിയാൽ മതി. ഇവിടെ ഇപ്പോൾ നിശ്ചയം പോലും ഇല്ലാതെ കുട്ടികളെ ഉണ്ടാക്കാൻ കഴിയുന്ന വിദ്യകൾ അറിയുന്ന ആളുകളാണ് നമ്മുടെ അപ്പുറത്തെ പക്ഷത്ത് ഇരിക്കുന്നവർ. ശ്രീ. കടവൂർ ശിവദാസന് അത് നല്ല രീതിയിൽ അറിയാം. പക്ഷേ ശ്രീ. കടവൂരേ, അങ്ങ് മാന്യമായി, അന്തസ്സുള്ള രീതിയിൽ കുട്ടികളെ ഉണ്ടാക്കിയാൽ ചെലവിന് കൊടുക്കണ്ടേ? സി. ആന്റ് എ.ജി. ശ്രീ. കടവൂർ ശിവദാസനെപ്പറ്റി പറഞ്ഞത് എന്താണ്? ഈ പദ്ധതിയിലേയ്ക്കായി എസ്.എൻ.സി. ലാവ്‌ലിനാൽ യഥാർത്ഥത്തിൽ നൽകപ്പെട്ടത് 8.98 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമാവുകയും അത് ആശുപത്രിയുമായി ബന്ധപ്പെട്ട പണികൾക്ക് ചെന്നൈ ആസ്ഥാനമാക്കിയുള്ള ഒരു സ്ഥാപനമായ Technicaliya Consultant Private Limited-ന് നൽകുകയുമായിരുന്നു. തുടർന്നും ഈ പദ്ധതിക്ക് പണം നൽകിയത് കാണിക്കുന്ന യാതൊരു രേഖയും 2005 ഏപ്രിൽ മാസം വരെ ലഭ്യമായിരുന്നില്ല. കാരണങ്ങളൊന്നും രേഖയിൽ ഇല്ലാതെ 2002 മാർച്ച് മാസത്തിനുശേഷം ഈ എം.ഒ.യു കൂടി പുതുക്കിയിട്ടില്ല. കുട്ടി ഉണ്ടായാൽ ചെലവിന് കൊടുക്കണ്ടേ? എം.ഒ.യു പുതുക്കപ്പെട്ടില്ല. അങ്ങയുടെ കാലത്ത് എന്തൊക്കെ ചെയ്തു എന്ന് അങ്ങ് പറഞ്ഞല്ലോ. സി. ആന്റ് എ.ജി. പറഞ്ഞിരിക്കുകയാണ് ശ്രീ. കടവൂർ ശിവദാസൻ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ പുതുക്കപ്പെട്ടില്ല. മലബാർ കാൻസർ സെന്ററിന് സഹായം നഷ്ടപ്പെടുത്തി എന്നൊക്കെ. അതിന് കൂട്ടുനിന്ന വൈദ്യുതി വകുപ്പുമന്ത്രി ഗീർവാണ പ്രസംഗം നടത്തുന്നു. എന്നിട്ട് ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ഒന്നും അദ്ദേഹത്തിന് പറയാനില്ല. ബഹുമാനപ്പെട്ട ആര്യാടൻ സഖാവേ, ശ്രീ. കോടിയേരി ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ട് അനുസരിച്ച് യു.ഡി.എഫ്. കാലഘട്ടത്തിൽ ഉണ്ടാക്കിയിട്ടുള്ള ധനനഷ്ടം, ക്രമക്കേട്, അഴിമതി എന്നിവ കോടികളുടേതാണെന്ന് സൂചിപ്പിച്ചപ്പോൾ അങ്ങ് അദ്ദേഹത്തെ വെല്ലുവിളിച്ചു. അത് തെളിയിച്ചാൽ ഞാൻ ഈ പണി ഉപേക്ഷിക്കാം എന്ന്. അങ്ങ് നിലമ്പൂരിലേയ്ക്ക് പോകുമോ? ഞാൻ പ്രതീക്ഷിക്കുന്നത് അങ്ങ് ഇന്ന് പ്രഖ്യാപിക്കുമെന്നാണ്. 4 വർഷത്തെ സി. ആന്റ് എ.ജി. റിപ്പോർട്ടിന്റെ കാര്യം സമാഹരിച്ച് ഓരോ പേജും ആഡിറ്റ് പാരയും ലഭ്യമാക്കിയിട്ടുണ്ട്. അങ്ങ് എന്ത് ചെയ്യുമെന്നറിയാമോ? അങ്ങ് മാന്യമായി രാജി വച്ച് പോകണം. ഇത് അങ്ങ് ഒരു മോശമായി കണക്കാക്കേണ്ട. ബഹുമാനപ്പെട്ട ശിവദാസമേനോനെ പുറത്താക്കിയില്ലേ? അങ്ങ് അവിടെ ഇരുന്നോ. പക്ഷെ അങ്ങ് ഇതിനെപ്പറ്റി ഒന്ന് പരിഗണിക്കണം. സി. ആന്റ് എ.ജി. റിപ്പോർട്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കോടികളുടെ നഷ്ടം വരുത്തിയതിന്റെ സ്ഥിതിവിവര കണക്കുകളാണ്. ആ കടലാസു മുഴുൻ അങ്ങേയ്ക്ക് തരാം. സി. ആന്റ് എ.ജി. റിപ്പോർട്ടിനെക്കുറിച്ച് ഇപ്പോൾ വലിയ തോതിൽ ഇവർ അവകാശവാദം ഇന്നയിക്കുകയാണല്ലോ? എന്താണ് സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ഇവരുടെ കാലത്ത് 5 വർഷത്തെക്കുറിച്ച് പറഞ്ഞത്? 2005-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ പേജ് 142-ൽ പറയുകയാണ്. 2005 സെപ്റ്റംബർ അവസാനത്തിൽ 60303 ഖണ്ഡികകൾ ബാക്കി നിന്നിരുന്നു. അതിൽ 2458 ഖണ്ഡികകൾ ഉൾക്കൊള്ളുന്ന 341 ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും മറുപടി നൽകിയിട്ടില്ല. 2456 പാരകൾക്ക് മറുപടി നൽകാത്തവരാണ് ഇതിനെക്കുറിച്ച് ഇവിടെ പ്രസംഗം നടത്തുന്നത്. കുറ്റ്യാടി പദ്ധതിക്ക് യഥാർത്ഥത്തിൽ പള്ളിവാസൽ പദ്ധതിയുമായി ഒരുപാട് വ്യത്യാസങ്ങൾ ഉണ്ട്. കുറ്റ്യാടി പദ്ധതിയിൽ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന ഒരു കാര്യം അത് പൂർണ്ണമായി നമുക്ക് നഷ്ടമായി എന്നുള്ളതാണ്. എന്താണ് സി. ആന്റ് എ. ജി. റിപ്പോർട്ടിൽ പറയുന്നത്? സാങ്കേതിക സാമ്പത്തിക പഠനത്തിന്റെ സമയത്ത് നീരൊഴുക്കിലെ കുറവ് കണക്കിലെടുക്കാതെ 201.10 കോടി രൂപയുടെ ഭീമമായ ചെലവിൽ വിപുലീകരിക്കാൻ പദ്ധതി നടപ്പിലാക്കിയതിനു ന്യായീകരണമില്ല. അതിന്റെ

6 P.M.]

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥമെന്താണ്? ഭീമമായ ചെലവിട്ട മുതൽ പൂർണ്ണമായി പാഴായി എന്നാണ്. 201 കോടി രൂപയും പാഴായി. സാമ്പത്തിക സാങ്കേതിക പഠനം നടന്നത് എപ്പോഴാണ്? 1993-ലെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. അന്ന് ആരായിരുന്നു ഭരിച്ചിരുന്നത്? യു.ഡി.എഫ്. പള്ളിവാസൽ പോലുള്ള മുഴുവൻ തുകയും പാഴായി. പള്ളിവാസലിനെപ്പറ്റി പറഞ്ഞതെന്താണ്? പുതുക്കിപ്പണിയലിന് ചെലവായ 374.50 കോടി രൂപക്ക് അനുപാതികമായ നേട്ടങ്ങൾ ഉണ്ടായില്ല. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം 374 കോടി രൂപയിൽ ഒരു രൂപയുടെ കുറവ് സംഭവിച്ചാൽ ഇങ്ങനെ ഒരു റിലയിരുത്തൽ സി. ആന്റ് എ.ജി.-ക്ക് നടത്താം. നഷ്ടപ്പെട്ടത് ഏത്? കുറ്റ്യാടി പദ്ധതി. വെള്ളം ഇല്ലാതെ ഇങ്ങനെ ഒരു പദ്ധതിക്ക് എന്തിനാണ് തയ്യാറായത്? വീണ്ടും സി. ആന്റ് എ.ജി. സൂചിപ്പിക്കുന്നു, (കുറ്റ്യാടിയുടെ കാര്യം) ബി.എച്ച്.ഇ.എൽ. കോട്ട് ചെയ്ത നിരക്ക് പ്രകാരം അവർക്ക് കരാർ കൊടുക്കാമായിരുന്നു എന്ന്. ഇത് വളരെ പ്രധാനപ്പെട്ട വിമർശനമാണ്. അങ്ങനെ കരാർ നൽകാത്തതിന്റെ ഫലമായി 49.50 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്നും പറഞ്ഞിട്ടുണ്ട്. ആഗോള ദർഘാസ് ക്ഷണിക്കാതെ എസ്.എൻ.സി. ലാവ്‌ലിനിൽനിന്ന് 1.63 കോടി രൂപ ചെലവിൽ യന്ത്രങ്ങൾ വാങ്ങുവാൻ ബോർഡ് സമ്മതിച്ചു. അത് 1995 മേയിലാണ്. അന്ന് ശ്രീ. കാർത്തികേയനായിരുന്നു മന്ത്രി. 2003 ആഗസ്റ്റിൽ ബോർഡിനാൽ ഏറ്റെടുക്കപ്പെട്ട 100 മെഗാ വാട്ട് കുറ്റ്യാടി അഡീഷണൽ പദ്ധതിക്ക് ബി.എച്ച്.ഇ.എൽ. സമ്മതിക്കപ്പെട്ട സ്ഥിരം വില 66.05 കോടി രൂപയായിരുന്നു. എന്നുപറഞ്ഞാൽ ഒരു മെഗാ വാട്ടിന് .66 കോടി രൂപ. എസ്.എൻ.സി. ലാവ്‌ലിനുമായി സമ്മതിച്ച വിലയാകട്ടെ 'ബെൽ'-ന്റെ നിരക്കിനേക്കാൾ 2.47 മടങ്ങ് കൂടുതലായിരുന്നു. അതിന്റെ ഫലമായി 48.50 കോടി രൂപയുടെ അധിക ബാധ്യത ഇവിടെയുണ്ടായി. സി. ആന്റ് എ.ജി. കുറ്റ്യാടി പദ്ധതിയുമായി ബന്ധപ്പെട്ട് ഇവിടെ വിവരിക്കപ്പെട്ട എല്ലാ പാരഗ്രാഫും ഞാൻ വായിച്ചു. അതിന്റെ എം.ഒ.യു. വച്ചത് യു.ഡി.എഫ്.-ന്റെ കാലത്ത്; ചർച്ചകൾ നടന്നത് യു.ഡി.എഫ്-ന്റെ കാലത്ത്; അന്തിമ കരാർ ഒപ്പിട്ടത് യു.ഡി.എഫ്.-ന്റെ കാലത്ത്. ആദ്യം ശ്രീ. പത്മരാജൻ വൈദ്യുതി വകുപ്പുമന്ത്രി; പിന്നീട് ശ്രീ. കാർത്തികേയൻ വൈദ്യുതി വകുപ്പു മന്ത്രി. ഇക്കാലത്ത് നടന്നിട്ടുള്ള ഇടപാടുകൾക്ക് പൂർണ്ണമായ ഉത്തരവാദിത്വം യു.ഡി.എഫ്.-നാണ്. 201 കോടി രൂപയുടെ ധനനഷ്ടത്തിന് ഉത്തരവാദിയും അപ്പുറത്ത് ഇരിക്കുന്നവരാണ്. അവരാണ് വേശ്യ ചാരിത്ര്യപ്രസംഗം നടത്തുന്നതുപോലെ പറയുന്നത്. പുതുയ ഫാക്ടറികൾ സ്ഥാപിച്ചതുകൊണ്ട് ഒരു യൂണിറ്റ് വൈദ്യുതി പോലും കൂടുതലായി ഉൽപാദിപ്പിക്കുന്നില്ല. ശ്രീ. വി. ഡി. സതീശൻ പറഞ്ഞു, 50 മെഗാവാട്ടിൽ കൂടുതൽ ഉൽപാദിപ്പിക്കാൻ കഴിഞ്ഞു എന്ന്. അത് ശ്രീ. സതീശന്റെ സ്വപ്നം മാത്രമായിരുന്നു. ഒരു യൂണിറ്റ് വൈദ്യുതി പോലും കൂടുതലായി ഉൽപാദിപ്പിക്കാൻ കഴിഞ്ഞില്ല. എന്നുപറഞ്ഞാൽ കുറ്റ്യാടിയിൽ അധികം വെള്ളമുണ്ടെന്ന് കണക്കാക്കിയാണ് പദ്ധതി തയ്യാറാക്കിയത്. തയ്യാറാക്കിയത് അവരായിരുന്നു. അതുകൊണ്ട് തന്നെ വിപുലീകരണ പദ്ധതിയെന്നാണ് പറയുന്നതെങ്കിലും അതൊരു പുതിയ പദ്ധതിയാണ്. 201 കോടി രൂപ ചെലവിട്ടതാണ്. ഒരു യൂണിറ്റ് വൈദ്യുതി പോലും ഉൽപാദിപ്പിക്കാൻ കഴിഞ്ഞില്ല. അങ്ങനെ ഉൽപാദിപ്പിക്കാൻ കഴിയുന്നവിധത്തിലുള്ള അധിക ജലം

LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടിയിൽ ഇല്ല. ജനറേറ്റർ സ്ഥാപിച്ചതു മാത്രമാണ് ഇപ്പോഴുള്ള ഏക മിച്ചം. ഇവിടെ മറ്റൊരു കാര്യം സി. ആന്റ് എ ജി. റിപ്പോർട്ടിൽ പറയുന്നത് അതിന്റെ കൺസൾട്ടൻസി കരാറിനെക്കുറിച്ചാണ്. ഇതെല്ലാം യഥാർത്ഥത്തിൽ പരിശോധിച്ചുകഴിഞ്ഞാൽ കുറ്റ്യാടി പദ്ധതി കരാറിലുള്ള വ്യവസ്ഥകൾ തന്നെയാണ്. പള്ളിവാസൽ-പന്നിയാർ-ശെങ്കുളം കരാറിലും നമുക്ക് കാണാൻ കഴിയുന്നത്. അതിൽ പള്ളിവാസൽ കരാറിന് 34.7 കോടി രൂപയുടെ സാമ്പത്തിക നേട്ടം സംസ്ഥാനത്തിന് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് ഉണ്ടാക്കിക്കൊടുത്തു. എന്നാൽ കുറ്റ്യാടി കരാറിന്റെ സ്ഥിതി എന്താണ്? ഇവിടെ 23.3 ദശലക്ഷം കനേഡിയൻ ഡോളർ ഉറുപ്പികയിൽ ആക്കിയാൽ 68.45 കോടിരൂപയാണ് യഥാർത്ഥത്തിൽ ഇവരുടെ ആദ്യ ഘട്ടത്തിൽ, ഈ കൺസൾട്ടൻസി കരാറിന്റെ ഘട്ടത്തിൽ കണക്കാക്കിയിട്ടുള്ള നിരക്ക്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

എന്നാൽ അന്തിമ കരാറിലേയ്ക്ക് പോകുമ്പോൾ addendum No. 1-ൽ 1996 ഫെബ്രുവരി മാസം 24-ാം തീയതിയാണ് പള്ളിവാസലിന്റെ കൺസൾട്ടൻസി കരാർ ഒപ്പിട്ടത്. അപ്പോൾ addendum No. 1-ൽ കാണാൻ കഴിയുന്നത് 68.77 കോടി രൂപയാണ്. എന്നു പറഞ്ഞാൽ 32 ലക്ഷം രൂപ അധികം എസ്.എൻ.സി. ലാവ്‌ലിന് കൊടുത്തവരാണ് ഇവർ. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കരാർ തുകയിൽ കുറവ് വരുത്തി സംസ്ഥാനത്ത് നേട്ടമുണ്ടാക്കിക്കൊടുക്കുകയാണ് ചെയ്തത്. ഈ കരാർ ഒപ്പിടുന്ന സമയത്ത് അന്നത്തെ വൈദ്യുതി ബോർഡിന്റെ ചെയർമാൻ ഡോ. വി. രാജഗോപാൽ ആയിരുന്നു. അദ്ദേഹം ഇപ്പോൾ ഇല്ല. പക്ഷേ അദ്ദേഹം ശ്രീ. തെന്നലയുടെ മരുമകനാണ്. ഡോ. വി. രാജഗോപാലാണ് വൈദ്യുതി ബോർഡിന്റെ അന്നത്തെ ചെയർമാനായിരുന്നത്. എന്നിട്ട് ഇവർ പറയുന്നത് സിദ്ധാർത്ഥമേനോനാണ് ഇതെല്ലാം ഉണ്ടാക്കിയത് എന്നാണ്. ആടിനെ പട്ടിയാക്കുന്ന വിദ്യ എന്നല്ലാതെ ഇതിന് എന്ത് പേരിട്ട് വിളിക്കും? അതുകൊണ്ട് യഥാർത്ഥത്തിൽ വൈദ്യുതി വകുപ്പിന് ഗൗരവതരമായ നഷ്ടം ഉണ്ടാക്കിക്കൊടുത്തത് കുറ്റ്യാടി പദ്ധതിയാണെന്നുള്ളത് ഓരോ കാര്യവും എടുത്ത് പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. കുറ്റ്യാടി വിപുലീകരണ പദ്ധതിയുടെ അതേ രൂപത്തിലാണ് പള്ളിവാസൽ ഉൾപ്പെടെയുള്ള കരാർ തയ്യാറാക്കിയത്. കുറ്റ്യാടി പദ്ധതിയുടെ കൺൾട്ടൻസി കരാർ 1995 മേയ് മാസം 29-ാം തീയതി ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരുന്ന സമയത്ത് ഒപ്പിട്ടതാണ് ഇത്. അതിൽ Scope of Work എന്ന് പറയുന്ന ഭാഗത്ത് 2 (1)-ൽ എഴുതിയിരിക്കുന്നു; SNC Lavalin shall provide the technical services for procurement and other technical services so as to ensure the timely completion of the project within the agreed time frame of three years with effect from the effective date of contract. അതേ വാചകമാണ് പള്ളിവാസൽ കരാറിലും. ഇത് കൺസൾട്ടൻസി. പിന്നീട് 1996 ഫെബ്രുവരി മാസം 24-ാം തീയതി അന്തിമ കരാറിൽ ഒപ്പിടുന്നു. അതാണ് addendum No. 1 എന്താണ് അതിൽ പറയുന്നത്? Whereas KSEB wishes SNC Lavalin to provide, in addition

LIBRARY ARCHIVES Kerala Legislative Assembly

to the agreed up on consultancy services certain electro mechanical equipment and other goods and materials for the project are more fully described in this addendum. Bracket-ൽ (the goods).

മി. സ്പീക്കർ: മി. ജയരാജൻ, ഇത് മുഴുവൻ വായിച്ചിട്ട് കാര്യമില്ല. Please come to the point and conclude.

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ conclude ചെയ്യാം Whereas SNC Lavalin has agreed to supply such goods. ഇതേ വാചകം. ഇതെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഇതെല്ലാം ശ്രീ. ജി. കാർത്തികേയൻ മന്ത്രിയായിരുന്ന ഘട്ടത്തിൽ ഒപ്പിട്ടതാണ്. സപ്ലൈ കരാർ ഇല്ല എന്ന് അങ്ങ് പറഞ്ഞല്ലോ എന്താണ് വാചകം? Whereas SNC Lavalin has agreed to supply such goods. ഗുഡ്സ് എന്നു പറയുന്നത് ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു. എന്തൊക്കെയാണ് ഉള്ളത്? സപ്ലൈ കരാർ ശ്രീ. ജി. കാർത്തികേയന്റെ കാലത്ത് ഒപ്പിട്ടതാണ്. ആടിനെ പട്ടിയാക്കുന്ന വിദ്യ ഇവിടെ ഉപയോഗിക്കരുത്. പിന്നീട് ധനസഹായത്തിന്റെ കാര്യം. ധനസഹായത്തിന്റെ കാര്യത്തിൽ രണ്ട് സി. ആന്റ് എ.ജി. റിപ്പോർട്ടുകളും നമുക്ക് നോക്കാം. കുറ്റ്യാടിയുടെ കാര്യത്തിൽ അന്ന് ബഹുമാനപ്പെട്ട കാർത്തികേയനാണ് മന്ത്രി. തർക്കമില്ലല്ലോ? ധനസഹായം ലഭ്യമാകാതിരിക്കൽ. 3.13.5 എന്ന പാരഗ്രാഫിൽ എസ്.എൻ.സി. ലാവ്‌ലിൻ എന്ന കനേഡിയൻ സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഒരുമിച്ച് അംഗീകരിക്കപ്പെട്ട ഇടപാട് പ്രകാരം പദ്ധതിയുടെ ധനവ്യവസ്ഥ, 15 ദശലക്ഷം കനേഡിയൻ ഡോളറിന്റെ സഹായ ധനം കനേഡിയൻ അന്താരാഷ്ട്ര വികസന ഏജൻസിയാൽ നൽകപ്പെടുമെന്ന് വിഭാവനം ചെയ്തിരുന്നു. 2004 മാർച്ച് 31 വരെ ബോർഡ് ഈ പലിശരഹിത ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി തുടർ നടപടികളൊന്നും സ്വീകരിക്കുകയുണ്ടായില്ല എന്നു പറഞ്ഞിട്ട് അതു തീർന്നില്ല, പിന്നെയും പറയുകയാണ്. ധനസഹായം ലഭ്യമാക്കുന്നതിൽ ഉണ്ടായ വീഴ്ച 39 കോടി രൂപയുടെ ധനപരമായ ചെലവിലെ കുറവിന്റെ ആനുകൂല്യം ബോർഡിന് നഷ്ടപ്പെടുന്നതിന് ഇടയാക്കി. 2000 ഏപ്രിൽ മുതൽ 2008 മാർച്ച് വരെയുള്ള കാലയളവിൽ തിരിച്ചടയ്ക്കപ്പെട്ടുകൊണ്ടിരിക്കുന്ന വായ്പയിൻമേലുള്ള മൊത്തം അറ്റ പലിശ ചെലവ് (34.45) കോടി രൂപ. ഈ സഹായധനം തട്ടിക്കഴിക്കുമായിരുന്നു. അതും ചെയ്തില്ല. പിന്നെ എവിടെനിന്നാണ് നിങ്ങൾ സഹായം കിട്ടി എന്ന് പറയുന്നത്? കുറ്റ്യാടി പദ്ധതിയുടെ ഭാഗമായി എം.ഒ.യു. പോലുമില്ല. എഗ്രിമെന്റില്ല. നിങ്ങൾ തമ്മിൽ പരസ്പരമുണ്ടാക്കിയ ധാരണ മാത്രം. ഇപ്പോൾ പറയുന്നത് ശ്രീ. കടവൂർ ശിവദാസന്റെ മാജിക്കിൽ നിന്ന് പണമുണ്ടാക്കി എന്നാണ്. ശ്രീ. കടവൂർ പറയുന്നത് പണമല്ല, മെറ്റീരിയൽസ് തന്നിട്ടുണ്ട് എന്നാണ്. എന്ത് മെറ്റീരിയൽസ് തരാനാണ്? എവിടെയാണ് മെറ്റീരിയൽസ് തരാൻ വ്യവസ്ഥയുള്ളത്? നിങ്ങൾക്ക് ശ്രീ. കടവൂർ ശിവദാസൻ പറഞ്ഞ പ്രകാരം പണം കിട്ടിയിട്ടുണ്ടെങ്കിൽ അതിന്റെയർത്ഥം 39 കോടി രൂപ കോൺഗ്രസിന്റെ, ശ്രീ. കടവൂരിന്റെ നേതൃത്വത്തിൽ ആരുടെ കയ്യിൽ കൊടുത്തു എന്ന് അവർ പറയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ചാനലിന് കൊടുത്തോ? അവരുടെ പത്രത്തിന് കൊടുത്തോ അതാണ് അവർ പറയേണ്ടത്. ഇവിടെ സി. ആന്റ് എ.ജി. റിപ്പോർട്ട് വളരെ വ്യക്തമാണ്. ധനസഹായം ലഭ്യമായില്ല. ധനസഹായമാണ് തരുമെന്ന് പറഞ്ഞിട്ടുള്ളത്. അതിന് എം.ഒ.യു. ഇല്ല. എന്നാൽ എന്താണ് പള്ളിവാസലിന്റെ കാര്യത്തിലുള്ളത്? പള്ളിവാസലിന്റെ കാര്യത്തിൽ വ്യക്തമായ എം.ഒ.യു. ഉണ്ട്. ആ എം.ഒ.യു. പ്രകാരം പുതുക്കിക്കൊണ്ട് അത് വാങ്ങിയെടുക്കുന്നതിന് ഇവർക്ക് കഴിഞ്ഞില്ല എന്നാണ് വിമർശനം ഉന്നയിച്ചത്. സി. ആന്റ് എ.ജി. പറയുകയാണ് 2002 മാർച്ചിനുശേഷം എം.ഒ.യു. പുതുക്കിയിട്ടില്ല എന്ന്. അതിൽ എം.ഒ.യു. ഉണ്ട്. എം.ഒ.യു. പുതുക്കിയാൽ കിട്ടുമായിരുന്നു. ഈ ധനസഹായം 86 കോടി രൂപ അവർ വാങ്ങിയെടുക്കാൻ പരിശ്രമം നടത്തിയില്ല. ഇപ്പോൾ അവർ പറയുന്നു 86 കോടി രൂപ ആരോ വാങ്ങിയിട്ടുണ്ട്. വാങ്ങിയിട്ടുണ്ടെങ്കിൽ അതിന്റെ അർത്ഥം ഒരു തർക്കവും വേണ്ട, അത് അപ്പുറത്തുള്ളവർക്ക് കിട്ടിയതാണ്. ശ്രീ കാർത്തികേയനാണ് പറയേണ്ടത്. ശ്രീ. ഹസ്സൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെയർത്ഥം ശ്രീ.കാർത്തികേയന് കിട്ടിയോ എന്ന് ശ്രീ. ഹസ്സൻ വ്യക്തമാക്കണം. 2005-ലെ സി. ആന്റ് എ.ജി. റിപ്പോർട്ട് എടുത്താൽ എന്തെല്ലാം വിമർശനങ്ങളും എന്തെല്ലാം ക്രമക്കേടുകളും അതിൽ പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടന്ന കൊള്ളരുതായ്മകളും അഴിമതിയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ കാര്യം പറഞ്ഞിരിക്കുന്നതിൽ സി. ആന്റ് എ.ജി. പറയുന്നു പുതുക്കിയ ഇന്ധനവിതരണ കരാറുമായി ബന്ധപ്പെട്ട് സേവന ദല്ലാൾ .....

മി. സ്പീക്കർ: ഒരാളിനെ കമ്പയർ ചെയ്ത് വാശിയിൽ പ്രസംഗിച്ചു പോകേണ്ട. സമയം കൂടുതൽ എടുത്തു. അവസാന ദിവസമായതുകൊണ്ട് പ്രശ്നമുണ്ടാക്കേണ്ട എന്നു കരുതിയാണ് ഞാൻ സമയം തരുന്നത്. അങ്ങേയ്ക്ക് പറയാനുള്ളത് പറഞ്ഞു. പിന്നെ ഇത് പരസ്പരം വായിച്ച് കൂടുതൽ സമയമെടുക്കാനാണെങ്കിൽ എനിക്ക് നിവൃത്തിയില്ല. ഞാൻ ഏതായാലും വഴക്കിനില്ല.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട ചെയറിനോടുള്ള എല്ലാ റസ്പെക്ടും വച്ച് പറയട്ടെ. എനിക്ക് രണ്ടുമൂന്ന് കാര്യങ്ങൾ മാത്രമേ ഇനി പറയാനുള്ളു. ഞാൻ അധിക സമയം എടുക്കുന്നില്ല. പുതുക്കിയ ഇന്ധന വിതരണ കരാറുമായി ബന്ധപ്പെട്ട് സേവന ദല്ലാളുമാർക്കുള്ള വർക്ക് ഓർഡറിലെ വ്യാപിച്ചുകിടക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കുന്നതിലെ വീഴ്ച മൂലം 60.32 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി. തീർന്നില്ല, 2002 -ൽ ഇലക്ട്രിസിറ്റി ബോർഡിനെപ്പറ്റി പറഞ്ഞതാണ്; 2002 നവംബറിൽ ഇലക്ട്രിസിറ്റി ബോർഡ് ത്രീ ഫേസ് സ്റ്റാറ്റിക് മീറ്ററുകൾ 1446 രൂപ നിരക്കിൽ വാങ്ങിയതുമൂലം 2.73 കോടി രൂപ ബോർഡിന് നഷ്ടമുണ്ടായി. അന്ന് ആരാണ് വൈദ്യുതി വകുപ്പു മന്ത്രി? അങ്ങ് അല്ല, ശ്രീ. ആര്യാടനല്ല, ശ്രീ. കടവൂർ ശിവദാസൻ ആയിരുന്നു. ഈ പ്രശ്നമാണ് നേരത്തെ അഴിമതിയാരോപണം ഇവിടെ എഴുതിക്കൊടുത്ത് ഇവിടെ ഞാൻ ഉന്നയിച്ചത്. ഗുണനിലവാരമില്ലാത്ത ഇലക്ട്രോണിക് മീറ്റർ വാങ്ങിയതിലെ ക്രമക്കേട് അന്ന്

വൈദ്യുതി ബിൽ വന്നപ്പോൾ പലരും ഷോക്കടിച്ചതുപോലെയായി. നാടാകെ ഞെട്ടിപ്പോയി. എലിമർ കമ്പനിയിൽനിന്ന് അന്ന് മധ്യപ്രദേശ് സംസ്ഥാനം വാങ്ങിയ നിരക്കിനേക്കാൾ കൂടിയ നിരക്കിൽ ഗുണ നിലവാരം കുറഞ്ഞ മീറ്റർ വാങ്ങി 2.73 കോടി രൂപ നഷ്ടമുണ്ടാക്കി. എ.പി.ഡി.ആർ.പി. സ്കീമിനും ലക്ഷ്യം നേടാൻ കഴിഞ്ഞില്ല. 155 കോടി രൂപ നഷ്ടം സംസ്ഥാന ഖജനാവിന് ഉണ്ടാക്കി. 2003 മാർച്ചിൽ വീണ്ടും വൈദ്യുതി ബോർഡ് കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിക്കൂട്ടി. അതുവഴി 2.2 കോടി രൂപ നഷ്ടമുണ്ടാക്കി. യു.ഡി.എഫ്-ന്റെ കാലത്ത് വൈദ്യുതി ബോർഡ് ഉണ്ടാക്കിയിട്ടുള്ള ക്രമക്കേടും അഴിമതിയും നഷ്ടവും വിവരിച്ചാൽ അന്തമില്ലാതെ നീണ്ടുപോകും. ആ ബ്രഹ്മപുരം പദ്ധതി കരാറിലേർപ്പെട്ട ഫ്രഞ്ച് കമ്പനി അമേരിക്കയിലുണ്ട്. ആ കമ്പനിയിലിപ്പോൾ ബഹുമാനപ്പെട്ട പത്മരാജന്റെ മകന് ജോലി കൊടുത്തിരിക്കുകയാണ്. അത് നാണം കെട്ട നടപടിയല്ലേ? ഇവരാണിപ്പോൾ ചാരിത്ര്യപ്രസംഗം നടത്തുന്നത്. അതിനെപ്പറ്റി നിങ്ങൾ അന്വേഷിക്കണം.

മി. സ്പീക്കർ: എന്തായാലും എല്ലാപേരും മലർന്നുകിടന്നു തുപ്പുകയാണ്; എല്ലാപേരേയും ബാധിക്കട്ടെ. നിയമസഭയുടെ അന്തസ്സുതന്നെ പോകുകയാണ്. ആർക്കും എന്തും പറയാവുന്ന സ്ഥലമായി മാറരുത്.

ശ്രീ. എം. വി. ജയരാജൻ: അതിനെല്ലാം അവരാണ് ഇടയാക്കിയത്. അവർക്കും അറിയാമത്. .....(ബഹളം)..... കെ.എസ്.ടി.പി.യെപ്പറ്റി എന്താണ് പറഞ്ഞത്? ഏതാണ്ട് 569 കോടിരൂപയുടെ നഷ്ടമാണുണ്ടാക്കിയത്.

മി. സ്പീക്കർ: എന്താണ് ബഹുമാനപ്പെട്ട അംഗത്തിന്റെ പോയിന്റ് ഓഫ് ഓർഡർ

ശ്രീ. ടി. എച്ച്. മുസ്തഫ: Sir, I raise a point of order. ഈ സഭയിലില്ലാത്ത, ഇവിടെ വന്ന് മറുപടി പറയാൻ കഴിയാത്ത ഒരാളെക്കുറിച്ച് എഴുതിത്തരാതെയും ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദമില്ലാതെയും അഴിമതിയാരോപണവും, തെറ്റിദ്ധാരണ പരത്തുന്നതുമായ വിഷയം അവതരിപ്പിക്കുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ഇതെല്ലാം ഇവിടെ പല പ്രാവശ്യം പറഞ്ഞ കാര്യങ്ങളാണ്. ആർക്കും ആരേയും നിയന്ത്രിക്കാൻ പറ്റില്ല. അവരവരുടെ മാന്യതയും അന്തസ്സുമനുസരിച്ച് സംസാരിക്കുക, അതല്ലാതെ ചെയറിനെന്തു ചെയ്യാനൊക്കും.

ശ്രീ. എം. വി.ജയരാജൻ: ..... (ബഹളം)..... സംസ്ഥാനത്തിന്റെ താൽപ്പര്യമാണ് യു.ഡി.എഫ്. നോക്കുന്നത്. കെ.എസ്.ടി.പി. പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുന്നത് കരാറിന്റെ കാലാവധി നീട്ടിക്കൊടുത്തു എന്നുള്ളതാണ്. കരാറുകാർക്ക് അവിഹിതമായിട്ട് തുക കൂടുതൽ കൊടുത്തു. കുറഞ്ഞ നിരക്കിൽ കോട്ട് ചെയ്തവരെ ഒഴിവാക്കി കൂടിയനിരക്കിൽ കോട്ട് ചെയ്ത ആളുകൾക്ക് കൊടുത്തു. ഇങ്ങനെ സി. ആന്റ് എ.ജി. റിപ്പോർട്ടിൽ വിവരിക്കുകയാണ്. അങ്ങനെ 569 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടെ നഷ്ടമാണ് കെ.എസ്.ടി.പി.-യിൽ ഉണ്ടാക്കിയത്. മന്ത്രി ശ്രീ. എം. കെ. മുനീർ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞു, ഇതെല്ലാം പി.എ.സി.യിൽ ഒരു റിപ്പൈ കൊടുത്തു തീർക്കാവുന്നതേയുള്ളൂയെന്ന്. പള്ളിവാസലിന് അത് ബാധകമല്ല. അത് മറ്റ് കരാറുകൾക്ക് ബാധകമല്ല. സി. ആന്റ് എ.ജി. റിപ്പോർട്ടുകൾ മറ്റുള്ളവർക്കു ബാധകമല്ല. അപ്പോൾ അവർ അഴിമതിക്ക് കൂട്ടുനിൽക്കുന്നവരാണ് ഇവിടെ യു.ഡി.എഫ്.ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 20,000 കോടി രൂപയുടെ ക്രമക്കേടും അഴിമതിയും കേരളത്തിൽ നടത്തിയവരാണ് അവിടെനിന്ന് ഇങ്ങനെ യെല്ലാം പ്രസംഗിക്കുന്നത്. അതുകൊണ്ടാണ് ശ്രീ. ആര്യാടൻ മുഹമ്മദിന് മറുപടി പറയാൻ കഴിയാത്തത്. ഞങ്ങൾക്ക് വേറെ വിഷമമൊന്നുമില്ല. അതുകൊണ്ട് സി.പി.ഐ.(എം)-ന്റെയും ഇടതുപക്ഷനേതാക്കന്മാരുടേയും മേക്കിട്ട് കയറിയിട്ട് നേരാംവണ്ണം നിങ്ങൾക്കങ്ങനെ ഭരിക്കാമെന്ന് കരുതണ്ട. ഞങ്ങൾ ഇവിടെ യാതൊരു രീതിയിലും അഴിമതി നടത്തുകയില്ല. കേരളത്തിലെ ജനങ്ങളുടെ മനസ്സിലറിയാം 5 നയാപൈസയുടെ നഷ്ടമുണ്ടാക്കുന്ന വിധത്തിൽ അഴിമതി നടത്തുന്ന പാർട്ടിയല്ല സി.പി.ഐ. (എം) എന്ന്. സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറി ശ്രീ. പിണറായി വിജയൻ മന്ത്രിപ്പണി ഉപേക്ഷിച്ച് പാർട്ടിസെക്രട്ടറിയായ നേതാവാണ് അതുകൊണ്ട് മന്ത്രിസ്ഥാനത്തിരിക്കുമ്പോൾ നിങ്ങൾക്ക് പലതും തോന്നും. ശ്രീ. കടവൂർ ശിവദാസനെ പുറത്താക്കണമെന്ന് ശ്രീ. ആര്യാടൻ മുഹമ്മദിന് തോന്നും. വെടിക്കെട്ടുകാരന്റെ മോനെ ഉടുക്ക് കൊട്ടി പേടിപ്പിക്കാൻ നോക്കണ്ട; അതുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുനടന്ന കൊള്ളരുതായ്മകളെപ്പറ്റിയാണ് നിങ്ങൾ ഉത്തരം പറയേണ്ടത് എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കുറ്റിയാടിയെ സംബന്ധിച്ച് കാര്യമായ ചർച്ചയൊന്നും വന്നില്ല. എസ്.എൻ.സി.ലാവ്‌ലിനെപ്പറ്റിയും, മറ്റ് റീഹാബിലിറ്റേഷൻ പ്രോജക്ടുകളെ സംബന്ധിച്ചുമാണ് ഇവിടെ പലരും പറഞ്ഞത്. എസ്.എൻ.സി.ലാവ്‌ലിൻ - സംബന്ധിച്ച് പറയാവുന്നതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. കുറ്റ്യാടി എക്സ്റ്റൻഷനെ സംബന്ധിച്ചാണെങ്കിൽ അതിന്റെ യഥാർത്ഥവസ്തുതയെപ്പറ്റി ശ്രീ. വി. ഡി. സതീശനും, ബഹുമാനപ്പെട്ട ശിവദാസൻ വക്കീലും പറഞ്ഞു കഴിഞ്ഞു.. അതുകൊണ്ട് എന്റെ ഭാരം വളരെയധികം കുറഞ്ഞിരിക്കുകയാണ് ഇതിനകത്തുള്ള ഒരു പ്രധാനപ്പെട്ട പ്രശ്നം കുറ്റ്യാടി 50 മെഗാവാട്ട് എക്സ്റ്റെൻഷൻ പ്രോജക്ടിനെ സംബന്ധിച്ചുള്ളതാണ്. കുറ്റ്യാടി നദീ തടങ്ങളിൽ ഒരു വർഷം ഏകദേശം 210 മില്യൺ ക്യൂബിക് മീറ്റർ വെള്ളം ഉണ്ടാകുന്നുണ്ട്. അതിൽ ഏകദേശം 34 മില്യൺ ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കാനുള്ള ഒരു റിസർവോയർ മാത്രമെ അവിടെയുള്ളൂ. അതുകൊണ്ട് വർഷകാലത്ത് ധാരാളം വെള്ളം ഒഴുകിപ്പോകുകയാണ്. ആ വെള്ളം ഉപയോഗിക്കാൻ വേണ്ടിയാണ് 50 മെഗാവാട്ടിന്റെ പദ്ധതി അവിടെത്തുടങ്ങിയത്. അത് വളരെ ആവശ്യമുള്ള പദ്ധതിയാണ് അതു തുടങ്ങുമ്പോൾ മറ്റൊരു കാര്യം കൂടി ആലോചനയിലുണ്ടായിരുന്നു. കുറ്റ്യാടി ആഗ്മെന്റേഷൻ (ബാണാസുര സാഗർ) പ്രോജക്ട് 1982-ൽ ശ്രീ. ബാലകൃ

LIBRARY ARCHIVES Kerala Legislative Assembly

ഷ്ണപിള്ളയുടെ കാലത്തു തുടങ്ങിയതാണെന്ന് ഞാനോർക്കുന്നു. അവിടെയും അതിന്റെ പ്രവർത്തനം കഴിയുമ്പോൾ 159 ക്യൂബിക് മീറ്റർ വെള്ളം സംഭരിക്കാനുള്ള സൗകര്യമുണ്ടാകും. ഇത് പോരായെന്നതുകൊണ്ടാണ് നിങ്ങളുടെ കാലത്തുതന്നെ 100 മെഗാവാട്ടിന്റെ അഡീഷണൽ എക്സ്റ്റെൻഷനുവേണ്ടിയുള്ള പ്രൊപ്പോസൽ ഉണ്ടാക്കിയത്. അത് നടപ്പിലാക്കിയത് ബഹുമാനപ്പെട്ട ശിവദാസൻ വക്കീലാണ് 168 കോടി രൂപ പദ്ധതി വിഹിതമായി ഭെല്ലും, എൽ. ആന്റ്. ടി.-യും കൂടിയുള്ള കൺസോർഷ്യത്തിന് നൽകി. അപ്പോൾ ഈ 50 മെഗാവാട്ട് justifiable ആയിരുന്നു എന്നതിന്റെ തെളിവാണത്. 100 അഡീഷണൽ മെഗാവാട്ടിനുകൂടിയാണ് ഇവിടെ ഏർപ്പാട് ചെയ്തത്. അതു ചെയ്യുന്ന കാര്യത്തിൽ നിങ്ങൾക്കും പങ്കുണ്ട്. നിങ്ങൾ പറയുമ്പോൾ പള്ളിവാസലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട പത്മരാജൻ അഴിമതി നടത്തിയെന്നു പറയുന്നു. അദ്ദേഹം അതിന്റെ മുക്കാൽ ഭാഗം വർക്ക് ചെയ്തു. പക്ഷേ അത് അക്കൗണ്ടിംഗ് ചെയ്യുന്നത് നിങ്ങളാണ് അതിന്റെ വർക്ക് നടത്തിയതിന് അദ്ദേഹത്തിന്റെ പേരിൽ 400 കോടി രൂപയുടെ അഴിമതി ആരോപിക്കുകയാണ് നിങ്ങൾ ചെയ്തത്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ഒരു കാര്യം നാം മനസ്സിലാക്കേണ്ടത്; ഇതൊക്കെ ജനം കാണുന്നുണ്ട് എന്നുള്ളതാണ്. ഇത് വളരെ അത്യാവശ്യമുള്ള ഒരു പ്രോജക്ടായിരുന്നു. സി. ആന്റ് എ.ജി. ഇതിനെപ്പറ്റി പറഞ്ഞത് ടെക്നിക്കൽ സ്റ്റഡി നടത്തിയില്ല, വേണ്ടപോലെ വെള്ളം കിട്ടുന്നില്ലായെന്നൊക്കെയാണ് സി. ആന്റ് എ.ജി. പറഞ്ഞത് ശരിയാണ് കാരണം ചില വർഷകാലത്ത് മഴകുറവായിരുന്നു. മഴ കുറയുമ്പോൾ വെള്ളം കുറയും. അങ്ങനെവരുന്നതുകൊണ്ട് ആ പ്രോജക്ട് തെറ്റാണെന്ന് പറയുന്നത് ശരിയല്ല. എന്നു മാത്രമല്ല നമ്മുടെ പീക്ക് ലോഡ് 6 മണി മുതൽ 10 മണിവരെയാണ് ആ പീക്ക് ലോഡിൽ നമുക്കേറ്റവും അധികം ഇലക്ട്രിസിറ്റി ആവശ്യമാണ്. നമുക്ക് കിട്ടുന്നതിന്റെ വിലയാണെങ്കിലും കൂടുതലാണ്. അതുകൊണ്ട് ആ പീക്ക് അവറിൽ നമുക്കിത് വർക്ക് ചെയ്യാൻ ഏറ്റവും ആവശ്യമുള്ളതാണ്. അതുകൊണ്ടുതന്നെയാണ് നിങ്ങളും അതിനു ശ്രമിച്ചത്. അതുകൊണ്ട് ഒരു കാര്യം പറയുകയാണ് 25 വർഷമായി പെന്റിംഗായി കിടന്നിരുന്ന ബാണാസുര സാഗർ പ്രോജക്ട് (കുറ്റ്യാടി ആഗ്മെന്റേഷൻ) വർക്ക് ഈ ഗവൺമെന്റ് കമ്മിഷൻ ചെയ്തു രാഷ്ട്രത്തിനു സമർപ്പിച്ചു. അതു ചെയ്തതോടുകൂടി അത് ഏറ്റവും ആവശ്യമായി വന്നുവെന്നതാണ് വസ്തുത. ഇപ്പോളിത് നമുക്ക് ഒരിക്കലും ആവശ്യമില്ലാത്തതല്ല, നമുക്കത്യാവശ്യമുള്ള പ്രോജക്ടായിരുന്നു. കൂടുതൽ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല.

പിന്നെ ഇവിടെ പറഞ്ഞത് സി. ആന്റ് എ.ജി. പറഞ്ഞ കാര്യങ്ങളാണ്. സി. ആന്റ് എ.ജി. പറഞ്ഞ കാര്യങ്ങൾ ശരിയാണ്. ഇതിൽ unfruitful expenditure ഉണ്ടായിട്ടുണ്ട് എന്ന് സി. ആന്റ് എ.ജി. പറഞ്ഞിട്ടുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഈ അടിസ്ഥാനത്തിലാണ്, അവിടെ ചില കാലങ്ങളിൽ കുറവുവന്നതുകൊണ്ടാണ് അത് പറഞ്ഞിട്ടുള്ളത്. പക്ഷേ പിന്നീടുവന്ന വർഷങ്ങളിൽ അത് കൂടുകയും ചെയ്തിട്ടുണ്ട്. നേരത്തേ പള്ളിവാസലിന്റെ കാര്യം പറഞ്ഞപ്പോൾ എന്റെ ഒരു പ്രോദ്യത്തിന്റെ മറുപടിയെടുത്തിട്ട് പറഞ്ഞു. അവിടെ ഒന്നിൽച്ചിലാനം കൂട്ടുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു കണക്കുണ്ട്. അത് വെള്ളം വരുന്ന കാലത്തേതാണ്. സി. ആന്റ് എ.ജി. ബാക്കിയുള്ള മൂന്നുനാല് കൊല്ലത്തേത് എടുത്തു, ഞാൻ ഒരു വർഷത്തെ കണക്കെടുത്തുകൊണ്ടാണ് എന്റെ മറുപടിയിൽ പറഞ്ഞത്. സി. ആന്റ് എ.ജി. പറഞ്ഞത് before renovation-ഉം after renovation-ഉം എടുത്തുകൊണ്ടാണ്. അദ്ദേഹം പറഞ്ഞ കണക്കിൽ കുറവാണ്. ഞാൻ അസംബ്ലിയിൽ ഒരു കൊല്ലത്തെ കണക്കെടുത്തു പറഞ്ഞപ്പോൾ ഒന്നിൽച്ചിലാനം മെഗാവാട്ട് കൂടുതലാണ്, ഞാൻ സമ്മതിക്കുന്നു. പക്ഷേ കണക്ക് രണ്ടും ശരിയാണ്. അതുകൊണ്ട് സി. ആന്റ് എ.ജി. പറഞ്ഞത്, ആ വർഷം വെള്ളം കൂടുതൽ കിട്ടിയതുകൊണ്ട് വൈദ്യുതിയും കൂടുതൽ കിട്ടി എന്നാണ്. എന്നാൽ മൊത്തത്തിൽ എടുത്തുനോക്കിയാൽ ഒരു കാര്യം സി. ആന്റ് എ.ജി. പറഞ്ഞതാണ് ശരി. അത് വാസ്തവത്തിൽ റിനൊവേഷൻകൊണ്ട് ഉദ്ദേശിച്ചതുപോലെ നമുക്ക് കൂടുതൽ ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടില്ല. ഞാൻ വളരെ വിശദമായിട്ടാണല്ലോ പറയുന്നത്. ഇവിടെ ശ്രീ. കടവൂർ ശിവദാസന്റെ കാലത്ത്, നിങ്ങൾ അദ്ദേഹത്തെ ധാരാളം കുറ്റപ്പെടുത്തിയല്ലോ. ശബരിഗിരി പ്രോജക്ട്, പള്ളിവാസൽ, പന്നിയാർ അതുപോലെ തന്നെ ശെങ്കുളം തുടങ്ങിയവ കമ്മീഷൻ ചെയ്തു. ഈ റീഹാബിലിറ്റേഷൻ പ്രോജക്ട് 115 മെഗാവാട്ടാണ്. ആ പ്രോജക്ട് റിനൊവേറ്റ് ചെയ്തപ്പോഴാണ് 374 കോടി രൂപ വന്നത്. അതിൽ 57 കോടി രൂപ സി. ആന്റ് എ.ജി. കണക്കാക്കുന്നു 316 കോടി രൂപ നഷ്ടം. അതിന് ആനുപാതികമായി മെച്ചം ഉണ്ടായില്ല എന്ന് സി. ആന്റ് എ.ജി. പറയുന്നു. ഞാൻ സമ്മതിക്കുന്നു. അതിൽ നിന്നുമുണ്ടായത് എന്റെ കണക്ക് (ഒരു വർഷത്തേതു തന്നെയാണ്) ആണ് നിങ്ങൾ എടുക്കുന്നതെങ്കിൽ ഒന്നിൽച്ചിലാനം മെഗാവാട്ട് വരും. സി. ആന്റ് എ.ജി. മൂന്നുനാല് കൊല്ലത്തേത് എടുത്താണ് പറഞ്ഞത്, അതുശരിയാണ്. എന്നാലും ഞാൻ പറയുന്നു എന്റെ കണക്കുതന്നെ വച്ചോളൂ ഞാൻ അതിനെ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, ശബരിഗിരിയിൽ 96 കോടി രൂപ ചെലവഴിച്ച് 300 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു. അത് ചെയ്തതും ശ്രീ. കടവൂർ ശിവദാസൻ തന്നെയാണ്. ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ ഗ്ലോബൽ ടെണ്ടർ വിളിച്ചു. അതാണ് 96 കോടിരൂപ. ആ 96 കോടി രൂപയ്ക്കാണ് 300 മെഗാവാട്ടിന്റെ റിനൊവേഷൻ നടത്തിയത്. ആ 300 മെഗാവാട്ടിന്റെ റിനൊവേഷൻ നടത്തുമ്പോൾ നമുക്ക് അധികം കിട്ടിയത് 35 മെഗാവാട്ടാണ്. അദ്ദേഹത്തിന്റെ കാൽതൊട്ട് പൂജിക്കണം. അതാണ് ഞാൻ പറയുന്നത്. 96 കോടി രൂപയ്ക്ക് 300 മെഗാവാട്ട് റിനൊവേഷൻ നടത്തിയെന്നതുമാത്രമല്ല, അദ്ദേഹം ചെയ്തകാര്യം 300 മെഗാവാട്ട് ഗ്ലോബൽ ടെണ്ടർ വിളിച്ചിട്ട് റിനൊവേഷൻ നടത്തി. ആ റിനൊവേഷനിൽ 96 കോടി രൂപയേ ആകെ വന്നുള്ളൂ. ഈ കണക്കുകളല്ല കുറ്റ്യാടിയിലുള്ളത്, അതിനുവേണ്ടിയാണ് ഞാൻ പറയുന്നത്. കുറ്റ്യാടിയുടെ കണക്കെടുത്തുനോക്കിയാൽ, 35 മെഗാവാട്ട്; ഒരു മെഗാവാട്ടിന് ഏറ്റവും ചുരുങ്ങിയത് രണ്ടുകോടി രൂപ കൂട്ടിയാൽ ഇതിന് 70 കോടി രൂപ അതുകൊണ്ടുതന്നെ ലാഭം. 300 മെഗാവാട്ട് റിനൊവേഷനാണ്. ഇവിടെ നേര്യമംഗലം പറഞ്ഞല്ലോ, ആ നേര്യമംഗലത്തിന്റെ 15 X 3 = 45 മെഗാവാട്ട്. അത് അദ്ദേഹം തന്നെയാണ് ചെയ്തത്. അതുകൊണ്ട് കിട്ടിയത് 3 X 3 = 9 മെഗാവാട്ട് അധികം.

LIBRARY ARCHIVES Kerala Legislative Assembly

അത് ചെയ്തത് അദ്ദേഹമാണ്. ഇവിടെ കുറ്റ്യാടിയെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ കുറ്റ്യാടിയുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് ഒരു താരതമ്യത്തിന് പറയുകയാണ്. കുറ്റ്യാടിയുടെ കാര്യം പറഞ്ഞാൽ ഇവിടെ സി. ആന്റ് എ.ജി. പറഞ്ഞിട്ടുണ്ട്, ഞാനത് നിഷേധിക്കുന്നില്ല, വളരെ ക്ലിയറാണ്. Failure to avail the grant, deprive the Board the benefit of reduction in financing cost by 39 crores. അതാണ് മലയാളത്തിൽ ശ്രീ. എം. വി. ജയരാജൻ വായിച്ചത്. The grant amount would have upset the aggregate interest charge (Rs. 34.45 crores) on the loan under repayment from April 2000 to March 2008. ശരിയാണ്. ഇത് 15 മില്യൺ ഡോളർ നമുക്ക് നൽകാമെന്ന് പറഞ്ഞിരുന്നു. അതിന് എം.ഒ.യു. ഇല്ല. ശരിയാണ്. ആകെ എടുത്ത ലോൺ എന്നുപറയുന്നത് 28.5 മില്യൺ ഡോളറാണ്. 28.5 മില്യൺ ഡോളർ നമ്മൾ 'സിഡ'യിൽ നിന്നും എസ്.എൻ.സി. ലാവ്‌ലിൻ മുഖേന ലോൺ എടുക്കുമ്പോൾ 15 മില്യൺ ഗ്രാന്റ് (സി. ആന്റ് എ.ജി. പറഞ്ഞത്) കിട്ടിയില്ല. അങ്ങനെ സി. ആന്റ് എ.ജി. പറഞ്ഞതിൽ ഒരു തെറ്റുമില്ല. സി. ആന്റ് എ.ജി. അങ്ങനെ പറയാനുള്ള കാരണം റിപ്ലൈയിൽ ഇതെല്ലാം കൊടുത്തിരുന്നു. അത് കൊടുത്ത കൂട്ടത്തിൽ ഇതിന്റെ യഥാർത്ഥത്തിലുള്ള കണക്ക് ബോർഡിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഈ കാര്യം പിന്നീട് അറിയിക്കാമെന്ന് സി. ആന്റ് എ.ജി.-ക്ക് എഴുതി. ബാക്കിയെല്ലാം റിപ്ലൈ ചെയ്തു. Rehabilitation project-ന്റെ കാര്യത്തിലും exposure clause എതിർത്തിട്ടുണ്ട്. അതുപോലെ ഇന്ററസ്റ്റ് ഉൾപ്പെടെ ബാക്കിയുള്ള കാര്യങ്ങളെല്ലാം പറഞ്ഞു. അതുതന്നെ സി. ആന്റ് എ.ജി. കുറ്റ്യാടിയുടെ ഡ്രാഫ്റ്റിലും പറഞ്ഞു. കുറ്റ്യാടിയുടെ ഡ്രാഫ്റ്റിൽ പറഞ്ഞ അതേ കാര്യം തന്നെയാണ് ബോർഡ് ഇതിനും കൊടുത്തത്. മറിച്ച് ഇതിന് കൊടുക്കാൻ പറ്റില്ല. രണ്ടും ഒരുപോലെയാണ്. നിങ്ങളെപ്പോലെ രാഷ്ട്രീയ വിരോധം വച്ചുകൊണ്ട് ഞങ്ങളാരും ചെയ്യുകയില്ല. അതുകഴിഞ്ഞു. അതുകൊണ്ട് അതും സി. ആന്റ് എ.ജി. തള്ളി; ഇതും സി. ആന്റ് എ.ജി. തള്ളി. ഞങ്ങൾ സി. ആന്റ് എ.ജി. പറഞ്ഞത് രണ്ടും എടുക്കുന്നു. നിങ്ങൾ കുറ്റ്യാടിയെക്കുറിച്ച് സി. ആന്റ് എ.ജി. പറഞ്ഞത് എടുക്കുന്നു. ഞങ്ങൾ കൊടുത്ത റിപ്ലൈ നിങ്ങൾ എടുക്കുന്നില്ല. പള്ളിവാസലിനെക്കുറിച്ച് സി. ആന്റ് എ.ജി. പറഞ്ഞത് നിങ്ങൾ തള്ളുന്നു, ബോർഡ് കൊടുത്ത റിപ്ലൈ എടുക്കുന്നു. ഇതാണ് വ്യത്യാസം. ഞങ്ങൾ രണ്ടും സി. ആന്റ് എ.ജി.-യുടേതാണ് എടുക്കുന്നത്. ഇതിനകത്ത് 15 മില്യൺ ഡോളർ ഗ്രാന്റ് തരാമെന്ന് പറഞ്ഞിരുന്നു. അതിന് എം.ഒ.യു വയ്ക്കേണ്ട കാര്യമില്ല. കാരണം ആ 15 മില്യൺ ഡോളർ കിട്ടി. ഇത് കിട്ടിയെന്നുള്ളതിന്റെ തെളിവാണ്. അന്ന് ഇതിന്റെ കണക്കില്ലായിരുന്നു. കൊച്ചിയിൽ ഒരു ഇംപോർട്ട് എക്സ്പോർട്ട് ലെയ്സൺ ഓഫീസറുണ്ട്. അവസാനം ഇതുവന്നപ്പോൾ, ഇതുവന്ന ഉടനെതന്നെ ഇത് എത്ര കിട്ടിയെന്നുള്ളതിന്റെ കണക്ക് മുഴുവൻ തരണമെന്നുപറഞ്ഞുകൊണ്ട് മലബാറിൽ എല്ലാ ഡിവലിഷനിലേയ്ക്കും കത്തയച്ചു. ഇതൊക്കെ 1997-ലും 1998-ലും 1999-ലുമൊക്കെയാണ് കിട്ടിയത്. അവിടെ അതുമുഴുവൻ ശേഖരിച്ചുവന്നില്ല. അതുവരാൻവേണ്ടിയാണ് ഈ കാര്യം പിന്നീട് അറിയിക്കാമെന്ന് ബോർഡിൽനിന്നും ഗവൺമെന്റിൽനിന്നും എ.ജി.ക്ക് എഴുതിയത്. സാധാരണ ഗതിയിൽ, ഇന്നലെ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ശ്രീ. എ. സി. ഷൺമുഖദാസ് ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ ഹാൻഡ്ബുക്ക് അനുസരിച്ച് സി. ആന്റ് എ.ജി.-യുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ, within six weeks നമ്മൾ മറുപടി കൊടുക്കണം. ആറാഴ്ചകൊണ്ട് ഈ പോയിന്റിനുമാത്രം മറുപടി കൊടുക്കാൻ കഴിഞ്ഞില്ല. അതിനുള്ള ഡീറ്റെയിൽസ് മുഴുവൻ കിട്ടിയില്ല എന്നതുകൊണ്ടാണ് സി. ആന്റ് എ.ജി.-ക്ക് അതെഴുതിയത്. ഇപ്പോൾ ഇവിടെ കിട്ടിയിട്ടുള്ള കണക്കനുസരിച്ച് യഥാർത്ഥത്തിൽ 15.34 മില്യൺ ഡോളർ നമുക്ക് കിട്ടിയിരുന്നു. അതിന്റെ എക്യുപ്മെന്റ്സ് എത്തിയിരുന്നു. കൊച്ചിയിലെ കസ്റ്റംസിൽ അതിന്റെ കണക്കുണ്ട്. അവിടെയാണ് നമ്മൾ അത് ഡെലിവറി ചെയ്തത്. അവിടെ അതിന്റെ കണക്ക് വന്നിരിക്കുന്നു. അത് 15.34 ആണ്. ഇതിൽ 11.89 എക്യുപ്മെന്റ് സാണ്. അതിനുപുറമെ ബാക്കിയുള്ള സർവ്വീസസ് എല്ലാംകൂടി മൂന്നിൽ ചില്വാനം വരും. എല്ലാംകൂടി കൂട്ടുമ്പോൾ 15.34 മില്യൻ ഡോളർ ബോർഡിന് കിട്ടിയിരിക്കുന്നു.

എസ്.എൻ.സി. ലാവ്ലിൻ ഞങ്ങൾക്ക് ഒരു കത്തയച്ചു.ഡോ. തോമസ് ഐസക് ഇവിടെ പറഞ്ഞു. There was no specific MOU signed for the grant കത്ത് അങ്ങ് വായിച്ചത് വളരെ ശരിയാണ്. ഏതായാലും ആ കത്ത് വന്നത് 2005 മാർച്ച് 15-നാണ്. ഇതിൽ ഒരു കാര്യം വ്യക്തമായല്ലോ? എം.ഒ.യു വയ്ക്കാതെ തന്നെ ഞങ്ങൾ പറഞ്ഞ ഗ്രാന്റ് വാങ്ങാൻ ശ്രീ. ജി. കാർത്തികേയന് സാധിച്ചു. അതുകൊണ്ട് അദ്ദേഹത്തെ പൂമാല അണിയിക്കണം. സി. ആന്റ് എ.ജി.-യുടെ റിപ്പോർട്ടിൽ പറഞ്ഞത് 34.38 കോടി രൂപയ്ക്ക് ഈ പറയുന്ന എട്ട് കൊല്ലക്കാലം ഇന്ററസ്റ്റ് കൊടുക്കണം. 15.34 മില്യൻ ഡോളർ നമുക്കു കിട്ടിയിട്ടുണ്ട് ഇൻഡ്യൻ കറൻസിയിൽ കണക്കാക്കിയാൽ 37 കോടിരൂപ. അതായത് 34 കോടി രൂപയ്ക്ക് 2008 വരെ പലിശ കൊടുക്കണം. ശ്രീ. ജി. കാർത്തികേയന്റെ സമർത്ഥമായ കഴിവും ആത്മാർത്ഥതയുംകൊണ്ട് അദ്ദേഹത്തിന് എം.ഒ.യു. പോലുമില്ലാതെ 37 കോടി രൂപ വാങ്ങാൻ സാധിച്ചു. അതുകൊണ്ട് ഈ അവസാന ദിവസത്തെ അംസംബ്ലിയിൽ ശ്രീ. കാർത്തികേയന്റെ ഈ പ്രവർത്തനം മാതൃകയാക്കാൻ സാധിക്കും എന്നാണ് എനിക്ക് പറയാനുള്ളത്. ഇനി മറ്റൊരു കാര്യം. ഇതിനകത്ത് ഒരു മിനിറ്റ്സിനെപ്പറ്റി പറയുന്നുണ്ട്. As per projects Steering Committee meeting held in Trivandrum on March 22nd, 1999. ഗവണ്മെന്റ് ഓഫ് ഇൻഡ്യയുടെ പ്രതിനിധി, എസ്.എൻ.സി. ലാവ്ലിന്റെ പ്രതിനിധി, സി.ഐ.ഡി.എ.യുടെ പ്രതിനിധി, കെ.എസ്.ഇ.ബി.യുടെ പ്രതിനിധി ഇവരൊക്കെ ഉണ്ടായിരുന്നു. അവർ പറഞ്ഞത് ഞങ്ങൾ പണമെല്ലാം തന്നു എന്നാണ്. അത് 1999 മാർച്ച് 22-ാം തീയതിയിൽ കൂടിയ സ്റ്റീയറിംഗ് കമ്മിറ്റിയിൽ റിക്കാർഡ് ചെയ്തു. ഒരാളും ഒബ്ജക്ട് ചെയ്തില്ല. റിക്കാർഡ് ചെയ്തില്ലെങ്കിൽതന്നെ ഈ മെറ്റീരിയൽസ് മുഴുവൻ കിട്ടിയതിന്റെ രേഖയില്ലാത്തതുകൊണ്ടും അത്രയും സത്യസന്ധമായി ചെയ്തതുകൊണ്ടും എ.ജി.യെ അറിയിക്കാൻ സാധിച്ചില്ല. അത്രയേ പ്രശ്നമുള്ളൂ. അന്ന് അത് കിട്ടിയിട്ടില്ലായിരുന്നുവെങ്കിൽ ആ യോഗത്തിൽ പറയേണ്ട ബാദ്ധ്യത അന്നത്തെ ഗവണ്മെന്റിനും ബോർഡിനുമായിരുന്നു. അന്നത്തെ ബോർഡ്

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാൻ ആരായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. അത് നിങ്ങൾക്ക് പ്രയാസമുണ്ടാക്കും. അന്നത്തെ ബോർഡ് ചെയർമാൻ അത് പറയാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ അവർ അത് പരിശോധിക്കാൻകൂടി തയ്യാറായില്ല. അതുകൊണ്ടാണ് അതിന് ഇവിടെ രേഖ ഇല്ലാതെപോയത്. അതുകഴിഞ്ഞ് ഹൈകമ്മീഷണർക്ക് ഈ കാര്യങ്ങളെല്ലാം പറഞ്ഞ് ഒരു കത്തെഴുതി.. ഇതുകൊണ്ട് ബോർഡിന് യാതൊരു നഷ്ടവുമുണ്ടായിട്ടില്ലെന്നു മാത്രമല്ല, പലിശ മുഴുവൻ ഒഴിവായി എന്നതിനുപുറമേ പ്രിൻസിപ്പൽ എമൗണ്ടിലേയ്ക്കുകൂടി കുറച്ച് സംഖ്യ വാങ്ങാനും ശ്രീ. ജി.കാർത്തികേയന് കഴിഞ്ഞു. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ അതിനു കഴിഞ്ഞ ഒരു മന്ത്രി ശ്രീ. ജി. കാർത്തികേയനാണെന്ന് പറയാൻ എനിക്ക് മടിയില്ല. ബഹുമാനപ്പെട്ട കോടിയേരിയും ഡോ. തോമസ് ഐസക്കും വെൽഡിംഗ് സ്കൂളിന്റെ കാര്യം പറഞ്ഞു. ആ വെൽഡിംഗ് സ്കൂൾ 1999-ൽ വേണ്ടെന്നു വച്ചത് അന്നത്തെ ചെയർമാനായിരുന്നു. എന്നിട്ട് അവർ പറയുന്ന വേറൊരു കേസുണ്ട്. May we had that addition to the above grant അതായത് 15.34 മില്യൻ ഡോളറിനു പുറമേ CIDA പറയുകയാണ്. From the above grant CIDA provided 7.3 million of services through SNC Lavalin to support energy infrastructure service projects from 1997- 2000. The purpose of these projects was to assist KSEB, improve their planning capability in system planning, project preparation, institutional strengthening, investment promotion and human resource development. 7.3 മില്യൻ ഡോളർ മാറ്റിയത് നിങ്ങളാണ്. അങ്ങനെയാണ് വെൽഡിംഗ് സ്കൂൾ പോയത്. ഈ നിയമസഭയിലെ അവസാനത്തെ പ്രസംഗമാണ്. അതുകൊണ്ട് ഒരു controversy - ക്കോ ബഹളം വയ്ക്കാനോ ഞാൻ ഇല്ല. 15.34 മില്യൻ ഡോളറിന് പുറമെ 7.3 മില്യൻ ഡോളർകൂടി വാങ്ങാൻ സാധിച്ചു എന്നതാണ് ശ്രീ. ജി. കാർത്തികേയന്റെ നേട്ടം. അത് വെൽഡിംഗ് സ്കൂളിന് പകരം നിങ്ങൾ മറ്റാവശ്യങ്ങൽക്ക് ചെലവഴിച്ചു 7.3 മില്യൻ ഡോളർ കൂടി കൂട്ടിയാൽ 22.64 മില്യൻ ഡോളർ വരും. അതിന് അദ്ദേഹത്തെ അഭിനന്ദിക്കാതെ ഈ അവസാന നിമിഷത്തിൽ ക്രൂശിക്കുന്നത് ശരിയല്ല എന്നാണ് എന്റെ പക്ഷം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രസംഗം ഈ സഭയിൽ നമ്മൾ ധാരാളം കേട്ടിട്ടുണ്ട്. ഇപ്പോൾ വാദിച്ചുവാദിച്ച് വരുമ്പോൾ ശ്രീ. ജി. കാർത്തികേയന് എന്തോ കുഴപ്പം പറ്റി എന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ആ കുഴപ്പമാണല്ലോ നിങ്ങളെ ഇവിടെ എത്തിച്ചത്. വസ്തുതകൾ മനസ്സിലാക്കാനും സാഹചര്യങ്ങൾ വിലയിരുത്താനും കഴിയാത്ത ഒരു പാർട്ടിയാണ് നിങ്ങളുടേത് എന്ന് തെളിയിക്കാൻ ഇതിനേക്കാൾ കൂടുതൽ വല്ലതും വേണമോ? ഏതായാലും ഈ നിയമസഭയിലെ അവസാനത്തെ പ്രസംഗമാണ്. അതുകൊണ്ട് ഇത് കേട്ട് യാതൊരു പ്രശ്നവും ഉണ്ടാക്കാതിരുന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly